# ആത്മമാരി

(Malayalam)
**ATHMAMARI**
(Christian devotional songs of worship)
by
**Rt Rev. Dr. PANATHAPURAM MATHEW SAM**
First Edition : January 2013
Copies : 1000
Type Setting : Adarsh, Thiruvananthapuram
Cover: Kalesh
Printing : Grace Printers, Muttada, TVM
Copy Right : Rt Rev Dr.Panathapuram Mathew Sam
Panathapuram view, Thiruvananthapuram 695525
e-mail: bsspptpm@gmail.com
0471 - 2262790, 9447554273
Publishers:
**Bharatha sajjana samithi publishers**
Panathapuram, Thiruvananthapuram 695525
Kerala, India.

All rights reserved. No part of this publication may be reproduced, stored in a retrieval system or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise, without the prior permission of the publisher.

**Rs. 70.00**

# ആത്മമാരി

(Christian devotional songs of worship)

റൈറ്റ് റവ. ഡോ. പനതപുരം മേത്യൂസാം

**ഭാരത സജ്ജന സമിതി പബ്ലിഷേഴ്സ്**
പനതപുരം, തിരുവനന്തപുരം 695 525
ഫോൺ – 0471 – 2262790, 9447554273
e-mail: bsspptpm@gmail.com
**വില 70.00 രൂപ**

## ഗ്രന്ഥകർത്താവിന്റെ കൃതികൾ

1. അനശ്വരസ്മാരകം (കവിതാസമാഹാരം)
2. വഴിവിളക്ക് (മികച്ച നവ സാക്ഷര സാഹിത്യം)
3. ജീവജലം (ക്രിസ്ത്രീയ കവിതകൾ) (Hundred songs)
4. സമാധാനം ഉണ്ടാക്കുന്നതാര്? (ലേഖനങ്ങൾ)
5. ഹൃദയത്തളിക (കൗമാര കവിതകൾ)
6. ഹൃദയശൂന്യരായ ക്രൈസ്തവർ (ഓർമ്മക്കുറിപ്പുകൾ)
7. തിരുഹിതം (ക്രിസ്ത്രീയ കവിതകൾ) (Five Hundred and Twenty Songs)
8. വിശുദ്ധയുദ്ധം (നോവൽ)
9. നക്ഷത്രപ്പൂക്കളുടെ നാട്ടിൽ വെളുത്ത പിശാച്(കഥാസമാഹാരം)
10. സ്യൂഡോ പെസ്റ്റ് (ലേഖനങ്ങൾ)
11. ആത്മാവിൽ ഒരു വിവാഹം (നോവൽ)
12. കരുണാമൃതം (കവിതാസമാഹാരം)
13. ആത്മമാരി (ക്രിസ്ത്രീയ കവിതകൾ)

## അവതാരിക

ക്രൈസ്തവ സാഹിത്യ നഭസ്സിൽ തനിമയുടെ കലാസൃഷ്ടികൾ സമ്മാനിച്ച ഡോ. പനതപുരം മേത്യൂ സാമിന്റെ "ആത്മമാരി" എന്ന ഗാനസമാഹാരം പ്രസിദ്ധീകരിക്കുന്നതിൽ എന്റെ സന്തോഷം രേഖപ്പെടുത്തട്ടെ. ബഹുവിധമായ അനുഭവങ്ങളുടെ സമ്പന്നത ഈ ഗ്രന്ഥത്തിന്റെ ശ്രേഷ്ഠത വർദ്ധിപ്പിക്കുന്നു. സ്വാനുഭവങ്ങളുടെ ഇഴ ചേർന്നിരിക്കുന്നത് ഓരോ ഗാനങ്ങൾക്കും ആർജ്ജവം നൽകിയിട്ടുണ്ട്.

ദൈവസ്നേഹത്തിന്റെ ആഴവും പരപ്പും പല ഗാനങ്ങളിലും പ്രകടമാക്കിയിട്ടുണ്ട്. പ്രതികൂലങ്ങളിലും പ്രതിസന്ധികളിലും തളരാതെ നിൽക്കാനുള്ള പ്രത്യാശയുടെ ഗീതങ്ങൾ ഏവരേയും ആത്മീയശക്തിയുള്ളവരാക്കാൻ പ്രാപ്തമാണ്. തിന്മയുടെയും ശത്രുതയുടെയും പാതയിൽ നിന്നും നേരിന്റെ വഴിയിലേക്കുള്ള ആഹ്വാനവും ക്രൈസ്തവമൂല്യങ്ങളിലേക്ക് മടങ്ങിപ്പോകുന്നതിനുള്ള ആലോചനകളും ചേർന്ന ആത്മീയ – ധാർമ്മിക പാഠങ്ങളും ഈ ഗീതങ്ങളിൽ നമുക്ക് ദർശിക്കാം. ദൈവത്തിൽ ആശ്രയവും ആശ്വാസവും കണ്ടെത്താനുള്ള ഉൾക്കരുത്ത് നൽകാൻ ഓരോ ഗാനങ്ങൾക്കും സാധിക്കും എന്നത് നിസ്തർക്കമാണ്.

വേദവാക്യങ്ങളുടെ സാരം അടിസ്ഥാനപ്പെടുത്തി ക്രമീകരിച്ചിരിക്കുന്ന ധ്യാനഗീതങ്ങളെന്ന് രേഖപ്പെടുത്തുന്നത് അതിശയോക്തിയല്ല. ലളിതമായ രചനാശൈലി ഏവരുടെയും ഹൃദയങ്ങളിൽ ഈ ഗാനങ്ങൾ പതിയുന്നതിനും ഗ്രഹിക്കുന്നതിനും സാധ്യമാകുന്നു. ഓരോ ഗീതങ്ങളും ഒരു തികഞ്ഞ ഭക്തന്റെ മനസ്സിനെയാണ് പ്രകടമാക്കുന്നത്. ഹൃദയശുദ്ധിക്കും സമർപ്പണത്തിനും അനേകരെ ആഹ്വാനം ചെയ്യുന്നതരത്തിലുള്ള പ്രാർത്ഥനകളാണ് പല ഗീതങ്ങളും.

പക്വമായ അനുഭവജ്ഞാനവും ദൃഢമായ വിശ്വാസജീവിതവും കൈമുതലായ ഒരാൾക്ക് മാത്രമേ ഇത്രയും ഗാനങ്ങൾ ആവർത്തനവിലോപം കൂടാതെ രചിക്കാൻ കഴിയുകയുള്ളൂ. തന്റെ ആത്മീയ സമ്പാദ്യം പങ്കുവയ്ക്കുന്ന ഉത്തമനായ ഒരു ക്രൈസ്തവ സഹോദരന്റെ ക്രിയയാണീ ഗാനഗ്രന്ഥം. ഡോ. പനതപുരം മേത്യൂ സാമിന് എന്റെ അകൈതവമായ പ്രശംസ രേഖപ്പെടുത്തുന്നു. ആത്മീയദാഹാർത്തർക്കും ജീവിതോഷ്ണത്താൽ വേദനിക്കുന്നവർക്കും ഈ ആത്മമാരി ആശ്വാസവും കുളിർമയും നൽകട്ടെ എന്ന് പ്രാർത്ഥനാപൂർവ്വം ആശംസിക്കുന്നു.

എന്ന്

ആശംസകളോടെ

ബിഷപ്പ്സ് ഹൗസ്
13-01-2013

കർത്തൃശുശ്രൂഷയിൽ

**റൈറ്റ്. റവ. എ. ധർമ്മരാജ് റസാലം**

## ആമുഖം

ആത്മസംതൃപ്തിക്കുവേണ്ടി രചനകൾ നടത്തുക സാഹിത്യകാരന്മാരുടെ നേരമ്പോക്കാണ്. എന്നാൽ മനുഷ്യമനസ്സുകളെ മഥിക്കുന്ന നീറുന്ന പരമാർത്ഥങ്ങളെ ആത്മസംയമനത്തോടെ അതിജീവിക്കാൻ പരിശ്രമിക്കുന്നതിനിടെ ഓടിയെത്തുന്ന ആത്മീയചിന്തകളാണ് ഭക്തിഗാനങ്ങളിൽ ദർശിക്കാൻ കഴിയുന്നത്.

ജനഹൃദയങ്ങൾക്ക് ആശ്വാസം പകരാൻ കഴിയുന്ന ഏതെങ്കിലും ധാർമ്മികമായ മാർഗ്ഗം കണ്ടെത്താനുള്ള ഒടുങ്ങാത്ത ത്വരയുടെ ബാക്കിപത്രമാണ് 'ആത്മമാരി'യിലെ ഗാനങ്ങൾ എന്നു രേഖപ്പെടുത്താൻ അതീവസന്തോഷമുണ്ട്.

പാർശ്വവൽക്കരിക്കപ്പെടുന്ന വ്യക്തിജീവിതങ്ങളുടെ ഹൃദയത്തുടിപ്പുകൾ അനുഭവിച്ചറിയാൻ വിധിക്കപ്പെട്ടതുകൊണ്ടാവാം, അപരനു നന്മ നേരാനുള്ള സുമനസ്സായി രൂപാന്തരപ്പെടാൻ ജഗദീശൻ തുണച്ചത്. ദൈവത്തിന്റെ ആത്മാവുള്ളവൻ അന്യദൃഷ്ടിയിൽ പരിഹാസ്യനാവുന്നതിന്റെ പൊരുൾ തേടിനടന്ന ജീവിതാനുഭവത്തിൽ നിന്നുരുത്തിരിഞ്ഞ ഈ ഗാനതല്ലജങ്ങളുടെ സുഗന്ധം, ഒരിക്കലും വറ്റാത്ത നീരുറവയിൽ നിന്നും ജലം ബഹിർഗമിക്കുമ്പോലെയാവും പുറപ്പെടുക.

സോളമൻ രാജാവിന്റെ ആയിരത്തഞ്ചുഗീതങ്ങളുടെ മഹത്വം ലോകം ഒരിക്കലും വിസ്മരിക്കാതിരിക്കുന്നതുപോലെയാകണം ഈ ഗാനസമാഹാരത്തിലെ ഗാനങ്ങളും; എന്ന സ്വർഗ്ഗീയവാഞ്ഛയാണ് 'ആത്മമാരി' പുസ്തകരൂപത്തിലാക്കാൻ പ്രേരണയേകിയത്. അതിനാലാവാം ആയിരത്തിലേറെ ഗാനങ്ങൾ രചിക്കാൻ ദൈവം കൃപയേകിയത്.

വാർദ്ധക്യം ശോഭയുള്ള കിരീടമായി മാറാൻ ദൈവം ആഗ്രഹിക്കുമ്പോൾ, അസൂയാലുക്കളായ മർത്യജന്മം, ഡൈ ചെയ്തു തലനാരിഴകൾ കറുപ്പിക്കാൻ പ്രേരണയേകുന്നില്ലേ എന്നു സ്വയം ചിന്തിച്ചുപോകുന്നു.

ഒരിക്കൽ കൂടെ യൗവ്വനം കഴുകനെപ്പോലെ പുതുക്കപ്പെടുമ്പോൾ ദൈവഹിതമായാൽ, ആയിരത്തഞ്ചിലേറെ ഗാനങ്ങൾ പുസ്തകരൂപത്തിൽ പ്രകാശിതമാകുമെന്നാശിക്കുന്നു.

ഹൃദയം തൊട്ടറിഞ്ഞ് അവതാരിക എഴുതിയ അഭിവന്ദ്യ തിരുമനസ്സിനും ഡി. ടി. പി ജോലികൾ ഭംഗിയായി കൃത്യസമയത്തു പൂർത്തിയാക്കിത്തന്ന ശ്രീ. സുന്ദർരാജിനും, മനുഷ്യനന്മയ്ക്കായി ചിന്തിക്കുന്ന എല്ലാ സഹൃദയർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ആത്മമാരി പൊതുജനസമക്ഷം സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം

പനതപുരം
14-01-2013

**ഗ്രന്ഥകർത്താവ്**

## വിഷയസൂചിക


| | | |
|---|---|---|
| 1. | സ്തുതിസ്തോത്രം | 1-7 |
| 2. | നന്ദി | 8-13 |
| 3. | പ്രാർത്ഥന | 14-32 |
| 4. | വിശ്വാസം | 33-58 |
| 5. | ധൈര്യം | 59-76 |
| 6. | പാപം | 77-79 |
| 7. | സ്നേഹം | 80-100 |
| 8. | വാഗ്ദാനം | 101 |
| 9. | ആഹ്വാനം | 102-120 |
| 10. | സമർപ്പണം | 121-133 |
| 11. | ക്രിസ്തുമസ് | 134-146 |
| 12. | ഹോശാന | 147-149 |
| 13. | ക്രൂശീകരണം | 150-152 |
| 14. | രക്ഷ | 153-155 |
| 15. | പ്രത്യാശ | 156-185 |
| 16. | വിശുദ്ധി | 186-193 |
| 17. | അഭിഷേകം | 194-202 |
| 18. | സത്യം | 203 |
| 19. | പരിഭവം | 204-219 |
| 20. | നിത്യത | 220-225 |
| 21. | കൃപ | 226-239 |
| 22. | ഉണർവ്വ് | 240 |
| 23. | വചനം | 241-248 |
| 24. | വിവാഹം | 249-250 |
| 25. | ആരാധന | 251-254 |
| 26. | വിനയം | 255 |
| 27. | കുടുംബം | 256 |
| 28. | ആശ്വാസം | 257 |
| 29. | ആത്മമാരി | 258-260 |
| 30. | വീണ്ടെടുപ്പ് | 261-262 |
| 31. | പരിശുദ്ധാത്മാവ് | 263-269 |
| 32. | അവിവേകം | 270 |
| 33. | സമാധാനം | 271 |
| 34. | നന്മ | 272-275 |
| 35. | ശാഠ്യം | 276 |
| 36. | ആകുലത | 277 |
| 37. | മദ്യം | 278 |

**അ**

അപ്പാ, എന്നെ 211
അനന്തമാം 193
അത്ഭുതതാരകം 145
അത്ഭുതമല്ലയോ? 137
അനുതാപമോടിതാ 40
അനുഗമിക്കും 61
അനുഗ്രഹമാരി 46
അനുഗ്രഹങ്ങൾക്കൊരു 86
അത്യുന്നതൻ 65
അത്യുന്നതങ്ങളിൽ 168
അഭിഷേകം 195
അവിവേകം 270
അർഹിക്കാതുള്ളൊരീ 199
അന്തരാത്മാവിന്റെ 208
അറിവിന്നുടയവനേ, 262
അപ്പോസ്തലന്മാർക്കു 15

**ആ**

ആടുകൾ കരയുമ്പോൾ 188
ആശകളൊക്കേയു 159
ആശംസവർഷിപ്പൂ 249
ആഴത്തിൽ നിന്നിതാ 22
ആഴത്തിലേറ്റതാം 177
ആത്മാവേ വന്നുള്ളിൽ 17
ആത്മാവിൽ നിറയും 19
ആത്മാവിനേറെ വില 73
ആത്മനാഥാ എന്നെ 30
ആത്മമാരി വർഷിക്ക 2
ആത്മമാരി ആഴ്ന്നിറങ്ങട്ടേ, 197
ആത്മമാരി നൽകി 259
ആരാധന പ്രിയനേ, 6

**ഇ**

ഇരുകുടുംബങ്ങളിൽ 250
ഇസബേലിൻ അപ്പന്റെ 111
ഇവിടെയും പ്രാർത്ഥന 264
ഇത്രമേൽ സ്നേഹം 84
ഈശാനമൂലൻ വീശി 68
ഈ ജീവിതം എത്ര ഭയങ്കരമേ! 277

**ഉ**

ഉണർവ്വിൻ കാറ്റേ വീശണമേ 240
ഉള്ളം നിറയുന്ന നന്ദി നാഥാ, 11
ഉദരത്തിലുരുവാകും 115

**എ**

എത്രയോ സ്നേഹവാനെന്റെ 8
എനിക്കായ് സ്വന്തനിണം 12
എന്നിലെ കുറവുകൾ 196
എന്നെ മുറ്റം സമർപ്പിക്കുന്നേശുവേ, 125
എത്ര ആനന്ദമേ എത്ര 108
എല്ലാം എല്ലാം പ്രതികൂലം 39
എന്നെ അനുദിനം നടത്തിടും 202
എന്നെയോർത്തെന്തുമാത്രം 90
എന്നെയോർത്തെതെത്രയോ 5
എന്നെ നേടാൻ ജീവൻ 131
എന്നാത്മാവേ നീ 184
എന്റെ ഭവനം നീ തന്ന ദാനം, 133
എന്നിലൂടെ ദൈവമേ മറ്റുള്ളവർ 44
എന്റെ ഭവനത്തിൽ 219
ഏകജാതനെ 88

**ഒ**

ഒട്ടും നിനയാത്ത നേരത്തു ശത്രു 45
ഒന്നുമില്ലായ്മയിൽ 49
ഒന്നിനും കൊള്ളാത്തൊരെന്നെയും 85
ഒന്നിനെച്ചൊല്ലിയും വിചാരപ്പെടല്ലേ, 93
ഒരു മനമോടെ ഞങ്ങൾ, 126
ഒരു വാക്കു മിണ്ടുവാനാരോരു 153
ഒരു മനസ്സാവുക സോദരരേ, 35
ഒരുമയായ് ദൈവത്തെ പാടി 91
ഒരു സ്നേഹതാരമായൊരു 95
ഓടുവാൻ കാലുകൾക്കേകണേ 28

**ക**

കടുത്ത ശോധനകൾ 171
കലഹിക്കല്ലേ 205
കന്യക മറിയത്തിൻ മകനായ്, 146
കരയുവാനിനിയും കഴിയില്ല 194
കരയാനെനിക്കിനി കണ്ണുനീരില്ലല്ലോ? 213
കലങ്ങിടല്ലേ മനമേ നിന്റെ 58
കരുണാമയനേ, കാതോർത്തു 204
കരുണാമയനാം താതൻ 89
കർത്താവു ഗംഭീരനാദത്തോടും, 161
കർത്താവിൻ ഗംഭീരനാദം 203
കർത്താവേ, നിന്റെ പൈതലാണു 20
കർത്താവേ ഞാൻ വേദനിക്കുന്നേ, 227
കർത്താവേ നിന്റെ വേലയിൽ 9
കർത്താവേ ഞങ്ങൾ ശരീരം 170
കർത്താവേ നീ തന്ന 4
കണ്ണീരും വേദനയും 30
കണ്ണീർ തുരുത്തിയിൽ 23
കണ്ണുനീർ മാനിക്കും എന്റെ 92
കണ്ണുനീർ കാണുമ്പോൾ 169
കണ്ണീരുകാണുന്നവൻ.. 257
കണ്ണീരോടെ നീ 54
കണ്ണീരൊഴുക്കി കരയുന്ന 218
കഷ്ടകാലത്തെന്റെ പ്രാർത്ഥന 167
കണ്ടുവോ സ്വർഗ്ഗീയ രാജനെ 139
കാരണം കൂടാതെയെന്നെപ്പഴി 214
കാരുണ്യത്തിന്നുറവയാമേശുവേ, 21
കാരുണ്യമോടെന്നെ കാണേണമേ 225
കുടുംബങ്ങളേശുവിൻ 256
കുശവന്റെ കരങ്ങളിൽ 263
കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്കായ് 151
കൃപയെന്നും വർഷിക്കാൻ 158
കൃപയാൽ എന്നെ 229
ക്രിസ്തീയ സേനയിൻ 104
ക്രിസ്തുവിൻ ശരീരമാകും, 243
ക്രൂശു ചുമക്കാനൊരുക്കമാണോ? 163
ക്രൂരനായ് തീർന്നുവോ 215

**ച**

ചങ്കിലെ ചോര 48

**ഗ**

ഗാഗുൽത്താ മാമലയിൽ 152

**ജ**

ജയാളിയാം യേശു ജയം നൽകിടും, 182
ജീവദായകനേശുവേ 10
ജീവനും ദേഹിയും ആത്മാവുമേകിയ 192
ജീവിക്കാൻ 109

**ത**

തമസിൻ കോട്ടകൾ കാണുന്നില്ലേ? 110
തമസിൻ കെടുതികൾ കണ്ടുവളർ 114
തള്ളിക്കളഞ്ഞിടാത്താത്മനാഥൻ 162
താഴ്മയുള്ളോരെ പാലിക്കും ദൈവം 236

**ദ**

ദാനമേ, മഹൽ ദാനമേ, 52
ദാസ്യശുശ്രൂഷയാൽ 94
ദുഃഖങ്ങൾ തീരുവാൻ 27
ദുഃഖത്തിനറുതിയില്ലല്ലോ 210
ദുഃഖസാഗരേ യാത്ര ചെയ്കിലും 172
ദൈവം കാതോർത്തു പ്രാർത്ഥന 53
ദൈവം പ്രവർത്തിക്കും നിശ്ചയം, 62
ദൈവം തരുന്നതാം 55
ദൈവം നിന്നെ കുറവുള്ളോനായ്, 190
ദൈവം വസിക്കുന്ന 212
ദൈവമഹത്വം വെളിപ്പെടുമ്പോൾ 173
ദൈവസ്നേഹത്തിന്റെ, 83
ദൈവമേ അങ്ങേയ്ക്കൊരു 13
ദൈവമേ ഇത്രമേൽ സ്നേഹം 16
ദൈവമേ എന്നെ ശോധനചെയ്തി 60
ദൈവമേ എന്റെ സ്നേഹപിതാവേ 32
ദൈവമേ എന്റെ ഹൃദയം 130
ദൈവമേ തിരു അവതാരം 228
ദൈവമേ തിരുമുഖപ്രസാദം 43
ദൈവമേ നിന്റെ സ്നേഹം 253
ദൈവമേ നീ ചെയ്ത 166
ദൈവമഹത്വം മറ്റാർക്കുമേകാതെ 67
ദൈവത്തെ കൂടാതെ സന്തോഷം 154
ദൈവത്തിന്നാത്മാവു ജീവനെ 156
ദൈവത്തിന്നാത്മാവെന്നുള്ളത്തി 235
ദൈവത്തിൽ ആശ്രയിക്കുന്നോർ 29
ദൈവത്തിൻ ദാനമാം 37
ദൈവത്തിൻ ഭാരം നിൻ 66
ദൈവത്തിൻ പരമമാം 248
ദൈവത്തിൻ വചനം, 241
ദൈവത്തിൽ നിന്നും 127
ദൈവത്തെയോർത്തെന്നും 255
ദൈവീകരക്ഷയും 268

**ധ**

ധനുമാസ ശീതനിശീഥിനിയിൽ 134
ധൈര്യപ്പെടാൻ നൽകും 222
ധൈര്യമായിരിക്കുവിൻ, പ്രത്യാശ 70

**ന**

നങ്കൂരമില്ലാത്ത കപ്പൽ പോലെ 185
നക്ഷത്രം വഴികാട്ടിയായി, 142
നാഥാ നീ തന്ന ജീവിതം, 251
നാഥാ എൻ പ്രാർത്ഥന 209
നിത്യജീവൻ പ്രാപിക്കാൻ ദിനം 231
നിന്റെ രക്ഷയെന്ന പരിചയെ 63
നിന്നെ തകർക്കുന്ന 69
നിദ്രാവിഹീനമാം രാവുകളിൽ 101
നീതിമാന്റെ കൂടാരത്തിൽ 119
നീയെന്റെ ദൈവമാണ് നാഥാ 260
ന്യായപാലകാ നീതി സൂര്യനെ 42

**പ**

പണ്ടൊരു നാളൊരു 56
പരിശുദ്ധാത്മാവേ, ഞാൻ 121
പരിശുദ്ധാത്മാവേ, വഴി 186
പരിശുദ്ധാത്മാവാകും 266
പാരസ്പര്യത്തിന്റെ ചങ്ങല 81
പാപാന്ധകാരത്തിൽ ആഴ്ന്നു 269
പിന്മാറ്റക്കാരേ,മടങ്ങിവന്നീടുവിൻ! 103
പ്രകാശം പരത്തുവാനാശ 238
പ്രതികൂല മാരുതൻ 59
പ്രത്യാശയേറുന്നേ സർവ്വേശ്വരാ, 181
പ്രത്യാശയോടിതാ അരികേ 265
പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന 164
പ്രാർത്ഥനയ്ക്കേകുന്നു 34
പ്രാർത്ഥനയ്ക്കു ശക്തിയു 24
പ്രാർത്ഥനകേൾക്കുന്നു പ്രിയൻ, 57
പ്രാർത്ഥിക്കാം നിരന്തരം 7
പ്രിയപിതാവേ അങ്ങയെ 237

**ബ**

ബലഹീനനായിതാ കാലുകൾ 232

**ഭ**

ഭക്തന്റെ ശക്തി 221

ഭാരതമേശുവെ 72
മ
മനം തകർന്നീടുമ്പോൾ 201
മനസ്സിനശുദ്ധി പിണഞ്ഞെന്നാലും 187
മനുഷ്യനു നന്നായിട്ടല്ലയോ 75
മരണത്തിൽ നിന്നെന്നെ 233
മൽപ്രിയൻ കാണിച്ചുതന്നതാം 118
മരുഭൂവാസം പോലേകാന്തമായുള്ള- 245
മത്സരം ആഭിചാരദോഷം 276
മാനവരക്ഷയ്ക്കായ് 112
മാനവജാതിയിൽ പാപം 107
മാനുഷസ്നേഹം 96
മിഴിനീർതുടയ്ക്കാൻ താതാ 25
മോശെയെ ഫറവോനു 198
യ
യേശു എന്റെ ജീവിതം 132
യേശുവേ അങ്ങയോടെന്തിഷ്ട 180
യേശുവേ നിന്നെ 160
യേശുവിൻ സ്നേഹത്താൽ 226
യേശുവിൻ നാമത്തിൽ 120
യേശുവിൻ കല്പന 149
യിസ്രായേൽ രാജാവു 242
യാഗം പ്രസാദമായ് 271
യാഗത്തിലല്ലല്ലോ, 174
ര
രഹസ്യപാപങ്ങൾ 78
രക്ഷയിൽ കുഞ്ഞാടറുക്കപ്പെട്ടു 150
രാജാധിരാജനേശു 148
രൂപാന്തരം നൽകണേ; 123
രൂപാന്തരപ്പെട്ട ജീവിത 71
ല
ലജ്ജിക്കാനിടവരല്ലേ 178
ലൗകീക സുഖഭോഗങ്ങൾ 183
ലോകത്തിൻ രക്ഷകനേശുവെ 128
വ
വചനം കാതോർത്തു 165
വചനത്തിൻ ശക്തിയെ 220
വഴിയിൽവച്ചു നാം 273
വർണ്ണിക്കാനാവാത്ത മഹൽ 31
വല്ലഭനേ തവ ദാസരീ 116
വായ്കൊണ്ടധരചർവ്വണത്താൽ 117
വിജാതീയരെപ്പോലും 38
വിണ്ണിന്നധിപനീശോ 41
വിശ്വാസം പ്രത്യാശ 82
വിശ്വാസത്തോടെ നീ 51
വിശ്വാസത്തോടെന്നും 34
വിശ്വസ്തദാസനേ എന്നുള്ള 272
വിശുദ്ധവസ്ത്രത്താലഭിഷി 79
വിശുദ്ധിയിൽ മഹിമയുള്ളോനേ, 189
വിശുദ്ധിയിൻ അലങ്കാരമായി 246
വാഗ്ദത്തത്തിൽ 76
ശ
ശക്തീകരിക്കാത്മ 258
ശരറാന്തൽ കെട്ടടങ്ങി, 135
ശൂന്യതയിൽ 47
സ
സകല ജാതികളും 1
സകലസൽഗുണവും നീതിയും, 106
സകലവും പ്രതികൂലം 216
സകലർക്കുമാശ്വാസമേകുന്ന 122
സജീവമാണു സനാതനമായുള്ള- 244
സത്യദൈവമേ, ഇഷ്ടപുത്രനാം 252
സമർപ്പിക്കുമോ പ്രീയ, 206
സമാധാനസന്ദേശമാഗതമായ് 138
സന്തോഷിക്കേണ്ട മൽ 102
സാത്താനോടെതിർത്തുനില്ക്കാൻ 26
സ്തുതിപാടാം കർത്താവിനെന്നു 3
സ്വർഗ്ഗത്തിൽ നിന്നും 141
സ്വർഗ്ഗീയ കൊട്ടാരത്തിൽ 230
സ്വർഗ്ഗീയദർശനം നൽകണേ 77
സൗമ്യതയുള്ളവർക്കേകുന്നു 175
സൗന്ദര്യദർശനം നന്മകാണാൻ 247
സൗഹൃദം പുലർത്തുവാനാരുമില്ല, 87
സുവിശേഷത്തോടു നാം 105
സൂര്യചന്ദ്രന്മാരെ സൃഷ്ടിച്ച 14
സൃഷ്ടികളാം നമ്മെ 74
സ്നേഹം ചുരത്തുവാൻ 97
സ്നേഹം നുകരുവാൻ 200
സ്നേഹം മാധുര്യസ്നേഹം, 98
സ്നേഹാർദ്രനാമെന്റെ 239
സ്നേഹിക്കാൻ പഠിപ്പിച്ച 80
സർവ്വവും ക്ഷമിക്കും 100
സർവ്വശക്താ അങ്ങേയ്ക്കായിരം 18
സർവ്വേശപുത്രന്റെ പാദേ 144
ഹ
ഹോശാനാ പാടിടുവിൻ 147
ഹൃദയം തുറന്നുള്ളു 155
ഹൃദയത്തെക്കാണുന്ന ദൈവമേ 50
ഹൃദയം നുറുങ്ങിയോർ 64
ഹൃദയമാം ചഷകത്തിൽ 129
ഹൃദയത്തിന്നുള്ളിൽ പൊങ്ങുന്ന 223
ഹൃദയത്തിൽ കാപട്യം 274
ഹൃദയത്തിൻ വാതിൽ 99

# റൈറ്റ് റവ. ഡോ. പനതപുരം മേത്യൂ സാം രചിച്ച ക്രിസ്തീയ സഭകൾക്കുള്ള ഗാനങ്ങൾ

## സ്തുതിഗീതങ്ങൾ

### 1

സകല ജാതികളും
യഹോവയെ സ്തുതിപ്പിൻ;
സകല വംശങ്ങളും,
അവനെ പുകഴ്ത്തുവിൻ.

1. അവന്റെ ദയ എത്ര വലിയത്?
വിശ്വസ്തത, എന്നേയ്ക്കുമുള്ളത്;
ആകയാൽ സ്തുതിക്കാം, യഹോവയെ,
സ്തുതിക്കാം യഹോവയെ.

### 2

ആത്മമാരി വർഷിക്ക സ്വർഗ്ഗീയതാതാ,
ആത്മാവിലാനന്ദം അലയടിച്ചിടാൻ,
അനുദിനം സ്തുതിഗീതം പാടിയാർത്തിടാം
ആത്മാവിലാരാധിച്ചാമോദിക്കാം.

സ്തുതിസ്തോത്രമേശുവിന്നാരാധനാ..
അത്യുന്നതൻ ഏകനാരാധന
വിശുദ്ധനും നിർമ്മല സ്നേഹത്തിൻ മൂർത്തിയാം-
ശ്രേഷ്ഠ പുരോഹിതനാരാധനാ...

1. നിർവ്യാജസ്നേഹമേ നയിച്ചാലും ഞങ്ങളെ,
സ്നേഹത്തിൻ ചങ്ങല കോർത്തീടുവാൻ;
വചനത്തിന്നാഴത്തിൽ വേരൂന്നിടാൻ
സതതം തുണയ്ക്കൂ നിന്നാത്മാവിനാൽ.

2. തിരുസേവയ്ക്കായ് നമ്മെ സമർപ്പിക്കുകിൽ
തവസ്നേഹത്താലവൻ നിറച്ചീടുമേ,
സ്വർഗ്ഗീയഗേഹത്തിൻ അവകാശിയാകാൻ
കൃപയാലെ നിത്യം വഴിനടത്തൂ.

### 3

സ്തുതിപാടാം കർത്താവിനെന്നുമെന്നും,
ആയിരമായിരം സ്തോത്രമർപ്പിക്കാം;
അധരയാഗത്തിൻ നന്മകളനുദിനം
അനവധിയായ് നാം പ്രാപിച്ചിടാം.

1. ഹല്ലേല്ലൂയ്യാ പാടാം, സ്തുതിയേകിടാം,
കാരുണ്യവാനാകും ത്രീയേകന്;
നന്ദിയുള്ളോരായ് സ്തോത്രാർപ്പണത്താൽ
വിനയത്തോടെശുവെ പിൻഗമിക്കാം.

2. വിശുദ്ധരിൽ വിശുദ്ധനാം രാജാധിരാജൻ
വിശുദ്ധിയിൽ പ്രീയപ്പെടുന്നോൻ;
അസാദ്ധ്യമെല്ലാം സാദ്ധ്യമാക്കീട്ടവൻ
ആത്മാവിൽ ചൈതന്യം പകർന്നിടുന്നു.

### 4

കർത്താവേ നീ തന്ന ദാനങ്ങൾക്കായ്,
നന്ദിയാൽ വിനയപ്പെടുന്നിതാ ഞാൻ.
എണ്ണിയാൽ തീരാത്ത വരദാനങ്ങൾ
തിരുനാമ മഹത്വത്തിനർപ്പിക്കുന്നേ.

1. ആർത്തിടും ഞാനെന്റെ ഉള്ളിൽ നിന്നും,
അർപ്പിക്കുമെന്നെന്നും സ്തുതി
സ്തോത്രങ്ങൾ;
എത്രമാത്രം സ്നേഹം പകർന്നല്ലയോ നാഥാ
മറുവിലയായ് ജീവനർപ്പിച്ചു നീ?

2. ആധിയാലേറ്റം വലഞ്ഞനേരം ഞാൻ,
വ്യാധിയാൽ രോഗിയായെന്നാകിലും;
എത്രമാത്രം സ്നേഹം എമ്മേൽ പകർന്നല്ലോ
അർപ്പിച്ചിടാമെന്ന നൈവേദ്യമായ്.

## 5

എന്നെയോർത്തെത്രയോ വേദനിച്ചേശു
സ്നേഹനാഥാ നന്ദി, സ്തുതിനിനക്ക്;
അധർമ്മിയാമെന്നെ വീണ്ടെടുക്കാനായ്
ഔദാര്യ സ്നേഹം നീ ചൊരിഞ്ഞുവല്ലോ?

1. അനുകൂലമായാരുമില്ലാതെയേകനായ്
അമിതമാം ദുഃഖത്തിൽ വിലപിക്കവേ,
സ്നേഹാർദ്രനായെന്നരികിൽ വന്നെത്തി;
ആശ്ലേഷിച്ചാശ്വാസമേകി പ്രിയൻ.

2. ചെങ്കടൽ രണ്ടായ് വിഭജിച്ച വല്ലഭാ,
ആശിച്ചതൊക്കേയും നൽകിയോൻ നീ;
ആകിലും ദൈവമേ അങ്ങയെ വിസ്മരി-
ച്ചവിവേകം കാട്ടാതെ പാലിക്കണേ.

---

## 6

ആരാധന പ്രിയനേ,
ആരാധ്യനാം ദൈവമേ;
ഹൃദയാന്തരാളത്തിലുയരുന്നു നാഥാ,
സ്തുതി സ്തോത്രമാരാധനാ.

ആരാധനാ...ആരാധനാ....
സ്തുതി സ്തോത്രമാരാധനാ.... (2)

1. പാപങ്ങൾ മായിക്കും കാരുണ്യവാനേ
ശാപങ്ങൾ അഴിയട്ടേ തൃക്കരത്താൽ;
ബലഹീനർക്കാലംബമായവനേ,
സ്തുതി സ്തോത്രമാരാധനാ... (ആരാധനാ...)

2. രോഗങ്ങൾ സുഖമാക്കും തമ്പുരാനേ,
ഭീതിയകറ്റീടും സർവ്വശക്താ,
അഗതികൾക്കഭയവും തുണയും നീയേ
സ്തുതി സ്തോത്രമാരാധനാ... (ആരാധനാ...)

3. മോചനമേകുന്നു ബന്ധിതർക്കവിടു-
ന്നന്ന വസ്ത്രാദിയും നൽകിടുന്നോൻ,
മനസ്സു തകർന്നോരെയാശ്വസിപ്പിക്കുന്നോനേ,
സ്തുതി സ്തോത്രമാരാധനാ... (ആരാധനാ....)

## 7

പ്രാർത്ഥിക്കാം നിരന്തരം സ്തോത്രമോടെ,
വിശുദ്ധിയോടെന്നെന്നും ആരാധിക്കാം;
അധരയാഗങ്ങളാം സ്തുതി മുഴക്കുമ്പോൾ
സാത്താൻ വിരണ്ടോടും, ഉത്തരമേകും.

പ്രാർത്ഥിക്കാം, അർപ്പിക്കാം, സ്തോത്രയാഗങ്ങൾ
ആത്മാവിൽ നിന്നൂറും സ്തോത്രയാഗങ്ങൾ,
ഇടതടവില്ലാതെ അർപ്പിച്ചീടാം.

1. വിശുദ്ധനാം ദൈവത്തെ വിശുദ്ധി കൂടാതെ,
പ്രസാദിപ്പിക്കുവാൻ സാദ്ധ്യമാമോ?
ആകയാലെപ്പോഴും വിശുദ്ധരായീടുവിൻ;
ആത്മവരങ്ങളാലാരാധിപ്പിൻ.

2. സ്തുതി മുഴക്കുമ്പോൾ സ്വീകരിച്ചീടുന്നു,
ദൈവപ്രസാദത്താൽ നന്മകളേറും;
ആലയത്തിന്നുള്ളിൽ വന്നിറങ്ങീടുന്ന-
തേജസാൽ ധന്യരായ് മാറിടും നാം.

---

# നന്ദി

## 8

എത്രയോ സ്നേഹവാനെന്റെ താതൻ,
ആത്മാവിനാരോഗ്യമേകുന്നവൻ;
ആത്മീകരിൽനല്ല മാതൃകയാകാൻ
കരം പിടിച്ചെന്നും നടത്തുന്നവൻ.

1. അന്യർക്കുമുപകാരിയാകുവാൻ നിത്യവും
വിശ്വസ്തമാനസം പുതുക്കുന്നവൻ,
സ്നേഹത്തിനാഴം തിരിച്ചറിഞ്ഞത്ഭുത-
സൗഹൃദം പുതുക്കുന്നു സ്നേഹനാഥൻ.

2. സഹനത്തിന്നാത്മാവു പകരുന്ന താതൻ
സാഹോദര്യത്തിൻ പൊരുൾ തിരിക്കുന്നു,
തീ തിന്നുമനുഭവമാകവേ മാറ്റാൻ,
ആശ്വാസദായകനേശുവുണ്ട്.

---



## 9

കർത്താവേ നിന്റെ വേലയിൽ
കൃപയാൽ പങ്കു തന്നു നീ;
അനുദിനം ബലമേകി എന്നെയും
വിശ്വസ്ത ദാസനായ് മാറ്റിയല്ലോ.

1. വിദ്യയും ധനവും മാനങ്ങളും,
മിതമായ് തന്നു നിൻ വയലിലെന്നെ,
വിവേകമോടെന്നും വേലചെയ്യാൻ,
പരിജ്ഞാനവും ദാനം തന്നുവല്ലോ.

2. ആയുരാരോഗ്യവും ദൈവഭയവും,
നീണാൾ ദാനമായ് പകർന്നു തന്നാൽ,
ദൈവമേ തിരു ശക്തി പ്രാപിച്ചീടും;
നിനക്കായ് എന്നെന്നും പ്രയത്നിച്ചീടും.

---

## 10

ജീവദായകനേശുവേ
ജീവനിലേയ്ക്കെന്നെ നയിച്ചവനേ,
നന്ദിയർപ്പിച്ചിടുന്നേ,
സ്നേഹത്തിൻ നിറകുടമേ.

ഹാലെലൂയ്യാ ഹാലെലൂയ്യാ,
നന്ദി നാഥാ എന്നും നന്ദി നാഥാ;
നിത്യവും നന്ദി ചൊല്ലാം
സ്നേഹത്തിൻ ദായകനേ.

1. ശിക്ഷകളേകി നീ സന്മാർഗ്ഗ പാതയിൽ
സുസ്ഥിര യാത്രയ്ക്കായ് പ്രാപ്തിയേകി,
നീതിബോധത്തിൻ ഉദയനക്ഷത്രമേ,
സതതം സ്തുതിക്കും ഞാൻ അന്ത്യത്തോളം.

2. അപകട വേളകൾ തരണം ചെയ്യാനായ്
ആത്മനാഥൻ കൂട്ടിനുണ്ടെങ്കിൽ ഞാൻ,
ജീവിക്കുമെന്നെന്നും, ധൈര്യമോടാത്മാവിൽ,
കർത്താവിൻ സാക്ഷിയായ് അന്ത്യത്തോളം.

---

## 11

ഉള്ളം നിറയുന്ന നന്ദി നാഥാ,
ആയിരമായിരം നന്ദി!
മരുഭൂവിൻ അനുഭവം മാറ്റിയോനേ,
ഹൃദയം നിറയുന്ന നന്ദി!

ആത്മനാഥാ, ദൈവപുത്രാ
ആത്മാവിൽ നിറയുന്ന നന്ദി!

1. കേവലമൊരു പിടി മണ്ണായ മർത്യനു
കൃപയാൽ അഭിഷേകം തന്നവനേ,
കാലുഷ്യമാർന്നതാം ജീവിതനൗകയിൽ
പരിപാലിക്കാനങ്ങു കൂടെയില്ലേ?

2. തേങ്ങലിന്നൊച്ചകൾ ഉയരുന്ന നേരം
സാന്ത്വനമേകുന്ന പരമോന്നതാ,
പെറ്റമ്മയെപ്പോലെ മാറോടണയ്ക്കണേ
ശാശ്വത തുറമുഖത്തെത്തുവോളം.

---

## 12

എനിക്കായ് സ്വന്ത നിണം ചൊരിഞ്ഞോൻ,
എനിക്കായ് ശരീരം തകർക്കപ്പെട്ടോൻ,
എനിക്കായ് സുഗന്ധ ബലിയായ് തീർന്നോൻ
എനിക്കെത്ര നല്ലവൻ എന്റെ പ്രിയൻ.

1. മരിച്ചവനായിരുന്നില്ലയോ ഞാൻ
മാനിതനല്ലാതെ അലഞ്ഞവനല്ലോ?
മരണപാശങ്ങൾ ചുറ്റിവരിഞ്ഞപ്പോൾ
മാറോടണച്ചങ്ങു വീണ്ടെടുത്തില്ലേ?

2. എന്തോരത്ഭുത ശാന്തി പകർന്നു നീ,
എന്നേയും നിത്യതയ്ക്കർഹനാക്കി;
എന്നുള്ളിലേറ്റതാം മുറിപ്പാടുകൾ
എൻ പ്രാണപ്രിയൻ സൗഖ്യമാക്കി.

3. യേശുവേ നന്ദി കരേറ്റിടുന്നു,
യേശുവേ സേവിക്കുമെന്നുമെന്നും;
യേശുവിൻ നാമം മഹത്വപ്പെടുത്താൻ
യേശുവേ തുണയേകി അനുഗ്രഹിക്കൂ.

---

## 13

ദൈവമേ അങ്ങേയ്ക്കൊരു കോടി നന്ദി
ഹൃദയത്തിന്നാഴത്തിൽ നിന്നുതന്നേ;
മിഴിയിണതന്നിൽ നിന്നൂറുന്നു നന്ദിയിൻ
നറുമലർ മുത്തുകളായി നിത്യം.

1. പാപത്തിൻ പാഴ്മുളം തണ്ടായിരുന്നോനെ
പാടാൻ പഠിപ്പിച്ച ദൈവപുത്രാ,
അന്ത്യശ്വാസത്തോളമങ്ങേയ്ക്കു മാത്രം
സ്തുതി ഗീതമാലപിച്ചാശ്വസിക്കും.

2. കാഠിന്യമാനസനായിരുന്നോനെ-
കാപട്യമില്ലാത്ത സ്നേഹനാഥൻ,
തരളിതമാകുന്ന ഹൃദയവുമേകി,
താലോലിച്ചാശീർവ്വദിക്കയല്ലേ?

3. വർണ്ണിക്കാനാവാത്ത സ്നേഹം പകർന്നിടാൻ
എന്തെന്തുമാർഗ്ഗങ്ങളേകീ ഭവാൻ?
നാവുകളാലതു വർണ്ണിപ്പതെങ്ങനെ?
ഹൃദയത്തിൽ നന്ദി കരേറ്റിടാം ഞാൻ.

---

# പ്രാർത്ഥന

## 14

സൂര്യചന്ദ്രന്മാരെ സൃഷ്ടിച്ച ദൈവമേ
വാനവും ഭൂമിയും നിർമ്മിച്ചോനേ,
നമിച്ചിടുന്നേഴകൾ, ഭയഭക്തിയോടെ;
കാരുണ്യം വർഷിക്കാൻ ദയതോന്നണേ.

1. ദിവ്യമാമാത്മീയ കൃപകൾ പ്രാപിക്കാൻ
ഹൃദയമൊരുക്കിടാം വചനത്തിനാൽ;
പരിശുദ്ധ രാജന്റെ ഉള്ളം കുളിർപ്പിക്കും
നന്നിലമായ് നമ്മെ ഒരുക്കീടാം നാം.

2. വിനയത്തിന്നരുവികളായി നാം ഒഴുകാം,
രക്ഷയും കൃപയും നിറഞ്ഞവരായ്,
ദുർമ്മാർഗ്ഗം വിട്ടൊഴിഞ്ഞശ്രു പൊഴിക്കുകിൽ
ആശ്വാസം പ്രാപിക്കാം, പ്രാർത്ഥിച്ചിടൂ.

---

## 15

അപ്പോസ്തലന്മാർക്കു നൽകിയ പോലുള്ള
ദിവ്യമാം ശക്തി നീ പകർന്നീടണേ,
ആത്മമണാളനായ് ഓടുവാൻ കൃപയേകൂ,
ആശ്രിതവത്സലാ പ്രാർത്ഥിക്കുന്നേ.

1. ആരണ്യവാസത്തിൻ നാളുകളാത്മീക-
ശക്തിയാൽ പാവനമാക്കിടാനായ്,
സ്നേഹപിതാവേ യാചിക്കുന്നാദരാൽ,
ആശ്ലേഷിച്ചേകണേ ആത്മശക്തി.

2. ദിവ്യമാം നാമത്തിൻ ശ്രേയസിനായെന്നും
ഗോതമ്പു നിലമതിൽ ചാകുമ്പോലെ;
ആത്മാവൊരുക്കുകിൽ പ്രാപ്തരായീടുമേ,
നിത്യത തന്നിൽ നാമൊത്തു ചേരും.

---

## 16

ദൈവമേ ഇത്രമേൽ സ്നേഹം പകർന്നിടാൻ
വിലപ്പെട്ടതെന്തു ഞാനേകി പ്രിയാ?
സാന്ത്വനമേകും നിൻ സ്നേഹപ്രവാഹത്തിൽ-
ആത്മാവു ലയിച്ചതെൻ ഭാഗ്യമല്ലോ?

1. ദൈവപുത്രാ തവ നാമമീ ഭൂമിയിൽ
മഹത്വപ്പെടുത്തുന്ന ദാസരിന്മേൽ,
നിർവൃതി ദായകാ തുണയേകിടേണമേ
ക്രോധാഗ്നിയിൽ നിന്നു വിടുവിക്കണേ.

2. ആത്മനാഥാ അങ്ങേ ആരാധിച്ചേഴകൾ
ഭക്ത്യാദരങ്ങളാൽ നമിച്ചിടുമ്പോൾ,
അന്യരാം ഞങ്ങളെ ത്യജിച്ചിടല്ലേ പ്രിയാ,
വാത്സല്യമോടെന്നും വഴിനടത്തൂ.

---



## 17

ആത്മാവേ വന്നുള്ളിൽ നിറയേണമേ,
അഭിഷേകത്താലുള്ളം നിറയ്ക്കേണമേ;
കർത്താവേ തിരുഹിതം നിറവേറ്റിടാൻ,
കാരുണ്യമേകിയിന്നനുഗ്രഹിക്കൂ.

1. തിരുജനം ഭിന്നത വെടിഞ്ഞിടാനായ്,
സ്നേഹത്തിൻ നാളമായ് ഹൃദയേ വരൂ,
കുടിലമാം തന്ത്രങ്ങൾ ത്യജിച്ചീടുവാൻ
പകരേണമേ കൃപ ദിനം തോറുമേ.

2. ഞങ്ങൾക്കായ് യാഗമായ് തകർന്നവനേ,
തിരുനിണത്താലല്ലോ വിശുദ്ധരാകുന്നു;
കഴുകേണമേ പാപക്കറകൾ മുറ്റും,
വെടിപ്പേകണേ തിരു സുതരായിടാൻ.

---

## 18

സർവ്വശക്താ അങ്ങേയ്ക്കായിരം നറുമലർ
നന്ദിയായർപ്പിപ്പൂ കാണിക്കയായ്;
സ്വീകരിക്കേണമേ നൈവേദ്യമൊക്കേയും,
പാപികൾക്കേകണേ പാപമോക്ഷം.

1. തിരുസന്നിധാനത്തിൽ മനമുരുകിക്കേഴുന്നേ,
ആത്മാവിൻ നിത്യമാം ശാന്തിക്കായി;
കനിയേണമേ, അങ്ങകതാരിലെപ്പോഴും-
വാസം ചെയ്യാനായ് കൃപ തോന്നണേ.

2. തിരുനിവാസത്താൽ സന്തുഷ്ടരായെന്നും
തിരുസേവചെയ്യാൻ വരമേകണേ,
ആത്മവരങ്ങളാൽ നിലനിന്നിടാനായ്.
തവദാസരെപ്പോഴും പ്രാർത്ഥിക്കുന്നേ.

---

## 19

ആത്മാവിൽ നിറയും വിഷാദമോടെ
ആലയത്തിൽ നീ വന്നിടുമ്പോൾ,
ആശ്വാസദായകൻ യേശുവിൻ സാന്നിദ്ധ്യം
അകമേ നിറയും, നീ ആനന്ദിക്കും.

1. യാചിപ്പിൻ, വിശ്വാസത്താലേതു കാര്യവും
പ്രാർത്ഥനയാൽ നിങ്ങൾ പ്രാപിച്ചിടും,
ആത്മാവിൻ നിശ്ചയദാർഢ്യമോടത്രേ
പ്രാർത്ഥിച്ചിടേണം ലഭ്യമാകാൻ.

2. അനുഗ്രഹദാതാവാം ദൈവത്തിൽ നിന്നും
ദാനമായ് പ്രാപിക്കും നന്മകളെ,
തടയുവാൻ വ്യഗ്രത കാട്ടുന്നതെന്തും
പാപമായ് കണക്കിടും നീതി സൂര്യൻ.

3. മറഞ്ഞിരിക്കുന്നതാം പാപത്തിലൂടെ നീ
പാപത്തിന്നടിമയായ് മാറിയെന്നോ?
പ്രാർത്ഥിക്കുമോ നിത്യം വിജയം വരിക്കാൻ,
വിശ്വാസം വെടിയാതെ ജീവിക്കുമോ?

---

## 20

കർത്താവേ, നിന്റെ പൈതലാണുഞാൻ;
ദൈവമേ, എന്നെ കാത്തുകൊള്ളണം.
വീണിടാതെ തൃക്കരം പിടിച്ചുനാഥനേ,
നിത്യതയിലെത്തുവോളം വഴിനടത്തണം.

1. ആത്മാവു ദുഃഖിക്കും വേളകളിൽ
ആശ്വാസമായെത്തും തമ്പുരാനേ,
മിഴിനീരകറ്റിയീ മാനസത്തെ,
മഴവില്ലിൻ കാന്തിപോൽ ദീപ്തമാക്കൂ.

2. പ്രത്യാശയേകും വിശുദ്ധ റൂഹായേ,
പ്രത്യുത്തരം നൽകി ആശ്വസിപ്പിക്കൂ;
പ്രാകൃതമായുള്ള ചിന്തകളെല്ലാം-
മാറ്റിടാൻ നാഥാ പ്രാർത്ഥിക്കുന്നു.

## 21

കാരുണ്യത്തിന്നുറവയാമേശുവേ,
കാരുണ്യം ചൊരിയേണമേഴകളിൽ,
കുരിശിന്റെ വഴിയേ നടന്നിടുന്നേ, ഞങ്ങൾ-
ക്രൂശിതനായ നൽ രക്ഷിതാവേ.

1. രക്ഷണ്യ സന്തോഷം ദാനമായേകാൻ
രക്ഷകനാമേശു ക്രൂശിലേറി,
രാപകലെന്യേ കർത്താവിൻ പാതേ,
പിൻ ചെന്നിടാം രക്ഷാമാർഗ്ഗം തേടി.

2. തകർന്നു നുറുങ്ങിയോർക്കാശ്രയമായോനേ,
തകരാതീ മനമാകെ ശക്തമാക്കേണം;
തകർച്ചയിലായോർക്കു തുണയേകിടാനായ്,
താഴ്മയും വിനയവും നൽക താതാ.

---

## 22

ആഴത്തിൽ നിന്നിതാ നിലവിളിക്കുന്നേ,
ആലംബമേകാൻ നീ വരില്ലേ?
ആഴക്കടലതിൽ താണു പോകാതെ,
ആനന്ദസാഗരേ നടത്തേണമേ.

1. നാഥാ കരകയറ്റീടണേ താതാ,
പാരംവിഷണ്ണരായ് കാണപ്പെടുമ്പോൾ,
പാപത്തിൽ ആഴ്ന്നിറങ്ങീടുന്ന നേരം
പാപിയിന്നന്ത്യത്തെ ഓർപ്പിക്കണേ.

2. പരിശുദ്ധമാർഗ്ഗത്തിൽ നടത്തീടണേ.
ദീനരെയും ആലംബഹീനരേയും
ദാനമായേകുന്ന രോഗസൗഖ്യം;
തിരുസുതർക്കേകിയിന്നനുഗ്രഹിക്കൂ.

---

## 23

കണ്ണീർ തുരുത്തിയിൽ ശേഖരിക്കേണം,
കാരുണ്യവാനേ മിഴിനീർ തുടയ്ക്കൂ;
കദനത്താൽ തേങ്ങുന്ന ഹൃത്തുമായ് ദാസർ
കനിവേറും ദർശനം കാത്തിരിപ്പൂ.

1. അർത്ഥവത്തായുള്ള ജീവിതം ഞങ്ങൾ
സന്തുഷ്ടരായ് നിത്യം പൂർത്തിയാക്കട്ടേ,
ഉപയോഗമുള്ളോരോ പാത്രങ്ങളാക്കണേ,
കളിമണ്ണാം ഞങ്ങടെ ജീവിതങ്ങൾ.

2. നിത്യനാശത്തിൽ നിന്നക്ഷയരാക്കാൻ
ഞങ്ങൾക്കായ് ബലിയായ തമ്പുരാനേ,
സത്യം ധരിച്ചെന്നും നീതിക്കായ് പോരാടാൻ,
ആത്മബലം പകർന്നനുഗ്രഹിക്കൂ.

---

## 24

പ്രാർത്ഥനയ്ക്കു ശക്തിയുണ്ടെന്നറിഞ്ഞീടുക;
പ്രാർത്ഥന കേൾക്കുന്നു നിത്യനാം ദൈവം,
പ്രാണപ്രിയൻ ചാരേ വിനയമോടെ നാം,
പ്രാർത്ഥിക്കുകിൽ നൽകും പ്രത്യുത്തരം.

ജീവിക്കുന്നവനാണു സത്യദൈവം,
ജീവനേകും, അടഞ്ഞതാം വഴികൾ തുറക്കും;
ജ്ഞാനത്തിൻ വാതായനം തുറക്കുന്നവൻ,
ജീവ കിരീടത്തിനർഹനാക്കും.

യാഗപീഠങ്ങളിൽ അർപ്പിക്കേണ്ടൊന്നും,
യാഗമൃഗങ്ങളെയും നേർന്നിടേണ്ട,
യാഗവസ്തുക്കളായ് മാറിടാമോ പ്രിയാ?
യാഗമാകും നമ്മിൽ പ്രസാദിച്ചിടും.

---



## 25

മിഴിനീർതുടയ്ക്കാൻ താതാ വരേണമേ,
ആകുലം മാറ്റി ആമോദമേക;
തിരുസവിധേയങ്ങഭയമേകേണം
സായൂജ്യദായകനേ പ്രിയനേ.

1. ഉള്ളം നുറുങ്ങുന്ന തീവ്രമാം ശോധന
പാടേയകറ്റി നിത്യാഗ്നി തന്നിൽ
വീഴാതെ വിടുവിക്ക സ്നേഹസ്വരൂപാ,
ഉള്ളങ്ങളറിയും നീതിമാനേ.

2. അന്ധകാരത്തിന്റെ പാതവിട്ടോടുവാൻ
നീതിയിൽമാർഗ്ഗം തെളിച്ചുകാട്ടൂ.
ശാന്തി തൻ തുറമുഖത്തെത്തട്ടേ ഞങ്ങൾ
താതനോടൊപ്പം വസിച്ചീടുവാൻ.

3. ദുരിതങ്ങളില്ലാത്ത സ്നേഹതീരത്തിൽ
ദുഃഖം വെടിഞ്ഞെന്നും ആർത്തുപാടാൻ,
കാരുണ്യമോടെ നീ ചേർത്തുകൊള്ളണമേ
തിരുസുതരേയും സ്നേഹപൂർവ്വം!

---

## 26

സാത്താനോടെതിർത്തുനില്ക്കാൻ
ശക്തിനൽകും ദൈവം,
തന്ത്രശാലിയെ തകർക്കാൻ
പ്രാർത്ഥന വേണം,
നിത്യവും പ്രാർത്ഥന വേണം. (2)

1. ഓരോരോ പാപങ്ങൾ ഏറ്റുചൊല്ലേണം
ആവർത്തിച്ചുദുഃഖിപ്പിക്കില്ലെന്നുറയ്ക്കണം.(2)

2. വചനം ധ്യാനിച്ചനുനിമിഷം
പ്രാർത്ഥിച്ചീടുവാൻ
വചനം ഭക്ഷിച്ചനുദിനവും
വളരേണം നമ്മൾ. (2)

---

## 27

ദുഃഖങ്ങൾ തീരുവാൻ നേരമായില്ലയോ?
സ്വർപുരേ ചേരുവാൻ മോഹമുണർന്നിടുന്നേ;
ഏകാന്തജീവിതം ശോകാർദ്രജീവിതം,
ഏകനായെന്നെന്നും ത്യജിച്ചിടല്ലേ.

1. ജീവിതയാത്രയിൽ വിശ്വസ്ത സ്നേഹമേ,
തുണയാക നിത്യവും നൽസഖിയായ്;
അണയാത്ത ദീപമായ് വെളിച്ചമേകീടണേ,
നിലംപരിചാകാതെ പാലിക്കണേ.

2. ആത്മാവുതീവ്രമായ് വേദനിച്ചീടുന്നേ.
ആരെയോ തേടിയെൻ കണ്ണുകൾ പായുന്നേ;
നൽവഴികാട്ടുവാൻ തൃക്കരത്തിന്നുള്ളിൽ
ചേർത്തു പിടിച്ചെന്നെ ആനയിക്ക.

---

## 28

ഓടുവാൻ കാലുകൾക്കേകണേ ശക്തി,
ബുദ്ധിയേകേണം ജീവിതത്തിൽ;
പ്രാവുപോൽ കാപട്യമില്ലാതെയെന്നും
പാടിപ്പറന്നുല്ലസിച്ചിടാനും.

1. തിരുസേവ ചെയ്യുവാൻ പ്രാപ്തിയേകേണം,
തിരുനാമം കീർത്തിക്കാൻ ശക്തിയേകേണം,
തിരുസന്നിധാനത്തിലഭയമേകേണം,
തിരുസവിധേയെത്തിച്ചേരുവോളം.

2. അനുഗ്രഹത്തിൻ നിത്യ ഉറവായാക്കേണമേ
അനുഗ്രഹമാരി വർഷിക്കേണമേ,
ആലംബഹീനർക്കഭയമേകീടുവാൻ
ആത്മാവിലെരിവും നൽകീടണേ.

3. കാപട്യമില്ലാത്ത ജീവിതമേകിയീ-
കാപട്യലോകത്തെ ജയിച്ചീടുവാൻ,
കാരുണ്യവാനാകുമേശുവിൻ കരമതിൽ
കനിവോടെ സംരക്ഷയേകീടണേ.

*(07-04-2012, കോവളം ബീച്ചിൽ)*

---

# 29

ദൈവത്തിൽ ആശ്രയിക്കുന്നോർ
വാഗ്ദത്തം പ്രാപിക്കുന്നോർ,
ശത്രുക്കളാലേറ്റ മുറിവുകളാകെയും
പൊറുപ്പിക്കാൻ പണിപ്പെടുന്നു.

1. യേശുവിനോടൊപ്പം യാത്ര ചെയ്യാൻ
യേശുവിൽ ജീവിക്കുവാൻ,
യേശുവിൽ മാത്രം ആശവെയ്ക്കാൻ,
യേശുവേ കൃപയേകണേ.

2. പിന്നിട്ട വഴികളെ ഓർക്കുമെന്നും,
വാഗ്ദത്തം നീ തന്ന ദാനമല്ലോ?
നിരന്തരം സ്തുതി സ്തോത്രമർപ്പിച്ചു ഞാൻ
യാത്ര ചെയ്യും ലക്ഷ്യമെത്തുവോളം.

3. നിത്യജീവൻ നാഥാ പ്രാപിക്കുവാൻ
നീയല്ലാതില്ലൊരു വഴിയും വേറെ,
മാർഗ്ഗവും സത്യവും ജീവനും നീയേ,
അന്ത്യത്തോളം കൂട്ടിനുണ്ടാകണേ.

---

# 30

ആത്മനാഥാ എന്നെ കൈവിടല്ലേ,
എന്നെ വിട്ടെങ്ങും പോയിടല്ലേ;
ഏകാകിയാണു ഞാനാരോരുമില്ലാത്ത-
പരദേശവാസിയായ് മരുവുന്നിതാ.

1. ആത്മാവിലിത്തിരി വെട്ടംപകരണേ,
സാനന്ദമോടെന്നും ജീവിക്കുവാൻ;
ഹൃദയാലുവായുള്ള നൽമനം പകരാൻ
തുണയേകണേ, ദിവ്യ വരമേകണേ.

2. സന്താപസാഗരം തന്നിലായുഴലുന്ന-
സോദരർക്കാശ്വാസമേകിടാനായ്,
ആത്മദാഹം നൽകി ആനയിച്ചീടുകിൽ
ധന്യമാം സേവനം കാഴ്ചവയ്ക്കാം.

---

# 31

വർണ്ണിക്കാനാവാത്ത മഹൽ സ്നേഹമേ,
കാൽവരിക്രൂശിലെ ദിവ്യസ്നേഹമേ,
ആരാധിക്കും ഞങ്ങൾ എക്കാലവും;
ആനന്ദദായകാ സ്നേഹരൂപാ.

1. മരുഭൂപ്രയാണത്തിലാണു ഞങ്ങൾ,
മാറായെ മധുരമായ് മാറ്റേണമേ;
മേഘസ്തംഭത്തിൽ നടക്കണേ മുമ്പേ,
വാടിക്കരിഞ്ഞിടാനിടയാക്കല്ലേ.

2. ആത്മാവു നീറിത്തപിച്ചിടുന്നേ,
ആത്മരക്ഷയ്ക്കായിട്ടാരുണ്ടിഹെ?
വല്ലഭാ സംരക്ഷയേകേണമേ,
ഉള്ളങ്ങളിൽ വാസം ചെയ്യേണമേ.

3. ദാനമായ് നൽകിയ ജീവിതങ്ങൾ
ദാസർ നിൻ വേലയ്ക്കായ് അർപ്പിക്കുന്നേ,
ശക്തരാക്കേണമേ തേജസാൽ ഞങ്ങളെ-
ഉജ്ജ്വലരായങ്ങു മാറ്റേണമേ.

---

# 32

ദൈവമേ എന്റെ സ്നേഹപിതാവേ
കനിയേണമേ ദിനവും,
എന്നിൽ കനിയണമേ ദിനവും;
അരുതാത്തതൊക്കേയും വെറുത്തിടുന്നേ.

1. അഭയാർത്ഥിയായല്ലോ ഞാൻ വരുന്നു,
കണ്ണീർ തുടയ്ക്കാൻ കാരുണ്യം കാട്ടൂ;
ദുരിതങ്ങളെല്ലാം വഹിച്ചു കൊണ്ടെന്നിൽ
കാരുണ്യവാനേ കൃപയേകിടൂ.

2. ആരുമേ കാണില്ലെന്നോർത്തല്ലയോ?
സ്നേഹിതാ നിൻ യാത്ര ഓർത്തുകൊൾക;
ചുറ്റിലും ശത്രുക്കൾ ദുർവ്വിചാരത്തോടെ
നിന്നെ എതിർക്കുമ്പോൾ പ്രാർത്ഥിക്കുമോ?

---



## വിശ്വാസം

# 33

വിശ്വാസത്തോടെന്നും പ്രാർത്ഥിക്കുമോ?
ഫലപ്രാപ്തി നിശ്ചയമേ;
ദൈവഹിതത്തിനു ചേരാത്ത പ്രാർത്ഥന
എന്തിനായ് വീണ്ടും നീ അർപ്പിക്കേണം?

1. ഉദ്ദേശലക്ഷ്യങ്ങളറിയുന്നവൻ,
ഉദ്ദിഷ്ടകാര്യങ്ങൾ നിവർത്തിച്ചിടും;
സംശയിച്ചീടുന്നതെന്തിനായ് വീണ്ടും,
പ്രാർത്ഥിക്ക, സാഫല്യം നേടീടുക.

2. വമ്പിച്ച ഭാരങ്ങൾ നിൻമുന്നിലായ്
ബാലികേറാമലയായ് നിൽക്കയോ?
പതറുന്നതെന്തേ നീ ഭ്രമിച്ചിടേണ്ട;
വിശ്വസ്തനാം ദൈവം കൂടെയില്ലേ?

3. വിശ്വാസമാകെയും പോയ് മറഞ്ഞോ?
മാനസമാകെയും തളരുന്നുവോ?
രോഗങ്ങളാൽ നീ വലയുന്നുവോ?
ജീവദാതാവേശു കൂടെയില്ല?

# 34

പ്രാർത്ഥനയ്ക്കേകുന്നു പ്രത്യുത്തരം,
കർത്താവിൽ നിങ്ങൾ വസിക്കുമെങ്കിൽ;
വിനയമോടേശുവിൻ വചനം മനസ്സിൽ
കരുതുകിൽ കേൾക്കും പ്രാർത്ഥനകൾ.

1. എന്നെന്നും ജീവിക്കും സത്യദൈവം
നിത്യജീവൻ നൽകാൻ വഴിതുറക്കും,
പോരായ്മയൊക്കെയും ക്ഷമിക്കുന്നവൻ
നീതിയിൻ മാർഗ്ഗങ്ങൾ വെളിപ്പെടുത്തും.

2. ദേവാലയങ്ങൾ നീ പണിഞ്ഞിടുമ്പോൾ
ആലയമായ് നീ മാറിടേണം;
നിന്നുള്ളിലല്ലയോ വസിക്കാൻ കൊതിപ്പൂ,
ദൈവം ഒതുങ്ങുമോ കൈപ്പണിക്കുള്ളിൽ?

---

# 35

ഒരു മനസ്സാവുക സോദരരേ,
ഭിന്നത വെടിയാം നിർമ്മലരായ്,
വചനം ഹൃദയേ നിറയട്ടേ,
വിനയാന്വിതരായ് മുന്നേറാം.

1. തകർന്ന മനസ്സിന്നാധി കെടുത്താൻ-
വിശുദ്ധ സൗഹൃദമേകീടാം,
താങ്ങും കരമായ് വർത്തിച്ചീടുകി-
ലാത്മനാഥൻ കൃപയേകും.

2. ആത്മാവിൽ നാമൊന്നായ് തീർന്നാൽ
സുഗന്ധവാഹികളായീടും;
പ്രാർത്ഥന നിത്യസഹായമാവുകിൽ
ജീവിത വിജയം പ്രാപിക്കാം.

---

# 36

കണ്ണീരും വേദനയും, ദുഃഖത്തിൻ
പര്യായമായ്
കരകവിഞ്ഞൊഴുകുന്ന വേളയതിൽ,
യബ്ബേസിനെപ്പോലെ ജീവിതത്തിൽ
പ്രാർത്ഥനയാൽ നന്മ പ്രാപിച്ചീടാം.

1. ആത്മാവു ശുഭമായിരിക്കുന്ന
പോൽ നമ്മിൽ
ശുഭവും സുഖവും ഭവിച്ചീടുവാൻ,
സത്യത്തിൽ നടക്കുന്ന ജീവിതചര്യയെ-
സാക്ഷ്യമാക്കീടുവാൻ യത്നിച്ചീടാം.

2. ദൈവമേ അവിടുത്തെ പൊൻകരം
ഞങ്ങളിൽ
അനർത്ഥങ്ങളകറ്റുവാൻ പ്രാപ്തമല്ലോ?
വ്യസനത്തിൽ കാരണമലയടിച്ചെന്നാലും
പ്രാർത്ഥനക്കുത്തരം കനിഞ്ഞേകിടൂ.

---

## 37

ദൈവത്തിൻ ദാനമാം വാഗ്ദത്തങ്ങൾ
നിരന്തരമായേകും ത്രീയേകനേ,
പ്രാർത്ഥനയോടേറ്റം വിശുദ്ധിയോടെ,
പ്രാപിക്കാൻ ഞങ്ങളെ ഒരുക്കേണമേ.

1. അവിവേകത്താൽ നിത്യം അകലുന്നോരായ്
തേജസില്ലാതേറെ തപിച്ചിടുമ്പോൾ,
ആത്മാവിലാനന്ദം നിറഞ്ഞു ഞങ്ങൾ
ആശ്വാസം പ്രാപിക്കാൻ കൃപയേകണേ.

2. ഔദാര്യമല്ലാതില്ലൊന്നുമീ ദാസർക്കു
സ്വന്തമെന്നെണ്ണുവാനേതുമില്ല,
കരുണയ്ക്കായ് യാചിപ്പൂ, അഭിഷേകത്താൽ,
ശിഷ്യഗണങ്ങളായ് മാറ്റേണമേ.

3. മിഥ്യാഭിമാനത്താൽ ചേതപ്പെട്ടോർ ഞങ്ങൾ
കരകയറ്റാനായിട്ടാരുമില്ല;
വിനയത്താൽ ദൈവത്തോടടുത്തിടുന്നേ നാഥാ,
മാന്യമിത്രങ്ങളായ് മാറ്റേണമേ.

---

## 38

വിജാതീയരെപ്പോലും കരുതിടുന്നു
പ്രാർത്ഥന കേൾക്കുന്ന ദൈവം,
മകളുടെ സൗഖ്യത്തിനായുള്ള യാചന
കേട്ടുള്ളലിഞ്ഞവൻ സൗഖ്യമേകി.

1. മനോവ്യസനത്തോടെറെ കരഞ്ഞതാം
ഹന്നയിൽ പ്രാർത്ഥന കേട്ട ദൈവം
മകളേ നിൻ വിശ്വാസം വലയതെന്നോതി;
കണ്ണുനീർ കാണവേ അനുഗ്രഹിച്ചു.

2. ജീവൻ കൊതിച്ചു കൊണ്ടർപ്പിക്കും
പ്രാർത്ഥന
വിശ്വസ്തരാവുകിൽ ചെവിക്കൊണ്ടിടും,
ഏകാഗ്ര ഹൃദയത്തോടചഞ്ചല വിശ്വാസം
കാത്തുസൂക്ഷിക്കുകിൽ ഉത്തരമേകും.

## 39

എല്ലാം എല്ലാം പ്രതികൂലം
എല്ലാപേരും പ്രതികൂലം;
അനർത്ഥമരികെ കാണുന്നേ
പൊന്നേശുവേ നീ തുണവേണം;
പ്രിയനാഥാ എന്നരികിൽ നിന്നും -
പോയീടരുതേ സ്നേഹനിധേ;
എങ്ങും പോകരുതേ നീ,
എങ്ങും പോകരുതേ.

1. വൻതിരമാലയിൽ പെട്ടുഴലുന്നേ,
രക്ഷകനേ കരം തന്നിടണേ;
ആഴിയിന്നത്യാഗാധങ്ങളിൽ താണിതാ -
പൊങ്ങിടുന്നേ ജീവശ്വാസത്തിനായ്;

2. രക്ഷകനേയിനി താണുപോയാലീ
പ്രിയ പുത്രനുയരുവാൻ സാദ്ധ്യമാമോ?
അടിനെ കരമതിൽ വഹിച്ചുകൊൾക,
മരണം വരിക്കുവാനിടയാക്കല്ലേ.

3. നിത്യനാശത്തിനു യോഗ്യരായ് തീർന്നോരെ -
നിത്യത തന്നിൽ കൊണ്ടെത്തിക്കുവാൻ,
കാൽകരം ചങ്കും തകർത്തൊഴുക്കീ നിണം,
സ്വന്തപിതാവിന്റെ യിച്ഛപോലെ.

4. ആ ദിവ്യസ്നേഹത്തെ പ്രാപിച്ചൊരേഴകൾ
സാത്താന്യബന്ധനം തകർത്തിടാനായ്,
പ്രാർത്ഥിപ്പൂ, ശക്തീകരിക്കണേയാത്മാവാൽ-
നിത്യതയോളം നടത്തിടേണം.

---



## 40

അനുതാപമോടിതാ തവദാസർ സവിധേ
ആരാധനയ്ക്കായ് വന്നിടുന്നേ,
തെറ്റുകുറ്റങ്ങൾ പൊറുക്കണേ ഞങ്ങളെ-
തിരുസുതരായ് നാഥാ മാറ്റേണമേ.

1. പാപത്താൽ മരിച്ചവരായിരുന്നോരെ-
ജീവനിലേയ്ക്കേശു മടക്കിയല്ലോ?
പുണ്യാഹ രക്തത്താൽപാപത്തിൻ മോചനം-
ചിത്തവിശുദ്ധിയുമേകിയല്ലോ?

2. കഷ്ടതയേറുമ്പോൾ കൈതാങ്ങിടുന്നോൻ
നിത്യജീവൻ നൽകാൻ കൂടെയുണ്ട്;
വചനത്തിൽ ശക്തി ധരിച്ചിടാം പ്രിയന്റെ-
ക്രൂശുവഹിക്കാം സന്തുഷ്ടരായ്.

---

## 41

വിണ്ണിന്നധിപനീശോ
മണ്ണിൽ പ്രഭ ചൊരിയൂ,
മണ്ണിൻ മക്കൾക്കെന്നും നാഥാ
നിത്യാനന്ദം പകരൂ.

1. പരമ കാരുണ്യത്തിൻ ഉടയവനേ
സ്തുതിഗീതിയോടിതാ ആലയത്തിൽ;
വാദ്യതാളങ്ങൾ യാഗമായുയരുമ്പോൾ
സർവ്വരുമങ്ങേ വണങ്ങീടുമേ.

2. തിരുസുതർ വിശുദ്ധമാം വഴിയെ നിത്യം,
തേടിയെത്തീടുന്നേ ആത്മനാഥാ,
പരമാത്മാവോടൊപ്പം വസിച്ചീടുവാൻ
ജാതികൾ സത്യം തേടിടുന്നേ.

---

## 42

ന്യായപാലകാ നീതി സൂര്യനേ,
മാനസത്തിന്നാധിയാൽ യാചിച്ചീടുന്നേ;
ദോഷികളാം ഞങ്ങളിന്നു വേദനയോടെ,
മനമുരുകി കേണിതാ പാദപീഠത്തിൽ.

1. മായയാകുമീ ലോകയാത്രയിനുള്ളിൽ
പാത തെറ്റിടാമേതുനിർമ്മലർ പോലും,
ആധിയേറി ദാഹമോടെ തളർന്നീടുമേ.
പ്രിയതാതനേ താങ്ങി നിർത്തിടേണമേ.

2. സർവ്വശക്തനാം ദൈവ മുമ്പിലാരുമേ
വാടിടും ചീര പോൽ നീതി പീഠമേ,
ന്യായമാകിലും, അനീതിയാകിലും
നിത്യജീവദായകൻ കല്പിക്കും വിധി.

---

## 43

ദൈവമേ തിരുമുഖപ്രസാദം തേടുന്നേ
നന്മയ്ക്കായ് മാർഗ്ഗം മറ്റേതുമില്ല;
നൽകണേ നല്ലൊരു മാതൃകാജീവിതം
കാഴ്ചയായർപ്പിക്കാം സദ്ഫലങ്ങൾ.

1. പൂർവ്വപിതാക്കൾക്കു ദാനമായേകി നീ
എത്രയോ ശ്രേഷ്ഠമാം നന്മകൾ നിത്യം,
അവിടുത്തെ സാന്നിദ്ധ്യം കേൾക്കുന്നു ഞങ്ങൾ
അനുഗ്രഹവർഷത്തിൻ മണിനാദമായ്.

2. പ്രാർത്ഥനയർപ്പിച്ചും വെട്ടം തെളിച്ചുമീ-
ജീവിതത്തേരുരുൾ അക്ഷീണനായ്,
ചുറ്റുമുള്ളോർക്കെന്നും നന്മ പകർന്നും
കൃപയേകിയും നൽകാൻ പ്രാപ്തിയേകൂ.

---

## 44

എന്നിലൂടെ ദൈവമേ മറ്റുള്ളവർ
വിടുവിക്കപ്പെടേണമേ,
ദൈവത്തിനായ് സാധു ജീവിച്ചിടാൻ
നിത്യവും കൃപയേകണേ.

1. അനുഗ്രഹമാരിയെന്നിൽ വർഷിക്കണേ
അഭിഷേകം പകരുവാൻ തവ ദാസനെ-
തെരഞ്ഞെടുക്കണമേ കൃപയാൽ നാഥാ
അനുഗ്രഹനിറവെന്നിൽ വെളിപ്പെടട്ടേ.

2. തിരുമുഖപ്രകാശം നൽകേണമേ,
തിരുസഭയ്ക്കുണർവ്വേകാൻ, സേവ ചെയ്യാൻ;
യേശുവെപ്പോലെ ഞാൻ ജീവിക്കുവാൻ
മഹൽസ്നേഹമേ എന്നെ പരിപാലിക്കൂ.

## 45

ഒട്ടും നിനയാത്ത നേരത്തു ശത്രു-
പൊട്ടിത്തെറിക്കും, ബോംബുപോലെ;
ഭീഷണിയോടെതിർപെട്ടിടുന്നേരം
സംരക്ഷയേകണേ ദൈവമേ നീ.

1. പാപദോഷാദികളൊക്കെ വെടിഞ്ഞിട്ടു-
നിത്യതയ്ക്കായുള്ള യാത്രികനായ്.
സംശുദ്ധ ജീവിതം ക്രിസ്തുവിലാശ്രയി-
ച്ചല്ലയോ ചെയ്യുന്നു തമ്പുരാനേ.

2. ക്രിസ്ത്യാനിയായിട്ടു നല്ല പോർ
പൊരുതാൻ
യത്നിക്കിലും വൻ ശോധനകൾ,
ചിത്തത്തെയാകെ വിഷണ്ണതയാളിക്കും
പാരിലെ ക്ലേശങ്ങൾക്കറുതിയില്ലേ?

3. കാപട്യമില്ലാത്ത മാനസമോടന്നെ-
കാരുണ്യവാനേ വഴിനടത്തൂ,
കൂരിരുൾ താഴ്വര തന്നിൽ നടക്കുന്ന-
ദുർഗ്ഗതി മാറ്റി നേർപാത കാട്ടൂ.

## 46

അനുഗ്രഹമാരി വർഷിക്കണേ ഇന്നീ-
ദാസർമേൽ കാരുണ്യമോടെ താതാ,
ആത്മാവിനമൃതേത്തിനായ് വേണ്ടുവോളം
ദാനമായേകണേ സ്വർഗ്ഗീയമന്ന.

1. സങ്കീർത്തനങ്ങളോടർപ്പിൻ നാമൊന്നായ്,
സായൂജ്യദായകൻ കർത്താവിന്;
അശ്രുകണങ്ങൾ പൊഴിച്ചിടാം താതന്റെ-
പാദാരാവിന്ദത്തിൽ കാണിക്കയായ്.

2. സ്വീകരിക്കേണമേ ദാസരെ സവിധേ,
മാലകറ്റേണമേ പുണ്യാത്മമേകി;
ആനന്ദമോടെന്നും പ്രിയന്റെയൊപ്പം
നിത്യമായ് വാഴാൻ കൃപയേകിടൂ.

## 47

ശൂന്യതയിൽ നിന്നല്ലയോ ദൈവം
നിർമ്മിച്ചു അഖിലാണ്ഡമണ്ഡലത്തെ,
ആകയാൽ നാമും കൈവരിക്കും
ആത്മശാന്തിക്കൊപ്പം രോഗസൗഖ്യം.

പരസ്പരം കരുതാമോ? മണ്ണിൽ സ്വർഗ്ഗം-
പങ്കുവച്ചീടാമോ ദൈവസ്നേഹം?
കർത്താവു പഠിപ്പിച്ച ദൈവരാജ്യം
സായൂജ്യദായകം സൗജന്യമേ.

1. വ്യക്തിത്വധ്വംസനം വേദനിപ്പിക്കും,
ഭീഷണി വാക്കുകൾ കേട്ടിടുമ്പോൾ;
ഓർക്കുക സൃഷ്ടികളൊക്കേയുമേ
മാനസികാസ്വാസ്ഥ്യ ബാധിരാം.

2. സർവ്വരും കൈവിട്ടോ ഭിഷഗ്വരരും?
മാനസം തളർത്തുന്ന വാക്കുകൾ കേട്ടോ?
നിന്നുള്ളിലീശൻ വസിക്കുകിൽ സത്യം,
ലക്ഷ്യത്തിലെത്തി നീ മുന്നേറിടും.

3. ഭയപ്പെടേണ്ടോമലേ കൂട്ടിനുണ്ടല്ലോ,
രക്ഷകനാം ദൈവം സ്വന്തമല്ലേ?
സൗഖ്യദായകമാം ശുശ്രൂഷയല്ലയോ
നമ്മെയും ദൈവത്തേയ്ക്കാനയിപ്പൂ.



## 48

ചങ്കിലെ ചോര വാർത്തെന്നെ നേടീടാൻ
സന്താപസാഗരേ നിന്നും കരേറ്റാൻ
നീചരാം മർത്യർക്കു ശിക്ഷയേകീടുന്ന
പ്രാകൃതമാം ക്രൂശു നൽകിയെന്നോ?

മൂന്നാണിമേൽ തിരുമേനിയിൻ ഭാരം
താങ്ങി നിൽക്കേ തേങ്ങിക്കരഞ്ഞതില്ലേ?
ദാഹജലം കേണു യാചിക്കവേ ദാഹ-
ശമനത്തിനേകിയോ കൈയ്പുകാടി.

അസ്ഥികളൊന്നും തകർത്തിടാനനുവാദം
സർവ്വേശനേകിയില്ലെന്നാകിലും,
കുത്തിമുറിപ്പെടുത്തി, ചങ്കിനുള്ളിലെ ചോര
നീരുമായ് ബഹിർഗമിച്ചെന്തു കഷ്ടം!

## 49

ഒന്നുമില്ലായ്മയിൽ നിന്നല്ലയോ എന്നെ
സ്നേഹത്താലുണ്മയിലെത്തിച്ചു നീ?
സാത്താന്യശക്തിയിൻ ബന്ധനത്താൽ ഞാൻ
ഉഴലാതെ കൃപയേകി വഴി നടത്തൂ.

1. അപ്പോസ്തലന്മാർക്കങ്ങേകിയ പോലുള്ള
ദിവ്യമാം ശക്തി പകർന്നീടണേ;
ആത്മമണാളനായ് ഓടുവാൻ പ്രാപ്തിക്കായ്
ആശ്രിതവത്സലാ പ്രാർത്ഥിക്കുന്നേ.

2. ആരണ്യവാസത്തിൻ നാളുകളാത്മീക-
ശക്തിയാൽ പാവനമാക്കിടാനായ്,
സ്നേഹപിതാവേ യാചിക്കുന്നാദരാൽ
ആശ്ലേഷിച്ചേകണേ ആത്മശക്തി.

3. ദിവ്യനാമത്തിൻ ശ്രേയസ്സിനായെന്നും,
ഗോതമ്പു വിത്തുപോൽ നശിച്ചിടാനായ്
ആത്മാവൊരുക്കിടാം, പ്രാപ്തരായീടാം,
നിത്യത തന്നിൽ നാമൊത്തു ചേരും.

## 50

ഹൃദയത്തെക്കാണുന്ന ദൈവമേ നിന്റെ
സ്നേഹമെന്നെത്തേടി വന്നുവല്ലോ?
പാപി ഞാൻ നരകത്തിൽ വീഴാതെ നീ,
പരിഹാരമായതെൻ ഭാഗ്യമല്ലോ?

ഭാഗ്യവാൻ ഞാൻ മഹാഭാഗ്യവാൻ എന്നും
നിൻദാസനാം ഞാൻ ഭാഗ്യവാൻ എന്നും.
ഭാഗ്യവാൻ ഞാൻ മഹാഭാഗ്യവാൻ എന്നും
നിൻദാസനാം ഞാൻ ഭാഗ്യവാൻ എന്നും.

അനുതാപമുള്ളിൽ നിറയുന്ന നേരം
അടിയാനെ കൃപയോടെ കാക്കേണമേ;
നിത്യവും ഞാനിതാ നമിക്കുന്നു പ്രീയാ
സൗഭാഗ്യമേകുവാൻ കൃപതോന്നണേ.

കാരുണ്യമേകുവാൻ യാചിക്കുമേഴയീ-
കരകാണാക്കടലിന്റെയിക്കരയിൽ,
വാഗ്ദത്തം നിവർത്തിക്കുമേശുവിൽ ശബ്ദം
കാതോർത്തു നിൽപ്പൂ ദാഹമോടെ.

ബന്ധനത്തിൽ പെട്ടു നശിച്ചിടാതെ,
പാപത്തിൻ നുകമതിൽ കുടുങ്ങിടാതെ;
ആത്മദാഹത്തോടെ തിരുസേവ ചെയ്യാൻ,
സർവ്വേശ പുത്രാ കൃപയേകിടൂ.

## 51

വിശ്വാസത്തോടെ നീ യാചിക്കുമ്പോൾ
പ്രതിഫലം നിശ്ചയം നിശ്ചയമേ;
വിശ്വാസം കൂടാതെ ദൈവത്തെ നീ,
പ്രസാദിപ്പിക്കുമോ? സാദ്ധ്യമാകുമോ?

1. വിശ്വാസത്താൽ വൻ കാര്യങ്ങൾ ചെയ്യാം,
അസാദ്ധ്യമൊക്കേയും സാദ്ധ്യമാകും;
വാക്കുപറഞ്ഞവൻ മാറീടുമോ?
വിശ്വാസവീരരായ് മുന്നേറിടാം.

2. വിശ്വാസം നമ്മൾ വളർത്തിടുമ്പോൾ
നമ്മെയും വളർത്തും വിശ്വാസത്തിൽ,
വിശ്വാസത്താൽ നീ സംസാരിച്ചാൽ,
അത്ഭുതങ്ങൾ കാണും കൺകുളിർക്കെ!

3. ഞാൻ ആരെ വിശ്വസിക്കുന്നെന്ന കാര്യം,
അറിയുകിൽ ദൈവം പ്രസാദിച്ചിടും,
വിശ്വസിക്കാമോ? വിശ്വസ്തനെ,
അനുസരിച്ചനുഗ്രഹം പ്രാപിച്ചിടാം.

---

## 52

ദാനമേ, മഹൽ ദാനമേ,
നീ തന്ന ദിവ്യ ദാനമീ ജീവിതം;
നിൻ ദാനം പുകഴ്ത്തിടും ഞാൻ,
ദൈവനാമം, ഉയർത്തീടുവാൻ.

1. വിഗ്രഹം നിൽക്കില്ലെന്നുള്ളിലൊട്ടും,
തകർക്കും ഞാൻ വിശ്വാസത്താൽ;
ദൈവത്തെ മാനിക്കും ശക്തിയോടെ
വിശ്വാസം വളർത്തീടും ജീവിതത്തിൽ.

2. ദൈവമെൻ വിശ്വാസമാത്മാർജ്ജിക്കുകിൽ
മാനിക്കും ജയം നേടും, നിശ്ചയമേ;
ഭൂലോകർ ഭയത്തോടെ നോക്കിക്കണ്ടെൻ-
ദൈവത്തെ ഭക്തിയോടാരാധിക്കും.

---

## 53

ദൈവം കാതോർത്തു പ്രാർത്ഥന കേൾക്കുന്നു,
ഉത്തരമേകും തന്നിച്ഛ പോലെ;
നിന്നിഷ്ടമല്ലാതെയൊന്നുമേ വേണ്ടെന്നു,
ചിന്തിക്കൂ ആശ്വാസകനേശു എത്തും.

1. പ്രാർത്ഥിക്കാം നിരന്തരം പ്രാർത്ഥിച്ചിടാം,
പ്രാർത്ഥനയ്ക്കുത്തരം നിശ്ചയമേ;
പ്രാപ്തനാമെൻ ദൈവം വിശ്വസ്തനാകിലും
പ്രാപിക്കാൻ വിശ്വാസസ്ഥിരത വേണം.

2. യാഹേ തികവുള്ള ന്യായപ്രമാണം
പ്രാണനെ നിത്യം തണുപ്പിച്ചിടുന്നു;
യാഹേ നിൻ സാക്ഷ്യം വിശ്വാസ്യമല്ലയോ?
ജ്ഞാനിയാക്കീടും അതല്പബുദ്ധിയെ.

3. ദൈവത്തിന്നാജ്ഞകൾ നേരുള്ളതല്ലോ,
ഹൃദയത്തിനേകുന്നു സന്തോഷമെന്നും;
നിർമ്മലമല്ലോ നിൻ കല്പനയെല്ലാം,
കണ്ണുകൾക്കേകും പ്രകാശമെന്നും.

---

## 54

കണ്ണീരോടെ നീ പ്രാർത്ഥിക്കുമെങ്കിൽ
കാതോർത്തു കേൾക്കുമെന്നേശുനാഥൻ,
മരണത്തിൻ കൂരിരുൾ താഴ്‌വര തന്നിൽ വൻ-
രക്ഷാ കവചമായ് അരികിലെത്തും.

1. സാദ്ധ്യമല്ലൊരിക്കലുമെന്നുള്ളു ചൊല്ലുമ്പോൾ
അസാദ്ധ്യമൊക്കേയും സാദ്ധ്യമാക്കും;
ലഭിച്ചുകഴിഞ്ഞെന്നു വിശ്വസിച്ചും കൊണ്ടു
പ്രാപിക്ക, പ്രാർത്ഥനയാലെ എല്ലാം.

2. പ്രതികൂലമേറുമ്പോൾ അവിശ്വാസമേറുമ്പോൾ
വിശ്വസ്ത ദൈവത്തിൻ വാഗ്ദത്തങ്ങൾ,
വിസ്മരിച്ചീടല്ലേ മടുത്തുപോകല്ലേ നീ
തളർന്നിടാതനുദിനം പ്രാർത്ഥിക്കുമോ?

---

## 55

ദൈവം തരുന്നതാം നന്മകൾക്കളവില്ല
ചോദിക്കുന്നവ നൽകും പിതാവാണവൻ,
അനുസരിക്കുന്നവർക്കിഛരിക്കും പോൽ
നൽകും
സ്നേഹപിതാവല്ലോ നിത്യദൈവം.

1. വിശ്വാസത്താൽ നീ പറയാൻ
തുടങ്ങുമ്പോൾ
അത്ഭുതങ്ങൾ ചുറ്റും സംഭവിക്കും;
വിടുതലിൽ ശബ്ദം നീ കേട്ടില്ലെന്നാലും
വിടുതലേകും തെല്ലു നേരത്തിനുള്ളിൽ.



2. വിടുതലേകീടെണമെങ്കിൽ നിന്റെ-
ഹൃദയത്തിൻ നൈർമ്മല്യം വീക്ഷിച്ചിടും,
അമർത്തിക്കുലുക്കി കവിയുന്നൊരളവിൽ
ലഭിക്കുവാനായ് നാമും ഹൃദയമേകാം.

3. തെറ്റുകളനവധി ചെയ്യുന്ന നമ്മെയും
അനുഗ്രഹിക്കുന്നതാം ദൈവസ്വഭാവം,
നമ്മളിൽ വന്നു നിറഞ്ഞിടുന്നേരം
മനമാകെ മാറി നാം ആരാധിക്കും.

4. സാത്താൻ കള്ളങ്ങൾ പറയുമെന്നറിയുന്ന
ദൈവമക്കൾ പ്രത്യാശ കൈവിടില്ല;
കൃപയേകും നാഥന്റെ സമയമെത്തുമ്പോൾ,
ശത്രുക്കൾ ലജ്ജിക്കാനിടയായിടും.

---

## 56

പണ്ടൊരു നാളൊരു വല്യപ്പൻ
യേശുവിനരികെ ചെന്നു;
കാണാൻ വയ്യാതാകുലമോടെ
തപ്പി നടന്നാ വല്യപ്പൻ.

1. പുരുഷാരത്തിന്നാരവമുള്ളിൽ
വിശ്വാസത്തെയുണർത്തി;
നീട്ടി വിളിച്ചാ വല്യപ്പൻ തൻ-
ആശയുണർത്തി വിളിച്ചു.

2. കരുണയ്ക്കായ് യാചിച്ചൂ വീണ്ടും;
ദാനമായ് കാഴ്ച നീ തന്നിടേണം,
വിശ്വാസമോടാ വല്യപ്പനേശുവിൻ-
സ്നേഹാതിരേകം പിടിച്ചുപറ്റി,

3. കരുണയ്ക്കായ് നീട്ടി വിളിച്ച നേരം
കർത്താവരികത്തായ് നിന്നുപോയി;
കണ്ണുകാണുന്നോനായാഹ്ലാദമോടയാൾ
ഭവനത്തിലെത്തി നന്ദിപൂർവ്വം.

---

## 57

പ്രാർത്ഥനകേൾക്കുന്നു പ്രിയൻ, എന്റെ-
യാചന കാതോർത്തിടുന്നു;
പതറാതെ സംശയലേശമെന്യേ
പ്രാർത്ഥിക്കുകിൽ നൽകും നൽ വരങ്ങൾ.

1. സഫലമാക്കും എന്റെ ഹൃദയാഭിലാഷം,
സർവ്വരും അത്ഭുതം കണ്ടീടുമേ;
നരയ്ക്കുവോളം നിന്നെ
ചുമക്കുമെന്നോതിയോൻ
വാഗ്ദത്തം മറക്കില്ല ദൈവമല്ലോ!

2. കാത്തിരിക്കാം, ഉള്ളമൊരുക്കമോടെ;
വിശ്വാസം ത്യജിക്കാതെ പ്രാർത്ഥിച്ചിടാം,
നിശ്ചയമേ എന്റെ പ്രാണപ്രിയൻ
കണ്ണീർ തുരുത്തിയിൽ സൂക്ഷിക്കുന്നു.

3. വറ്റാത്ത കണ്ണീരിന്നുറവയെ ദൈവം
ആനന്ദാശ്രുക്കളായ് മാറ്റീടുമേ;
ആകുലമെല്ലാം വഹിക്കുമെന്നേശു;
ആശ്വാസമേകുമെൻ ജീവിതത്തിൽ.

---

## 58

കലങ്ങിടല്ലേ മനമേ നിന്റെ
ഹൃദയം കലങ്ങിടല്ലേ;
കരുതുവാനെപ്പോഴും ചാരെയുണ്ടല്ലോ,
കാരുണ്യവാനാകും നിന്റെ ദൈവം.

സിംഹക്കുഴിയിലും തീച്ചൂള നടുവിലും
നാലാമനായ് വന്ന ദൈവദൂതൻ,
ജീവനിൽ ഭീതിയേറീടുന്ന വേളയിൽ
പൊൻകരത്തിൽ നിന്നെ കാത്തു കൊള്ളും.

വിശ്വസിക്കുന്നവരൊരു നാളും തന്നെ
ലജ്ജിച്ചു പോകയില്ലോർക്കാം.
ആ ദിവ്യസത്യം ഗ്രഹിച്ചു കൊണ്ടാൽ,
ദൈവപ്രസാദം കൈവരിക്കും.

ചെത്തി വെടിപ്പാക്കി സംരക്ഷയേകാൻ
കർത്താവൊരുങ്ങുമ്പോൾ വേദനിച്ചാൽ,
പരിഭവിക്കല്ലേ, പതറിടല്ലേ;
ഫലമേകും വള്ളിയായ് മാറിടും നീ.

---

## ധൈര്യം

### 59

പ്രതികൂല മാരുതൻ ജീവിതത്തോണിയെ
ആഞ്ഞാഞ്ഞു വീശിയലച്ചിടുമ്പോൾ,
കരുണയ്ക്കായ് യാചിക്കും സ്വരം
ശ്രവിക്കാനായ്,
മൽ പ്രിയനെന്നും കാതോർത്തിടും.

1. ഉള്ളം നുറുങ്ങുന്ന മനമോടെ നാഥന്റെ-
ചാരത്തണഞ്ഞിടുമ്പോൾ,
തിരുക്കരം നീട്ടി, മാറോടണച്ചെനി-
ക്കഭയമേകി പ്രിയൻ നയിച്ചിടുന്നു.

2. നിലയില്ലാതാഴിയിൻ ഭീകര ഗർത്തങ്ങൾ
ഓർത്തോർത്തു നീയൊട്ടും നടുങ്ങിടേണ്ട;
കാരുണ്യനാഥൻ കൂടെയുണ്ടല്ലോ,
ഭീതിയിൻ ആശങ്ക വെടിയൂ വേഗം.

### 60

ദൈവമേ എന്നെ ശോധനചെയ്തിട്ടെൻ-
ഹൃദയത്തെ അറിയേണമേ,
നിനവുകളൊക്കെയും അറിയുന്ന മാർഗ്ഗത്താൽ
എന്നെ പരീക്ഷിക്കണേ.

1. വ്യസനത്തിനുള്ളതാം കാരണം തേടണേ,
ശാശ്വത മാർഗ്ഗത്തിൽ നടത്തേണമേ,
ശോധന ചെയ്തിട്ടറിയുന്നു നീ നിത്യം
ഇരിക്കുന്നതും എഴുന്നേൽക്കുന്നതും.

2. സ്വർഗ്ഗത്തിൽ കയറിയാൽ അവിടെയുണ്ടല്ലോ?
പാതാളത്തിൽ ഞാൻ കിടന്നീടിലും;
ഉഷസിൻ ചിറകു ധരിച്ചാഴിതന്നിൽ-
പാർത്താലവിടെയും നീയുണ്ടല്ലോ?

### 61

അനുഗമിക്കും ഞാനേശുവിനെ,
ആനന്ദദായകനെ,
ആരാധിക്കും ഞാനേശുവെമാത്രം
അന്ത്യശ്വാസം വരേയും.

1. എന്നെ മെനഞ്ഞ ദൈവം വിശ്വസ്തനായ്,
എന്നെന്നും കൂടെയുണ്ടല്ലോ;
പിന്മാറിലൊരിക്കലും, തളർന്നിടില്ല;
വലംകരം പിടിച്ചവൻ വഴിനടത്തും.

2. എന്നെ വിളിച്ചവൻ പാപം ക്ഷമിച്ചവൻ
വിശുദ്ധ മാർഗ്ഗം പഠിപ്പിച്ചു;
അശുദ്ധിയഖിലവും വെറുത്തിടുന്നേ,
വിശുദ്ധിയിൽ വളരാൻ വരമരുളൂ.

3. പരീക്ഷ ശോധനകളേറിയെന്നാലും,
ജീവന്റെ മാർഗ്ഗത്തെ ആക്രമിച്ചാലും,
വചനത്തിലെന്നെന്നും വേരൂന്നി ഞാൻ
വല്ലഭനോടൊപ്പം യാത്ര ചെയ്യും.

### 62

ദൈവം പ്രവർത്തിക്കും നിശ്ചയം, എന്റെ-
സങ്കടയാചനയ്ക്കുത്തരം നൽകും;
കണ്ണീരു കാണുന്ന പ്രിയനെന്റെ ദൈവം
സങ്കടമൊക്കേയും തീർത്തു തരും,
എന്റെ സങ്കടമൊക്കേയും തീർത്തുതരും.

1. ഏകനായെന്നെ കൈവെടിയാത്തവൻ
ഏകാന്ത ദുഃഖത്തിൽ കൂട്ടിനെത്തും;
ഏവരും നിദ്രയിൻ മടിത്തട്ടിലമരുമ്പോൾ,
ഏകാകിയായ് ഞാൻ കണ്ണീർ വാർക്കും.

2. കണ്ണുനീർ കാണുമ്പോഴൊപ്പം
കരയുന്നോൻ,
കാരുണ്യമോടെന്റെ അരികിൽ വരും,
കാവലിരിക്കുന്ന മാലാഖയായെന്റെ,
കാരുണ്യവാൻ, കണ്ണീരൊപ്പാനെത്തും.



### 63

നിന്റെ രക്ഷയെന്ന പരിചയെ തന്നതിനാൽ,
നിന്റെ വലം കൈ ഞങ്ങളെ താങ്ങിയതിനാൽ,
നിന്റെ സൗമ്യതയാൽ നിത്യം
അലങ്കരിച്ചതിനാൽ
നിസ്തുലരായ് ഞങ്ങൾ മാറിടുമെന്നും.

1. മാൻപേടക്കാൽകൾക്കുതുല്യമാക്കി കാൽളെ,
ഉന്നതങ്ങളിൽ നിലയുറയ്ക്കുവാൻ;
താമ്രചാപങ്ങൾ കുലയ്ക്കാൻ
പ്രാപ്തിയേകി നീ,
നന്ദിയേശുവേ, നന്ദിയെന്നുമേ.

2. കൈകൾക്കു ബലമേകി മെയ്‌വഴക്കവും,
അങ്ങേയ്ക്കായ് പടപൊരുതാൻ ശക്തിയുമേകി;
അരകൾക്കു ബലമേകി കീഴ്പ്പെടുത്തുവാൻ,
ശത്രുക്കളാകവേ നിലവിളിക്കയായ്.

### 64

ഹൃദയം നുറുങ്ങിയോർ തമ്മിൽ തമ്മിൽ
ആധികൾ പകർന്നപ്പോളേശുവന്നു;
ആരോരുമാശ്വാസമേകുവാനില്ലാത്ത-
ശൂന്യമാം നിമിഷത്തിലേശുവന്നു.

1. മാതാപിതാക്കൾ കൂട്ടിനില്ലെന്നോ?
സോദരരും കൂടെ വിസ്മരിച്ചോ?
ബന്ധുക്കളെല്ലാം കൈവെടിഞ്ഞെന്നോ?
അന്യനെപ്പോൽ നിന്നെ തള്ളിക്കളഞ്ഞോ?

2. നിന്ദയോടേവരും ഇടറിനിന്നെന്നോ?
ധൈര്യഹീനം വേണ്ട, യേശുവിൽ ചാരൂ;
ആത്മബന്ധുവായേശു കൂട്ടിനുണ്ടല്ലോ,
ധീരതയോടെ വാ, രക്ഷ നേടൂ.

### 65

അത്യുന്നതൻ സർവ്വശക്തൻ യഹോവ;
അവൻ എന്റെ സങ്കേതമേ,
തൻ നിഴലിൻ കീഴിൽ ഞാൻ വസിക്കുമ്പോൾ-
കോട്ടയായ് പാലിക്കുമെന്നെന്നുമേ.

1. വിടുവിച്ചിടും മഹാമാരിയിൽ നിന്നും,
കെണികളിൽ കുടുങ്ങി നീ പതറിടാതെ,
ചിറകതിൻ കീഴിൽ ശരണം പ്രാപിക്കുകിൽ,
തൂവലുകളാൽ നിന്നെ മറച്ചീടുമേ.

2. വിശ്വസ്തനായവൻ പരിചയല്ലോ?
ഭയപ്പെടേണ്ടൊട്ടും പേടി വേണ്ട;
രാത്രി ഭയങ്ങളും പകലിന്റെ മാരക-
സംഹാരഭീതിയും ബാധിക്കില്ല.

3. ആയിരങ്ങൾ പതിനായിരങ്ങൾ
വീണിടുന്നേരവും നിർഭയനായ്,
ദുഷ്ടരിൻ പ്രതിഫലം കണ്ടിടും നീ,
എങ്കിലും നിന്നോടതടുക്കയില്ല.

### 66

ദൈവത്തിൻ ഭാരം നിൻ ഭാരമാകേണം,
ദൈവത്തിൻ ദുഃഖം നിൻ ദുഃഖമാകേണം;
ദൈവത്തിൻ ഭാരം ദേശത്തെയോർത്തുള്ള-
ഭാരമതോർത്തു നീ ഇടിവിൽ നിൽക്ക.

1. ഭക്തനാണോ നിൻ ജീവിതയാത്രയിൽ
കെരീത് തോടിൽ നീ ഒളിക്കുകയോ?
വെളിപ്പെടേണ്ടുന്നതാം നാളതിൽ നിന്നെ
വെളിപ്പെടുത്തും ദൈവം ഭയപ്പെടേണ്ട.

2. കഷ്ടത വന്നപ്പോൾ രക്തബന്ധുക്കളും
ആശ്വാസമേകുവാൻ കണ്ടതില്ലെന്നോ?
കർത്താവു നമ്മെ കൈവിടാതുള്ളോൻ;
സത്യമേ സത്യം നീ ധൈര്യപ്പെടൂ.

*(08-05-2012, ചൊവ്വ
റാഫായിൽ ഉപവാസം)*

## 67

ദൈവമഹത്വം മറ്റാർക്കുമേകാതെ
സ്വർഗ്ഗത്തിൽ വാസം ചെയ്യുന്നവൻ
അത്ഭുതവാനായ് വിണ്ണിലും മണ്ണിലും
ജീവിക്കുന്നിന്നോളം പാപികൾക്കായ്.

1. ചെങ്കടൽ താണ്ടി മരുഭൂവിലെത്തി-
കുടിക്കുവാനൊരുതുള്ളി ജലമില്ലാതെ,
മാറായിൻ അനുഭവം ജീവിതയാത്രയിൽ
വിധിക്കുകിലും നീ പതറിടല്ലേ.

2. ഘോരമാം മരുഭൂവിൽ വാസമോ സോദരാ,
ഉദ്യാനമായതുമാറ്റിടും നാഥൻ;
പച്ചവെള്ളത്തെയും മുന്തിരിച്ചാറാക്കാൻ
ശക്തനല്ലോ ജീവദായകൻ നാഥൻ.

---

## 68

ഈശാനമൂലൻ വീശി നിന്മേൽ നിത്യം-
ഭീതി വിതച്ചിടുമ്പോൾ,
ജീവിതക്കപ്പൽ തകർന്നിടാതെ,
സംരക്ഷയേകുമെൻ യേശുനാഥൻ.

1. ധൈര്യമായിരിക്ക നീ, ഞാനില്ലേ കൂടെ,
ആത്മമിത്രം വേറെ ആരുണ്ടിഹെ?
കരങ്ങളിൽ വഹിച്ചു നിന്നന്ത്യം വരേയും
നടത്തുവാൻ പ്രാപ്തനായ് ഞാനില്ലയോ?

2. ദൈവം നമ്മോടു കൂടെയുണ്ടെന്നാൽ
മനസ്സാകുമോ, നമ്മെ കൈവെടിയാൻ?
അഭയം പ്രാപിക്കുന്ന ദോഷികൾക്കെല്ലാം
രക്ഷാ കവചമായ് മാറുമേശു.

---

## 69

നിന്നെ തകർക്കുന്ന അനുഭവങ്ങൾ,
മുഖാമുഖം നീ കണ്ടിടുമ്പോൾ,
പതറിടല്ലേ കാൽകൾ ഇടറിടല്ലേ,
നീതിയിൻ സൂര്യൻ കൂടെയുണ്ട്.

1. ദൈവാത്മാവില്ലാത്ത ജീവിതങ്ങൾ,
ആത്മാവിൽ ജീവിപ്പോർക്കെതിരാകുമ്പോൾ,
കാണും നീ ആശ്വാസദായകനെ
ദുഃഖം വഹിക്കുന്ന രക്ഷിതാവായ്.

2. ദുഃഖം നിരാശകൾ വേദനകൾ
എന്തെല്ലാം പ്രാണനിൽ കടന്നീടിലും,
കൈവെടിയാത്തവൻ കർത്താവല്ലേ?
കരം പിടിച്ചനുയാനം ചെയ്തീടുമോ.

---

## 70

ധൈര്യമായിരിക്കുവിൻ, പ്രത്യാശ വയ്ക്കുവിൻ;
ജീവനിൽ ജീവനായ നാഥനേശുവിൽ.
കൈവിടില്ലൊരിക്കലും വാക്കുമാറിടാത്തവൻ,
സന്തതം കരം ഗ്രസിച്ചു പിൻഗമിച്ചിടാം.

1. ആത്മനാഥനാകുലങ്ങളേകുകിലും സോദരാ
ഭീതിവേണ്ട തോഴനായി നിത്യ ദൈവമില്ലയോ?
പ്രാണസങ്കടങ്ങളാലെ ഭീതിയേറിടുന്നുവോ?
കാവലായ് കരുത്തനായ് ഉറ്റ തോഴനില്ലയോ?

2. അനുഗമിക്കനാമും അവനെ
ആത്മധൈര്യമേകിടും;
ആത്മനൊമ്പരങ്ങളേറി ചാരമായി മാറുമോ?
സടകുടഞ്ഞെണീറ്റു സിംഹമെന്ന പോലെ നാം
ആത്മദാഹമോടെ കർത്തൃസേവ ചെയ്തിടാം.

---



## 71

രൂപാന്തരപ്പെട്ട ജീവിത ശൈലി
കർത്താവുള്ളങ്ങളിൽ വസിച്ചിടുമ്പോൾ,
കാണുന്നില്ലെങ്കിലോ വ്യർത്ഥമത്രേ,
ക്രൈസ്തവ ജീവിതം ഭംഗിവാക്യം.

1. കണ്ണീരൊപ്പുന്ന സേവകരായ്
നിശ്ചയദാർഢ്യമോടേശുവിനായ്,
അനുദിനം യത്നിച്ചു മുന്നേറുകിൽ
യേശുവിൻ കരം നമ്മെ വഴി നടത്തും.

2. മർത്യനു മനുഷ്യത്വമില്ലാതെയാകുമ്പോൾ
മാനസം വിഷലിപ്തമാകും,
മന്വന്തരങ്ങൾ കഴിഞ്ഞാലും മാറാത്ത-
മായാവിലാസത്തിന്നുടമയാകും.

---

## 72

ഭാരതമേശുവെ വരവേല്ക്കും,
സുവിശേഷം സ്വതന്ത്രരാക്കും;
ജാതിമതാന്ധത അകറ്റിടാം നാം
സാഹോദര്യം പുലർത്തിടാം.

1. അനന്തനന്മയിനുറവിടമാകും
യേശുവെ ഹൃദയേ വരവേല്ക്കിൽ,
അഭിമുഖദർശന സായൂജ്യത്താൽ
തിരുസുതരാകും സർവ്വരുമേ.

2. തമസിൽ കോട്ടപൊളിക്കുക വേഗം
ക്രൂശിൻ സ്നേഹത്തികവാലേ,
പാരസ്പര്യച്ചങ്ങലയാലേ-
സമത്വമിവിടെ പുലരട്ടേ

3. മനുഷ്യനിർമ്മിത ദൈവമല്ലോ
മതങ്ങളേറെ ജനിപ്പിപ്പൂ;
മനുഷ്യമനസ്സിന്നാഴങ്ങളിലായ്
മഹാദുരന്തമൊരുക്കീടും.

---

## 73

ആത്മാവിനേറെ വില കല്പിച്ചീടുന്ന
വിശ്വം ജയിച്ചവനേശു ചോദിപ്പൂ,
സർവ്വലോകത്തെയും നേടുന്ന മർത്യന്റെ-
ആത്മാവുനഷ്ടമായ്പ്പോയാൽ!
ഉപകാരമെന്തുള്ളൂ സ്നേഹിതരേ?
ആശ്രയിക്കാം നമുക്കാശ്രയം യേശുവിൽ
വയ്ക്കാം.

1. യാഹിലാശ്രയിക്കുന്നോർ കുലുങ്ങയില്ല,
ഉറപ്പും ധൈര്യവും യേശു നൽകും;
ജീവിതദർശനം സാക്ഷാത്കരിക്കാൻ
രക്ഷകനേശു വഴിയൊരുക്കും.

2. ജീവിതയാത്രയിൽ പരാജിതരാകുമ്പോൾ
ഉറപ്പുള്ള മുന്നേറ്റം കൈവരിക്കാൻ
സീയോൾ പർവ്വതം പോൽ നമ്മെ നിർത്തുന്ന-
പ്രാണപ്രിയൻ നിത്യം കൂടെയുണ്ട്.

---

## 74

സൃഷ്ടികളാം നമ്മെ സ്രഷ്ടാവിനല്ലാതെ
തകർക്കുവനൊരുനാളും സാദ്ധ്യമല്ല,
ദിവ്യമാമീ സത്യം ഗ്രഹിച്ചുനാം മുന്നേറി-
വിജയശ്രീലാളിതരായ് മാറെണം.

1. ദൈവത്തിന്നാത്മാവു നമ്മെ ഭരിക്കുകിൽ
നിർഭയരായ് നാം മുന്നേറിടും,
തന്ത്രങ്ങളെത്ര പയറ്റിയാലും സാത്താൻ-
ജയിക്കയില്ലെന്നുള്ളതറിഞ്ഞിടേണം.

2. മുത്തുകൾ വിതറി നീ പന്നികൾ മുന്നിൽ
നന്നാക്കുവാനായ് ഒരുമ്പെടല്ലേ,
പന്നിതൻ മൂക്കിലെ പൊന്നിൻ മൂക്കുത്തിയാ-
ണവിവേകിയായുള്ള സൗന്ദര്യധാമം

---

# 75

മനുഷ്യനു നന്നായിട്ടല്ലയോ തോന്നും
തന്റേതാം
വഴികളെല്ലാം തന്നെ നേരുള്ളതെന്നും?
യഹോവയാം ദൈവം ഹൃദയങ്ങളെ-
ശോധന ചെയ്യുമെന്നറിഞ്ഞുകൊൾക.

1. മനുഷ്യാ നിൻ ലംഘനങ്ങൾ മറച്ചാൽ
ശുഭം വരില്ലെന്നു നീ അറിഞ്ഞീടുമോ?
കരുണയ്ക്കായ് കാംക്ഷിക്കും പൈതലേ നീ
അപരാധങ്ങൾ ഏറ്റു പറഞ്ഞീടുക.

2. മനുഷ്യാ നിൻ ഗർവ്വം താഴ്ത്തീടും നിന്നെ,
മാനം പ്രാപിക്കുവാൻ വിനയപ്പെടൂ,
അനർത്ഥത്തിലകപ്പെടും പ്രിയ സോദരാ
ഹൃദയത്തെ കഠിനമാക്കീടരുതേ.

# 76

വാഗ്ദത്തത്തിൽ വിശ്വസ്തനേ,
ലജ്ജിക്കാനിടയാക്കല്ലേ;
നിന്നിലർപ്പിക്കുമെൻ വിശ്വാസത്തെ
പരീക്ഷകനേല്പിക്കല്ലേ.

നിന്നിലാമോദിക്കും, നിൻകരം പിടിച്ചു ഞാൻ,
ആനന്ദ നൃത്തം ചെയ്യും;
ശത്രു തോറ്റോടീടുമേ നിശ്ചയം!
ശത്രു തോറ്റോടീടുമേ.

ജയക്കൊടി പാറിക്കുമെൻ നാഥനായ് ഞാൻ
യേശുവിൻ സഹായത്താൽ,
സർവ്വരും ഭ്രമിച്ചീടുമേ നിശ്ചയം!
തെല്ലും ഞാൻ ഭയപ്പെടില്ല.

ദൈവമെന്നാത്മാവല്ലേ അവങ്കൽ ഞാൻ
അഭയം പ്രാപിച്ചീടും;
ആശ്രയം നാഥാ നീയേ നിശ്ചയം!
ലജ്ജിതനാക്കീടല്ലേ.

## പാപം

# 77

സ്വർഗ്ഗീയദർശനം നൽകണേ നാഥാ
സ്വർഗ്ഗത്തിനവകാശി ആകുവോളം,
പാപത്തിൻ ചിന്തകൾ ജീവിതനാൾകളെ
പാപത്തിലാഴ്ത്താതെ കാത്തിടേണം.

1. ദൈവമേ അവിടുത്തെ സാന്നിദ്ധ്യം ഞങ്ങൾ
അറിയുമ്പോൾ ഓടി ഒളിച്ചിടാതെ,
കളങ്കമില്ലാത്തവരായെന്നും ജീവിക്കാൻ
കൃപയേകി കൂട്ടാളിയായ് വസിക്കൂ.

2. ഹൃദയത്തിന്നുള്ളിലെ ചിന്തകൾ പോലും
വല്ലഭാ അവിടുന്നറിയുന്നുവല്ലോ?
ആകയാലവിവേകമെല്ലാം ക്ഷമിക്ക;
ഹൃദയാഭിലാഷങ്ങൾ പൂവണിയട്ടേ.

# 78

രഹസ്യപാപങ്ങൾ നിൻ ജീവിതത്തെ,
ദുരന്തത്തിലേക്കു നയിക്കുന്നില്ലേ?
പാപം ചെയ്യുമ്പോൾ സന്തോഷിക്കുന്നോ?
പോരായ്മ കണ്ടെത്തി പരിതപിക്കൂ.

1. വചനം ധ്യാനിച്ചനുയോജ്യമായ് നീ
ജീവിക്കുകിൽ പാപമൊഴിഞ്ഞുപോകും;
വചനത്തിന്നാഴത്തിൽ വേരൂന്നുകിൽ നീ
വിശുദ്ധിയെ പ്രാപിച്ചു ജീവിച്ചിടും.

2. പാപങ്ങൾ ചെറുതാകാം വലിയതാകാം
ദൈവത്തിൻ സന്നിധേ ഒരു പോലല്ലോ?
ആകയാൽ പാപങ്ങളെല്ലാമുപേക്ഷിച്ചി-
ട്ടേശുവിൻ രക്തത്തിലഭയം തേടൂ.

3. വിശുദ്ധവസ്ത്രാലങ്കാരത്തോടെ നിത്യം
അനുയാനം ചെയ്യാം വിരുതിനായി,
തങ്കക്കിരീടം ധരിച്ചു പ്രിയൻ ചാരേ
സാമോദാൽ വാഴാൻ പ്രയത്നിച്ചിടാം.



# 79

വിശുദ്ധവസ്ത്രത്താലഭിഷിക്തരായുള്ള
സദ്യകൃരേ ശാസ്ത്രിമാരേ,
നിങ്ങൾക്കുമില്ലേ സാമാന്യ ചിന്തകൾ
ജഡാഭിലാഷങ്ങളെന്നിവയും?

1. കണ്ണടച്ചെന്തിനിരുട്ടാക്കിടുന്നു?
കാലുഷ്യമാനസം പേറുവതെന്തേ?
കാപട്യമില്ലാത്ത സൗന്ദര്യധാമങ്ങൾ
പച്ചമനുഷ്യനെക്കാണുവതന്ധമായ്.

2. ദൈവീക പരിവേഷമുൾക്കൊണ്ടിടുന്നോർ
സുസ്മേരവദനരായ് വിധവകൾ തൻ,
വൈധവ്യ ദുഃഖത്തിൻ തീഷ്ണത തന്നിൽ
ശീതള ധാരയായ് മാറിടുന്നോ?

## സ്നേഹം

# 80

സ്നേഹിക്കാൻ പഠിപ്പിച്ച ദിവ്യകാരുണ്യമേ,
പാദാന്തികേ ഞങ്ങൾ നമിച്ചിടുന്നേ;
തിരുസ്വരമനുദിനം കാതിനിമ്പം നൽകും,
തിരുവചനം നിത്യ ശാന്തിയേകും.

1. ഇരുവരൊന്നായ് ദൈവസ്നേഹത്താൽ
നിറയുമ്പോൾ,
കമനീയമാകും ജീവിതം ധന്യം,
ശത്രുക്കളമ്പേ പരാജിതരാകും
ദൈവമക്കൾ നിത്യ സായുജ്യം പൂകും;

2. സ്നേഹവല്ലരിപൂത്തിട്ടനുഗ്രഹം
നിറയുമ്പോൾ
സുഗന്ധിയാം തെന്നൽ ആരോഗ്യമേകും;
സന്തത സഹചാരിയേശു വൻകൃപകൾ
നിത്യതയോളം പകർന്നു നൽകും.

# 81

പാരസ്പര്യത്തിന്റെ ചങ്ങല കോർക്കുന്ന-
പ്രാണപ്രിയൻ ചാരേ അണഞ്ഞിടുമ്പോൾ,
കീഴ്പ്പെടുമന്യോന്യമേവരുമന്നേരം,
ജീവിതാദർശമോ സ്നേഹമായ് മാറും.

1. ദൈവരാജ്യമാകും സ്നേഹത്തികവിന്റെ-
അച്ചാരമായുള്ള കുടുംബബന്ധം,
പൊട്ടാത്ത മാധുര്യ ചഷകമാക്കാൻ
ദൈവസ്നേഹം നാം പങ്കുവയ്ക്കാം.

2. ദുർന്നടപ്പാകെ ത്യജിക്കാം വിശുദ്ധമാം
സംസർഗ്ഗത്താലുള്ള ശുശ്രൂഷയേകാം,
ജാതികൾ മാതൃകയാക്കട്ടേ നമ്മെ,
ക്രിസ്തീയസ്നേഹം വിളങ്ങിടട്ടേ;

3. വിശുദ്ധരാനന്ദത്താൽ പ്രിയനെയൊരുനാൾ
വാനമേഘങ്ങളിൽ എതിരേൽക്കുമ്പോൾ,
ഭക്ത്യാദരങ്ങളാൽ കുടുംബങ്ങളൊന്നായ്,
മണവാട്ടിവർഗ്ഗത്തിൽ അണിനിരക്കാം.

# 82

വിശ്വാസം പ്രത്യാശ സ്നേഹം,
ഇവ മൂന്നും നിലനില്ക്കുന്നു;
വൈശിഷ്ട്യമാർന്നതാം ദിവ്യസ്നേഹം,
വലിയതല്ലോ, അതു പ്രാപിച്ചിടാം.

1. അനുഗ്രഹ മുറിയുടെ പൂട്ടുകൾ താനേ-
തുറക്കുന്നതോ, ദിവ്യസ്നേഹത്താലേ,
അനുദിനം മനനം ചെയ്താത്മാഭിഷേകം-
പ്രാപിക്കാനുതകും സ്നേഹ മന്ത്രം.

2. അനുഗ്രഹ വർഷങ്ങൾ ദൈവദത്തം, നമ്മെ-
അനുഗ്രഹമാക്കുന്ന ദൈവ സ്നേഹം,
നിഷ്ഫലമേ സ്നേഹമില്ലാത്ത ജീവിതം,
ആകയാൽ പരസ്പരം സ്നേഹിക്ക നാം.

## 83

ദൈവസ്നേഹത്തിന്റെ, സന്തോഷമെന്നും-
നിറയട്ടേ ഹൃദയങ്ങളിൽ;
വചനത്തിൻ വക്താക്കളാകുവോരാരെയും
സ്നേഹം പകരുവാൻ കാണ്മതില്ല.

1. ധനമേകും സ്വാതന്ത്ര്യസന്തോഷങ്ങൾ
സ്നേഹം പങ്കിടാൻ പിശുക്കുകാട്ടും,
കാലം വെളിപ്പെടുത്തീടുന്ന ദിവ്യമാം
സ്നേഹമാഹാത്മ്യം ദിവ്യമല്ലോ.

2. ദേവാലയത്തിൽ നന്മയാൽ നമ്മൾ
സ്നേഹപിതാവിനെ കണ്ടുമുട്ടും;
സ്നേഹത്തിനായ് നമ്മളേശുവിൻ പിൻപേ-
യാത്ര ചെയ്യാമവൻ കൈവിടില്ല.

3. മാനുഷരെല്ലാരുമൊന്നുപോൽ നിന്ദമേൽ-
വർഷിച്ചുവേദനതീറ്റിടുമ്പോൾ,
ജീവരക്തം തന്നു പ്രാണൻ നിലനിർത്തും
സ്നേഹമതെത്രയോ ആശ്ചര്യമേ.

4. കണ്ണീരൊഴുക്കുന്ന കാക്കയെപ്പോലും
കരുതുന്ന സ്നേഹവാൻ നീയല്ലയോ?
കാരുണ്യമില്ലാത്ത മർത്യനു നിത്യവും
കാവലായീടുന്നു ദൈവപുത്രൻ.

## 84

ഇത്രമേൽ സ്നേഹം ചൊരിഞ്ഞിട്ടുപോലും
ഹൃദയം നീ തുറക്കാത്തതെന്തു കുഞ്ഞേ?
നിത്യത തന്നിൽ നിനക്കു പ്രവേശനം
നൽകുവാനല്ലയോ സ്നേഹിച്ചു ഞാൻ?

1. സ്വാർത്ഥമാം ബാലിശ ചിന്തയൊക്കേയും
പാടേയകറ്റുമോ എനിക്കുവേണ്ടി?
നിന്ദകളാകെയും ക്രൂശിൽ വഹിച്ചു ഞാൻ,
നിന്റെയും നിന്ദകൾ മാറ്റില്ലയോ?

2. ബലഹീനനായ് ഞാൻ മാറുന്നു മക്കളേ
സ്നേഹം ചുരത്തുന്നൊരമ്മയെപ്പോൽ,
കോപിച്ചു ശാഠ്യം കാട്ടുമെൻ കുഞ്ഞേ നിൻ
ആർദ്രമാം സ്നേഹം ഞാൻ തിരിച്ചറിയും.

## 85

ഒന്നിനും കൊള്ളാത്തൊരെന്നെയും പ്രിയൻ
കൈതന്നുയർത്തിയ സ്നേഹമോർത്താൽ,
എത്രവർണ്ണിച്ചാലും മതിവരുന്നില്ലെന്റെ-
പ്രാണപ്രിയാ നിന്നെ നമിച്ചിടുന്നു.

1. ആയിരം പാശത്താൽ ബന്ധിച്ചൊരെന്നെ,
ബന്ധനത്തിൽ നിന്നു വിടുവിച്ചവൻ,
സത്യത്തിൻ പാതയിൽ നിത്യം നടത്തുന്ന-
വല്ലഭത്വം ദിവ്യമാശ്ചര്യമേ.

2. ഭാഗ്യവാനെന്നെന്നെ പേർവിളിക്കുന്നേ,
ദുരിതസഞ്ചയമെന്നിൽ കണ്ടിടാത്തോർ;
ദുര്യോഗത്താൽ മനമാധിയാൽ കേഴുമ്പോൾ
ദുരവസ്ഥ നീങ്ങുവാൻ പ്രാർത്ഥിക്കുമോ?

3. ഈയ്യോബിനെപ്പോലെ ഹതഭാഗ്യനായീ-
ജീവിതപാതയിലുഴറിടുമ്പോൾ,
തള്ളിക്കളഞ്ഞവർ ചുറ്റിലും നിൽക്കവേ,
കണ്ടിടുമെന്നിൽ തൻ ദിവ്യശക്തി.

## 86

അനുഗ്രഹങ്ങൾക്കൊരു കുറവും വരാതെ
അനുദിനം ഞങ്ങളെ നടത്തിടുന്നോൻ,
അവിവേക മാർഗ്ഗങ്ങൾ പാടേയകറ്റാൻ
അടിയരിൽ കൃപയെന്നും വർഷിക്കുന്നു.

ഹാ! എത്ര ശ്രേഷ്ഠമീ ദൈവസ്നേഹം;
ഒരിക്കലും കുറയാത്ത സ്നേഹം!

1. സകലർക്കും കൈയ്പായി മാറിടുമ്പോൾ
സർവ്വരും വെറുക്കുമകാരണമായ്,
സകലർക്കും അനുഗ്രഹമാകേണം നമ്മൾ;
സർവ്വേശപുത്രന്റെ വചനത്തിനാൽ.

2. ശാപങ്ങൾ ചുമലിൽ വഹിച്ചിടേണ്ട,
ശാന്തനാമേശുവെ പിൻചെല്ലുമോ?
ശാന്തതുറമുഖത്തെത്തിച്ചീടും നാഥൻ,
ശാന്തിയും സൗഭാഗ്യവും നിറയും.



## 87

സൗഹൃദം പുലർത്തുവാനാരുമില്ല,
സൗഹൃദം പകരുവാനാരോരുമില്ല,
ഏകനായ് പരദേശിയായിതാ നിന്നെ,
ആരോരുമില്ലാതെ ആരാധിപ്പൂ.

1. യേശുവേ തവസ്നേഹ മാധുര്യം നുകരാൻ
കൊതിപൂണ്ടിതാ തിരു സവിധേ വരുന്നേ,
നിർവ്യാജസ്നേഹം പകരാൻ കൊതിപ്പൂ
ശത്രുമിത്രം എന്ന ഭേദമില്ലാതെ.

2. അറിവിൻ വരമേകിയാത്മ പകർച്ചയാൽ
അവിവേകമാകെയും മാറ്റിയ സ്നേഹിതൻ,
സൗഹൃദ സംവാദം വിന്യസിച്ചുള്ളിൽ
ധന്യനായ് മാറ്റി, മഹൽ സ്നേഹമായ്.

## 88

ഏകജാതനെ ക്രൂശിൽ നൽകിയ സ്നേഹം
ദൈവത്തിൻ മഹോന്നത സ്നേഹം,
ആ ദിവ്യ സ്നേഹത്തെ അറിയാത്തോരാരും
ദൈവത്തെ അറിയുന്നില്ല.

1. ദൈവത്തിൽ നിന്നും ജനിച്ചവർക്കല്ലാതെ-
മർത്യനെ സ്നേഹിക്കാനാവതില്ല;
ദൈവീക സ്നേഹം പങ്കുവയ്ക്കാനല്ലോ-
മർത്യനു ദൈവം ജീവനേകി.

2. നമ്മിൽ വസിക്കുന്ന നിത്യദൈവം,
വെളിപ്പെടുത്തുന്നതാം നിർവ്യാജസ്നേഹം
ക്രിയ ചെയ്തുള്ളത്തിൽ വെളിപ്പെടുമ്പോൾ,
സ്നേഹത്തികവാൽ നാം ധന്യരാകും.

## 89

കരുണാമയനാം താതൻ നമുക്കെന്നും
കൃപയേകിടാഞ്ഞാൽ അനർത്ഥം വരും;
നന്മകളെങ്ങനെ പ്രാപിച്ചീടും പിന്നെ,
ഭൂവിലെ വാസമോ ദുഷ്കരമാം.

1. ദൈവമോ നമ്മെ കരുതാതിരിക്കുകിൽ
ദിനവും തുൻപങ്ങളേറീടുമേ,
താളടിയാകാകെയീശൻ നമുക്കായ്
ആശ്വാസ കരവുമായ് വന്നീടുമേ.

2. നല്ലവനാമെന്റെ യേശു മാത്രം തുണ,
അഭയം തരുന്നതാം സ്നേഹമല്ലോ;
സ്നേഹിക്കാനും സ്നേഹം പകർന്നിടാനും
നല്ലവരാരുമില്ലീയുലകിൽ?

## 90

എന്നെയോർത്തെന്തുമാത്രം പ്രിയനേശു
വേദനിച്ചു മനം നൊന്തുവെന്നോ?
തിന്മയ്ക്ക് പാത്രമായ് ജീവിച്ചൊരെന്നെ
സ്നേഹം ചൊരിഞ്ഞല്ലോ വീണ്ടെടുത്തു.

1. പ്രതികൂലനാളുകളേറിവന്നപ്പോൾ
വിലപിച്ചു കണ്ണീരൊഴുക്കിയപ്പോൾ,
ആശ്ലേഷിച്ചീടുവാൻ, ആശ്വാസമേകിടാൻ
ആത്മനാഥൻ ചാരേ ഓടിയെത്തി.

2. ഫറവോന്റെ മുന്നിൽ ചെങ്കടൽ രണ്ടായ്
വിഭജിച്ച് ശത്രുവെ തകർത്തവനേ,
അങ്ങയെ വിസ്മരിച്ചകലങ്ങളിൽ പോകാ-
ലെപ്പോഴും കാവലായ് വേണമീശോ.

## 91

ഒരുമയായ് ദൈവത്തെ പാടി സ്തുതിക്കാം,
സ്തുതിസ്തോത്ര യാഗമർപ്പിക്കാം;
ഒരു മനമോടെ നാം ആരാധിക്കാം,
ദൈവസ്നേഹമുൾക്കൊണ്ടു ജീവിച്ചീടാം.

1. ദൈവത്തിൽ നിന്നുള്ള മാസ്മരസ്നേഹം,
ആത്മാവിൻ അമൃതാം സ്നേഹം;
ഈ സ്നേഹം ഒരിക്കലും വേർപെടില്ല,
നിത്യമാം ആത്മീയ ബന്ധമല്ലോ.

2. സ്നേഹിക്കാമോ നാമും തമ്മിൽ തമ്മിൽ,
പങ്കുവയ്ക്കാമാ നിർവ്യാജസ്നേഹം?
ക്രൂശിലെ സ്നേഹത്തിൻ മാതൃക പോലെ
അന്ത്യത്തോളം നാമും സ്നേഹിച്ചീടാം.

## 92

കണ്ണുനീർ മാനിക്കും എന്റെ ദൈവം
കാരുണ്യവാനല്ലോ എന്റെ ദൈവം;
ക്ലേശങ്ങളാൽ മനം തകർന്നിടുന്നേരം
കൂരിരുളിൽ അവൻ ദീപമായ് വരും

1. ഏലിയാവിൻ ദൈവം ജീവിക്കുന്നു,
അബ്രാമിൻ ദൈവം കൂടെയുണ്ടെന്നും;
മാറാത്ത നാഥനായ് യേശുവുണ്ടെന്നും
തളരാതെ തകരാതെ യാത്ര ചെയ്യാം.

2. മനസ്സലിയുന്നോനാണെന്റെ ദൈവം,
അടയുന്നവഴികൾ തുറക്കുന്നവൻ;
ഒരു വഴി അടയുമ്പോൾ വഴികൾ പലതും
തുറക്കാൻ കരുത്തനാണേശുവിന്നും

3. യേശുവില്ലാതുള്ള ജീവിതത്തിൽ-
നൈരാശ്യം മാറുമോ ചിന്തിക്ക നീ?
കാപട്യമാർന്നതാം ജീവിതനാടകം-
പാടേത്യജിക്ക നീ ധന്യനാകും.

## 93

ഒന്നിനെച്ചൊല്ലിയും വിചാരപ്പെടല്ലേ,
സ്തോത്രത്തോടുണർത്തുക ദൈവസന്നിധേ
ആവശ്യഭാരത്താൽ വലഞ്ഞിടുന്നേരം,
പ്രാർത്ഥനയ്ക്കുത്തരം നൽകിടുമീശൻ.

1. ദിവ്യസമാധാനം നിറയണമോ നിന്നിൽ?
സകലബുദ്ധിയേയും കവിയുന്നതാകണോ?
ഹൃദയങ്ങൾക്കുള്ളിലെ നിനവുകളെല്ലാം
ക്രിസ്തേശുവിങ്കൽ കാക്കപ്പെടും.

2. അനുതാപമൂറുന്ന ഹൃദയമുണ്ടോ നിന്നിൽ?
അന്യർക്കുപകാരിയാകുമോ നീയും?
ദൈവത്തിന്നിംഗിതം വെളിപ്പെടട്ടേ നിന്നിൽ
സർവ്വേശ്വരൻ നിന്നെ മാനിച്ചിടും.

## 94

ദാസ്യശുശ്രൂഷയാൽ മനം കവരുമ്പോൾ
യജമാനൻ അഭിനന്ദിച്ചാമോദമേകും,
സേവനം മാനിച്ചഭിനന്ദിക്കുമ്പോൾ,
ഹൃദയം കുളിർക്കും ആനന്ദിക്കും.

1. കരുതുവാനാരുമേ ഇല്ലാത്ത വേളയിൽ
കാരുണ്യം ദാഹിക്കുമ്പോൾ ...
ബലഹീനരെ കൈതാങ്ങുവാൻ യത്നിക്കിൽ-
കാരുണ്യവാൻ നമ്മെ കൈതാങ്ങിടും.

2. ഒന്നിച്ചുവളരാൻ ഐക്യതയുണ്ടെന്നാൽ
സഫലമായ് തീരും, ലക്ഷ്യമെത്താം;
പുഴയായൊഴുകാം അരുവികളേ നാം
ഒരുമയായ് നാഥനെ പിൻ ഗമിക്കാം.

3. പരിത്യജിക്കാം സ്വയം; അന്യർക്കായേകാം,
നിരന്തരം നമ്മെ, വിനയപ്പെടുത്താം,
ക്രൂശിന്റെ പാതയിൽ മുന്നോട്ടു പോകാം
ലോകത്തെ നേടാൻ മാർഗ്ഗം തെളിക്കാം.



## 95

ഒരു സ്നേഹതാരമായൊരു തിരിനാളമായ്
വിരഹാർത്തനാമെന്നിൽ കടന്നുവന്നു,
അനുപമസ്നേഹം പകരാനെനിക്കു നീ
ഹൃദയം തുറന്നതു വിസ്മയമേ.

1. ആതങ്കഭാരത്താൽ ഹൃദയം നുറുങ്ങവേ,
ആശ്വാസമേകാൻ കണ്ണീരൊപ്പാൻ;
ആരുമേയില്ലാതെ പാരം വിഷണ്ണനായ്
ഒരു തരി സ്നേഹം കൊതിച്ചു പോയ് ഞാൻ.

2. സ്നേഹത്താൽ വീർപ്പുമുട്ടിക്കുവാൻ മാത്രം
അറിയുന്നൊരേഴ ഞാൻ ഭാഗ്യഹീനൻ,
ആ ദുഃഖസത്യം തിരിച്ചറിഞ്ഞന്നെ നീ
പുളകിതനാക്കില്ലേ സ്നേഹമേ നീ.

## 96

മാനുഷസ്നേഹം കൊതിച്ചുപോകുമ്പോൾ
അജ്ഞതയാലുള്ളഹന്ത പൂണ്ടോർ,
അറിയാതെ സാത്താന്യബന്ധനത്താൽ
ഭോഷരായെണ്ണി പരിഹസിക്കും.

1. ദാനമായേകിയ നൽവരങ്ങൾ
ജ്വാലപോൽ മിന്നിത്തിളങ്ങീടിലും,
കേവലരായുള്ളോരെത്രയോ ഹീനമായ്
നാവിന്റെ ശക്തിയെ തുറന്നുകാട്ടി?

2. ദൈവമേ അവിടുത്തെ സ്നേഹമഗോചരം!
ശാന്തിയേകുന്ന നൽ പീയൂഷമേ;
ആ ദിവ്യസ്നേഹത്തിനടിമയായ് മാറിയ-
തിരുസുതർ നിന്ദ്യരായ് മാറേണമോ?

3. ആത്മാവു തേങ്ങുന്ന കാഴ്ചയാൽ ശത്രു,
അട്ടഹസിക്കുമ്പോൾ തുണയേകണേ;
ആരിലുമുന്നതനായോന്റെ സ്നേഹത്തിൻ
കൊടിയതിൻ കീഴിൽ ശരണപ്പെടാം.

## 97

സ്നേഹം ചുരത്തുവാൻ വൈമനസ്യം
സ്നേഹിതർ പോലും കാട്ടിടുമ്പോൾ,
സ്നേഹത്തിൻ മാസ്മര നൊമ്പരങ്ങൾ
സ്നേഹപ്രവാഹത്താൽ തീർന്നുപോകും.

1. ആർദ്രമാം സ്നേഹത്തിനാഴമളക്കാൻ
ആവോളമെത്തിച്ചു പിൻവാങ്ങവേ,
ആകുലമാനസമാകവേമാറ്റാൻ
ആത്മനാഥൻ ചാരേ വന്നിടുന്നു.

2. തീ തിന്നുമുള്ളത്തിലഗ്നിയാളാൻ
തീക്കാറ്റായെത്തുവോർ ചുറ്റുപാടും
തീവ്രമായെത്നിപ്പു കോപിഷ്ഠരായ്
തീ കെടുത്തില്ലേ എന്നാത്മനാഥാ.

## 98

സ്നേഹം മാധുര്യസ്നേഹം,
ത്യാഗം സഹിക്കുന്ന സ്നേഹം
ഹൃദയത്തിന്നാഴത്തിൽ വേരൂന്നി വളരും
നിർവ്യാജ സ്നേഹം ദൈവ സ്നേഹം.

1. ആരിലും ആർദ്രത കൈവരിക്കും
അനുപമസ്നേഹത്തിൻ തിരതല്ലലിൽ,
ആകുലമെല്ലാം ഒഴിഞ്ഞുപോകും
ആത്മാവിൽ സ്നേഹം അങ്കുരിക്കിൽ

2. കലവറയില്ലാത്ത സ്നേഹബന്ധം
ആനന്ദമേകും കൈമാറുമ്പോൾ,
പാരസ്പര്യത്തിന്റെ ചങ്ങല കോർക്കുന്ന-
നിരുപമസ്നേഹം ദൈവീകമേ

3. കാരുണ്യമൊഴുകുന്ന ദിവ്യസ്നേഹം
കരുണാമയൻ നൽകും ദാനമല്ലേ?
കൃപയേറെ പെരുകുന്ന വൈശിഷ്ട്യമാം
കൽമഷം പോക്കുന്ന ദിവൗഷധം

## 99

ഹൃദയത്തിൻ വാതിൽ തുറക്കുമോ മകനേ?
സ്നേഹമോടേശു ചോദിക്കുന്നു
ആരിലും അധികമായ് സ്നേഹിപ്പൂ നിന്നെ
രക്ഷകനായെന്നെ കരുതീടുമോ?

1. സാത്താന്റെ പണിശാല അലസതയാണേ,
അലസചിത്തം നീ മാറ്റീടുമോ?
പരിവർത്തനം ദൈവ വചനത്തിലൂടെ,
പ്രാപിക്കാം കൂട്ടായ് ആരാധിച്ചാൽ.

2. ശിഥിലമാം ചിന്തകൾ പാടേയുപേക്ഷിച്ചു-
നൈരാശ്യമൊക്കെയും മറന്നീടുമോ?
വിധി വൈപരീത്യത്തെയോർത്തു നിരന്തരം
വികലമായ് നാളുകൾ നീക്കിടല്ലേ.

---

## 100

സർവ്വവും ക്ഷമിക്കും സ്നേഹമുണ്ടെങ്കിൽ
എല്ലാം പൊറുക്കുന്നു സ്നേഹമുള്ളോർ
ശത്രുക്കളേയും മിത്രമാക്കീടാൻ
കരുത്തുള്ളതാണീ ദിവ്യസ്നേഹം

1. ശത്രുക്കൾ മിത്രമായ് മാറുവാനെത്രനാൾ
കണ്ണീരൊഴുക്കി കരഞ്ഞുവെന്നോ?
ദൈവീകസ്നേഹം ക്രീയ ചെയ്തപ്പോൾ
എന്തെന്തു മാറ്റങ്ങൾ കണ്ടുമുന്നിൽ?

2. ഹാ! എത്ര സ്നേഹമേ ദൈവീകസ്നേഹം?
രൂപാന്തരങ്ങൾ വരുത്തുന്നു ഹൃദയേ,
സിംഹങ്ങൾ പോലും വായടച്ചിടുന്നു
ദൈവീക സ്നേഹം വെളിപ്പെടുമ്പോൾ.

12-1-2013

---

## വാഗ്ദാനം

## 101

നിദ്രാവിഹീനമാം രാവുകളിൽ പ്രിയ-
നാഥനാമേശുവിൻ പൊൻമുഖം നോക്കി,
വാവിട്ടു കേണു കരഞ്ഞുടൻ കണ്ടു ഞാൻ
ചാരത്തു നാഥൻ വരുന്ന കാഴ്ച.

1. ദുഃഖങ്ങളെല്ലാം സ്വാംശീകരിച്ചേശു-
സാന്ത്വനമരുളിയിട്ടുറപ്പു നൽകി,
ഉറ്റതോഴൻ പോലവനോടു മെല്ലെ ഞാൻ-
സംവാദം ചെയ്തതും കാതോർത്തവൻ.

2. അന്യായമായൊന്നും ചോദിച്ചതില്ല ഞാൻ,
നന്മയറിഞ്ഞവൻ ഹൃദയം തുറക്കേ;
നിശ്ചയമായെന്റെ മകനേ നിനക്കു ഞാൻ-
നന്മ നൽകീടുമെന്നരുളീ ഭവാൻ.

---

## ആഹ്വാനം

## 102

സന്തോഷിക്കേണ്ട മൽ മനമേ നിന്റെ-
ശത്രുക്കൾ വീണിടുമ്പോൾ,
ആനന്ദിക്കേണ്ട മൽ ഹൃദയം തെല്ലും,
അവർ ഇടറി വീഴുന്ന നേരം.

1. ഹൃദയത്തെക്കാണുന്ന ദൈവം തനി-
ക്കിഷ്ടക്കേടുണ്ടാകയാൽ,
തന്മഹാ കോപം അവന്മേൽ നിന്നും
മാറ്റിക്കളഞ്ഞിടാൻ ഇടയായിടാം.

2. യേശുവിൻ പൈതങ്ങളല്ലയോ നമ്മൾ?
ക്രിസ്തീയ പൈതങ്ങൾ നമ്മൾ;
പ്രാർത്ഥിക്കുമോ നീ യേശുവെ നോക്കി,
പ്രതികൂലനാളുകൾ അതിജീവിക്കാൻ.

---



## 103

പിന്മാറ്റക്കാരേ,മടങ്ങിവന്നീടുവിൻ!
കർത്താവിൻ വയലിൽ കൊയ്ത്തിനായി,
വയലുകളാകെ പാകമായല്ലോ,
വേലക്കാരോ തീരെ ചുരുക്കമല്ലോ?

1. ആർപ്പിന്റെ നാദം ഉയർന്നിടട്ടേ,
കൊയ്ത്തിന്റെ ഉത്സവം ആചരിക്കാം,
ആനന്ദമോടൊപ്പം നൃത്തവുമായി,
സാക്ഷികളായ് നാം മുന്നേറിടാം.

2. അഭിഷേകം പ്രാപിച്ചിട്ടനുദിനമേവരും
ആത്മാക്കൾനേടാൻ പ്രാർത്ഥിക്കാമോ?
കൃപാവരങ്ങൾ ജ്വലിപ്പിച്ചിട്ടെന്നുമേ-
സ്നേഹത്തിൻതികവിൽ മുന്നേറിടാം.

---

## 104

ക്രിസ്തീയ സേനയിൻ അംഗങ്ങളേ നമ്മൾ
യേശുവെപ്പോലെന്നും ജീവിച്ചിടാം,
മാതൃകയാക്കട്ടേ ജാതികൾ നമ്മെ;
വിശ്വാസവീരരായ് മുന്നേറിടാം.

1. കാപട്യമെല്ലാം വെടിഞ്ഞിടാമോ?
പൊയ്മുഖമാകെയും ത്യജിച്ചിടാമോ?
വിശ്വസ്ത ജീവിത സാക്ഷ്യത്താൽ സ്നേഹം-
ജ്വലിക്കട്ടേ ജാതികൾ നമിച്ചിടട്ടേ.

2. അനുതാപമൂറും ഹൃദയം പകരാമോ?
തിരുസന്നിധാനത്തിൽ അഭയം തേടാമോ?
ആനന്ദബാഷ്പം പൊഴിച്ചു നാഥൻ,
തൃക്കരത്തിൽ നമ്മെ വഹിക്കുകില്ലേ?

---

## 105

സുവിശേഷത്തോടു നാം പങ്കുചേരാം,
ക്രിസ്തുവിൻ സാക്ഷ്യം വഹിക്കാം;
ദൈവത്താൽ നീതരായ് തീരാം,
ദൈവസ്നേഹം നാം പങ്കുവയ്ക്കാം.

1. വ്യാപ്തമാം ക്രൈസ്തവ ദർശനങ്ങൾ
ജീവിത ശൈലിയിൽ വാർത്തെടുക്കാം,
ദൈവസ്നേഹത്താൽ നിയന്ത്രിതരായോർ-
കൂട്ടായ്മയിലുൾച്ചേർന്നാരാധിക്കാം.

2. തുല്യതയുള്ളോരാം ദൈവമക്കൾ നമ്മൾ,
അനുരഞ്ജനത്തിനായ് വിനയപ്പെടാം,
ശുശ്രൂഷയേകിടാം തമ്മിൽ തമ്മിൽ;
യൂദയിൻ പാദങ്ങൾ കഴുകി യേശു!

3. നായകന്മാരാക്കി നമ്മെ ദൈവം,
അധികാരമേകി നിയോഗിക്കുമ്പോൾ,
യേശുവെപ്പോലെ നാം ശുശ്രൂഷയ്ക്കായ്,
സമർപ്പിച്ചിടാമോ? വിനയപൂർവ്വം!

---

## 106

സകലസൽഗുണവും നീതിയും, സത്യവും
കാത്തുസൂക്ഷിക്കുകിൽ നാമും,
ദൈവത്തിനേറ്റം പ്രിയങ്കരരായ്
നിത്യതയിൽ പ്രിയനോടു വാഴും.

1. ഇരുളിന്റെ കോട്ടയിൽ നിന്നുള്ള വിടുതൽ
അജ്ഞതയ്ക്കറുതിയാകും,
വെളിച്ചം ദുഃഖമായ് തോന്നീടിലും പ്രിയാ,
ജ്ഞാനപ്രദം സത്യവെളിച്ചമല്ലോ?

2. പ്രകാശിക്കാം നമുക്കേശുവിനായി,
പ്രഭാതമായിനി കൊയ്ത്തിനിറങ്ങാം;
വയലേലകൾ കൊയ്തു നാഥനേകാം,
കളപ്പുരതന്നിൽ നാം കൂട്ടിവയ്ക്കാം.

---

## 107

മാനവജാതിയിൽ പാപം വഹിക്കാൻ
കാൽവരിക്കുന്നിൽ യാഗമായോൻ,
നിന്നെയുമെന്നേയും സ്നേഹമോടെ
സ്വർഗ്ഗാധിനാഥൻ ക്ഷണിച്ചിടുന്നു.

1. പാപത്തിൻകെട്ടുകൾ പൊട്ടിക്കുവാൻ
പാലകനാമേശു അരികിലുണ്ട്,
ഹൃദയം തുറന്നേകാൻ മനസ്സാകുമോ?
ജീവിക്കും യാഗമായ് മാറിടാമോ?

2. മുറിവുകൾ കെട്ടും മനം തകർന്നോരെ,
സൗഖ്യമാക്കീടുന്ന നല്ല ദൈവം;
സ്വർഗ്ഗഗേഹം വെടിഞ്ഞൂഴിയിൽ വന്നു;
വീണ്ടെടുക്കാൻ നമ്മെ സ്നേഹമോടെ.

## 108

എത്ര ആനന്ദമേ എത്ര സൗഭാഗ്യമേ,
ക്രിസ്തീയ കുടുംബമെന്താനന്ദമേ;
സ്വർഗ്ഗീയമാകുമീ ഭൗമ കുടുംബത്തെ
ദൈവരാജ്യമായ് താതാ മാറ്റിടേണം.

1. കർത്താവരുളിയ വാഗ്ദത്തമല്ലയോ?
ഭൂവിലെ സ്വർഗ്ഗവുമിതു തന്നെയല്ലയോ?
സ്വർഗ്ഗീയ പൗരത്വം ഭൂമിയിൽ ലഭ്യമായ്
മാതൃകാ ജീവിതം കാഴ്ചവെയ്ക്കാം.

2. സത്യത്തിൽ നിന്നു നാമെത്രയോ അകലെ,
മിഥ്യയാം ജീവിതം നയിച്ചിടുന്നില്ലയോ?
മാതൃകാ പൂർണ്ണമായ് ക്രിസ്തുവിൻ
സാക്ഷിയായ്
നിത്യേന വളരേണം തലയോളം നാം.

3. കെട്ടുറപ്പുള്ളതാം സംശുദ്ധ ജീവിതം,
ക്രിസ്തീയ കുടുംബത്തിൻ മാതൃകയല്ലയോ?
ക്രിസ്തുവിൻ കുടുംബത്തിലംഗങ്ങളാകാൻ
രക്ഷകനേശുവെ സ്വീകരിക്കാം.

## 109

ജീവിക്കാൻ കഴിയാതിരിക്കുന്നോർക്കാശ്വാസം
പകരാം, ചൈതന്യമേകിടാം നാം,
ജീവിച്ചു കൊതിതീരാതുള്ളോർക്കു ജീവനിൽ
സ്നേഹത്തിൻ കൈത്തിരിയായി മാറാം.

1. പാദങ്ങളിടറി നിലം പരിചാകുന്ന
പഥികനു കൈത്താങ്ങലേകാം,
പരിതാപമാർന്നൊരു ജീവിതാവസ്ഥയിൽ
പതിതനായ് തീരുവോർക്കാശയേകാം.

2. കരുണാമയനായ കർത്താവിനോടു നാം
കരുണയ്ക്കായ് കേണു യാചിക്കാം,
കാരുണ്യം കാട്ടുന്ന മനസ്സിന്നുടമയായ്
കാപട്യമില്ലാതെ ജീവിച്ചിടാം.

## 110

തമസിൻ കോട്ടകൾ കാണുന്നില്ലേ?
ദാരിദ്ര്യം നീ കേൾക്കുന്നില്ലേ?
സമൃദ്ധമാം പൊൻപുലരിക്കായ് നാം
ഉണർന്നെണീൽക്കാം സർവ്വരുമേ.

1. യേശുവിൻ വാക്കുകൾ ശ്രവിച്ചിടാമോ?
കാതോർത്തവയെ ഉൾക്കൊള്ളാമോ?
കാലുകളേശുവെ പിൻഗമിക്കാമോ?
നിശ്ചയമേശു കൈവെടിയില്ല.

2. സർവ്വേശ്വരൻ കൂടെയുള്ളതിനാൽ
ദൈവമക്കൾക്കെന്നുമാനന്ദമേ,
അഖിലേശനെത്തന്നെ ധ്യാനിച്ചു നാം
നിത്യത പൂകാം ധന്യരാകാം.



## 111

ഇസബേലിൻ അപ്പന്റെ കൊട്ടാരത്തിൽ നി-
ന്നപ്പമിറച്ചികൾ ഏലിയാവിന്,
നൽകിയ ദൈവമേ തൃക്കരത്തിൽ
സമർപ്പിച്ചിടുന്നേ പാപി ഞാനും.

1. മാനിക്കും നിന്നെയും ശുദ്ധീകരിക്കുമ്പോൾ,
ശത്രുക്കൾ മുമ്പാകെ നിത്യദൈവം;
ചവിട്ടിക്കുഴയ്ക്കുമ്പോൾ വേദനയേറുന്നോ?
പരാതി പറയാതെ സഹിച്ചുകൊൾക.

2. സാഹചര്യങ്ങളാം ചക്രത്തിന്മേൽ നിന്നെ
രൂപപ്പെടുത്തുന്ന സത്യദൈവം,
എത്ര നന്നായ് നിന്നെ പണിതുവിട്ടാലും
വീണ്ടും കളിമണ്ണായ് മാറിടാമോ?

3. ഉടച്ചു നീ കളയല്ലേ സ്വയമായി നിന്നെ,
ഐശ്വര്യപാത്രമായ് മാറിയോനേ;
തീക്ഷ്ണമാം ചൂളയിൽ വെന്തവനല്ലേ നീ?
ശത്രുവിൻ ഭീഷണി ത്യജിക്ക കുഞ്ഞേ.

## 112

മാനവരക്ഷയ്ക്കായ് യാഗമായോൻ
മൂന്നാണിമേൽ ക്രൂശിൽ കാണുന്നിതാ,
എന്തോരു സ്നേഹമാണാത്ഭുതവാൻ
കാൽവരിതന്നിൽ വെളിപ്പെടുത്തി?

1. പാപത്തിൽ വീണ്ടും നീ ജീവിക്കയോ?
ഹൃദയം മനസ്സോടെ നല്കിടാമോ?
യാഗമായ് മാറാമോ ജീവിക്കുമീശന്റെ-
നാമമഹത്വം വെളിപ്പെടുത്താൻ.

2. മുറിവുകൾ കെട്ടി സൗഖ്യമാക്കീടുന്ന
ശമര്യക്കാരൻ പ്രിയ ദൈവപുത്രൻ
നമ്മെയും വീണ്ടെടുക്കാൻ തവജീവൻ
മറുവിലയായല്ലോ നൽകി ദൈവം.

## 113

ജീവിക്കാൻ കൊതിപൂണ്ടാർത്തരായ് മേവുന്ന
സഹജർക്കു ചൈതന്യമേകാം,
ജീവിക്കാൻ പാടുപെടുമ്പോൾ തോണിയിൽ-
വിള്ളൽ വീണോർക്ക് സഹായമേകാം.

1. പരിഹാസ്യരായി തപിച്ചു മയങ്ങിടും
സ്നേഹിതർക്കാശ്വാസമേകാം,
പാപത്തിന്നാഴത്തിൽ വീണിടാൻ സാധ്യത-
കാണുകിൽ അവരെത്തട്ടി മാറ്റാം.

2. കരുണയ്ക്കായ് കേഴുന്ന പഥികന്റെ മുമ്പിൽ
കരുണാർദ്രചിത്തനായ് മാറാം
മുട്ടിവിളിക്കുന്ന അഗതിക്ക് മുമ്പിൽ
കൊട്ടിയടയ്ക്കാതെ വാതിൽ തുറക്കാം.

## 114

തമസിൻ കെടുതികൾ കണ്ടുവളർന്നോർ
വിശുദ്ധരാകാൻ യത്നിപ്പൂ,
സുവിശേഷത്തിൻ വെളിച്ചമേകി
വിശുദ്ധിയിൽ നാം വളർത്തിടാം.

1. കല്പനകൾ നാം ശ്രവിച്ചിടാമോ?
പിൻഗമിക്കാമേശുവിനെ,
നിരന്തരം തിരുസവിധേ പ്രാർത്ഥി-
ച്ചജഗണമായ് നാം അണിച്ചേരാം.

2. ഇടയൻ നമുക്ക് തുണയുണ്ടെന്നാൽ
വ്യാകുലമെന്തിന് സോദരരേ,
സ്രഷ്ടാവാകും പരമപിതാവിൻ-
കരമതിലഭയം പ്രാപിക്കാം.

## 115

ഉദരത്തിലുരുവാകും മുമ്പേ നിന്നെ
തെരഞ്ഞെടുത്തവനാണു ദൈവം,
ലോകത്തിന്നുല്പത്തി ദൈവത്താലത്രേ,
ആകയാലവനെ നാമാരാധിക്കാം.

1. പ്രാപ്തിക്കതീതമായ് പ്രവർത്തിക്കുവാനായ്
നിന്നേയുമെന്നേയും ശക്തനാക്കുമ്പോൾ,
ചെങ്കടൽ ആർത്തട്ടഹാസം മുഴക്കിലും
ഭ്രമിക്കാതെ പതറാതെ അനുസരിക്കൂ.

2. സ്വർഗ്ഗത്തിൽ നിക്ഷേപമായുള്ളഭിഷേകം
നമ്മിലേയ്ക്കൊഴുക്കാൻ കഴിയുന്നവൻ,
കൂട്ടിനായുള്ളതാൽ ഉറവയാമനുഗ്രഹം-
പൊട്ടിപ്പുറപ്പെട്ടൊഴുകിയെത്തും.

3. രാജപുരോഹിത ശ്രേഷ്ഠനാം പ്രിയൻ
അഭിഷിക്തനായ് കൂടെയുള്ളതിനാൽ
പരിശുദ്ധ റൂഹായിൻ സാന്നിദ്ധ്യം നമ്മെ
വഴി നടത്തും സത്യവെളിച്ചമാർഗ്ഗേ.

---

## 116

വല്ലഭനേ തവ ദാസരീ സമയേ-
ഹൃദയം സമർപ്പിച്ചിടുന്നേ,
വൻ കൃപയാലീ മക്കളേയും,
നല്ല ദേവാ അങ്ങു നടത്തേണമേ.

1. ജീവിതമാം ഈ മരുഭൂമിയിൽ
ജീവനറ്റോരായ് പതിച്ചിടാതെ,
ജീവനും ശക്തിയും പകരേണമീശോ,
ജ്യോതിസുകൾ പോലെ ശോഭിക്കുവാൻ.

2. വേദനയേറുന്ന വേളകളിൽ ഞങ്ങൾ
വേപഥുവാൽ മനം തകർന്നിടുമ്പോൾ,
വല്ലഭനേ അങ്ങാശ്രയമല്ലയോ?
വ്യാകുലചിന്തകളെന്തിനായി?

---

## 117

വായ്കൊണ്ടധരചർവ്വണത്താൽ മാത്രം
ദൈവത്തെ ബഹുമാനിക്കുന്ന മർത്യാ,
ഹൃദയത്തെ ദൂരത്തകറ്റിയ സത്യം-
നീതിമാനായവൻ അറിഞ്ഞിടുന്നു.

1. മാനുഷകല്പന മനഃപ്പാഠമാക്കുന്ന-
ഭക്തിയാൽ അത്ഭുതം ചെയ്‌വതിനാൽ,
ആശ്ചര്യമായുള്ള പ്രവൃത്തികൾ കാൺകെ,
ജ്ഞാനികൾ തൻ ജ്ഞാനം നശിച്ചുപോകും.

2. മനുഷ്യാ, നല്ലവയെന്തെന്നു നാഥൻ
വെളിപ്പെടുത്തീട്ടുള്ളതറിഞ്ഞീടുക,
ന്യായം പ്രവർത്തിക്ക, ദയയുള്ളോനാവുക,
താഴ്മധരിക്കുക തിരുസവിധേ.

3. മടങ്ങിവന്നീടാൻ യേശുവിൻ സ്നേഹം
മാടിവിളിക്കുന്നു നിന്നേയുമേ,
ക്രിസ്തുവിൻ പൈതലായ് നിത്യം നടത്തുവാൻ-
നിന്നുള്ളിലെന്നും വസിക്കും പ്രിയൻ.

---

## 118

മൽപ്രിയൻ കാണിച്ചുതന്നതാം മാതൃക
ജീവനെ ക്രൂശതിൽ അർപ്പിച്ച മാതൃക,
അനുസരിക്കുന്നതാം നല്ലോരു മാതൃക
വിനയപ്പെടുന്നതോ ശ്രേഷ്ഠമാം മാതൃക.

യേശുവിൽ കാണുന്ന മാതൃക നാമും,
സ്വീകരിച്ചനുദിനം യാത്ര ചെയ്യാം.

1. യേശുവോടൊപ്പം പാർക്കുന്ന ജീവിതം,
മനസ്സലിവാർജ്ജിക്കാൻ പ്രാപ്തമല്ലോ?
ക്രിസ്തീയ ജീവിതം അർത്ഥവത്താക്കിടാൻ
ഹൃദയാലുവായി നാം ജീവിക്കേണം.

2. മാധുര്യമൂറുന്ന കരുണാപാത്രമായ്,
യേശുവെപ്പോലെ നാം ജീവിക്കുകിൽ,
നിന്ദിതരായിടാമെന്നാലുമേശുവിൻ
തങ്കക്കരങ്ങളിൽ വഹിച്ചുകൊള്ളും.



3. ആത്മീക ശുശ്രൂഷ മാതൃകയാക്കി നാം
സ്നാന കർമ്മാദികളുപവാസവും,
ആത്മാവിൽ നിറഞ്ഞു നാം ചെയ്തിടേണം,
ഒരു നാളും കൈവിടില്ലാത്മനാഥൻ.

---

## 119

നീതിമാന്റെ കൂടാരത്തിൽ ഉല്ലാസഘോഷമുണ്ട്;
കളവായിപ്പോലും തിന്മ പറയാതെ,
കാത്തുകൊള്ളുമോ നിന്നെ കാത്തുകൊള്ളുമോ?
നീതിയെ പിൻപറ്റി യാത്ര ചെയ്യുമോ?

1. അണമുറിയാതൊഴുകട്ടേ നിന്നിൽ നിന്നും,
ജീവജലത്തിൻ നദിയെന്നുമേ,
ലോപമായ് വിതയ്ക്കാതെയനുദിനം നീ,
വചനം വിതയ്ക്കാത്മ ശക്തിയോടെന്നും.

2. ദൈവത്തെക്കാളുപരിയായ് മറ്റൊന്നുമേ
പറ്റിച്ചേരരുതേ ജീവിതത്തിൽ,
വേർപാടുണ്ടാകേണം, ധന്യമായ് മാറേണം;
വിശുദ്ധിയെ കാത്തിടും യേശു പരൻ.

---

## 120

യേശുവിൻ നാമത്തിൽ പ്രാർത്ഥിക്കുകിൽ ക്ഷണം
പ്രത്യുത്തരം നൽകുമെന്റെ നാഥൻ;
സൗഗന്ധികക്കുളിർ തെന്നലിൽ ധൂപമായ്-
ഉയർത്തിടാം നമ്മുടെ യാചനകൾ.

1. പരിശുദ്ധാത്മാവേയങ്ങെന്നെന്നും ഞങ്ങളിൽ-
സ്ഥിരവാസം ചെയ്തുകൊണ്ടാനയിക്ക,
സ്തുതികളിൽ വാഴുന്ന പ്രിയനോടഭിമുഖ-
ദർശ്ശനം പ്രാപിക്കാൻ പ്രാർത്ഥിച്ചിടാം.

2. ദൈവത്തിൻ ഹൃദയത്തിൽ പ്രേരണയേകുന്ന-
നന്നിലമായ് നമ്മൾ ഒരുങ്ങിടാനായ്,
ഉള്ളങ്ങളൊരുക്കിടാം വചനത്തിൽ ശക്തിയാൽ
സൗജന്യ കൃപകൾ പ്രാപിക്കുവാൻ.

3. വിനയത്തിന്നരുവികളായ് നിത്യം മാറുമ്പോൾ
രക്ഷയും വരങ്ങളും നിറഞ്ഞൊഴുകും;
ദുർമ്മാർഗ്ഗം വിട്ടൊഴിഞ്ഞശ്രുപൊഴിച്ചെന്നും
പ്രാർത്ഥിക്കിൽ ആശ്വാസം കൈവരിക്കാം.

4. പ്രാർത്ഥന നമ്മെ നയിക്കട്ടെ സൽഗുണ-
സമ്പന്നരാക്കിത്തീർത്തിടട്ടെ;
ആത്മാവോടാത്മാവഭിമുഖ സംവാദം-
ചെയ്യുന്ന പ്രാർത്ഥന അർപ്പിച്ചീടാം.

---

## സമർപ്പണം

### 121

പരിശുദ്ധാത്മാവേ, ഞാൻ സ്നേഹിക്കുന്നൂ,
തിരുഹിതം പോലന്നെ നടത്തിയാലും!
അനുസരിക്കാനേറ്റം തിടുക്കമോടെ,
എന്നെന്നും ജീവിക്കും പരിശുദ്ധനേ.

1. ബലഹീനനാമെന്നെ വഹിക്കുവോനേ,
കാൽ കരം നാവും നീ ശക്തമാക്കണേ;
അന്യർക്കുമദ്ധ്യേ, അത്ഭുത വിഷയമായ്
ഉയർത്തിയ സ്നേഹമേ നമിച്ചിടുന്നു.

2. പരിശുദ്ധാത്മാവേ വസിക്കുകെന്നിൽ,
പരിശുദ്ധമായ് ഞാനും ജീവിക്കട്ടേ;
പാവനാത്മാവിന്റെ സഹവാസത്താൽ
പാരിടമെങ്ങും ഞാൻ സ്തുതി മുഴക്കും.

### 122

സകലർക്കുമാശ്വാസമേകുന്ന വല്ലഭാ,
തവനാമം പുകഴ്ത്തുന്നു ഞങ്ങൾ,
ലോകരിൻ ശാപങ്ങൾ കാൽവരിക്കുന്നിൽ
ശിരസ്സിൽ സ്വയം നീ വഹിച്ചുവല്ലോ?

1. സകലർക്കും നന്മയുമനുഗ്രഹവും നൽകി,
സർവ്വേശനേ അങ്ങു ത്യജിച്ചു ജീവൻ;
ആ ദിവ്യസ്നേഹം തിരിച്ചറിഞ്ഞീടാത്ത
സ്വാർത്ഥരീ പാപികൾ, ദോഷികളാം.

2. സമർപ്പണത്താലുള്ളം വിശുദ്ധിനേടാൻ
അശുദ്ധരാം ഞങ്ങൾ പാദാന്തികേ,
കടന്നുവന്നീടുന്നു സേവകരായി,
പാപഹരാ കൈക്കൊള്ളേണമേ.

3. ആത്മാർപ്പണം കണ്ടു മനസ്സലിഞ്ഞീടും,
ആത്മനാഥാ അങ്ങാലംബമല്ലോ?
അപരാധമാകെയും ക്ഷമിക്കുന്ന വല്ലഭാ,
സ്വീകരിക്കേണമേ തവദാസരെ.

### 123

രൂപാന്തരം നൽകണേ; യേശുദേവാ,
രൂപാന്തരം, നൽകീടണേ;
സമർപ്പണം ചെയ്യുന്നേ പാദാന്തികേ,
സമ്പൂർണ്ണ രൂപാന്തരം നൽകണേ.

1. പുതിയൊരു ജീവിതം സാദ്ധ്യമാക്കുന്നോൻ,
സഭയുടെ സാക്ഷ്യത്താൽ ചൈതന്യം പൂകും;
ഭാരം വഹിക്കുന്നോർക്കത്താണിയാകുമ്പോൾ
ക്രിസ്തുവിൻ സാക്ഷ്യം വെളിപ്പെടുത്തും.

2. ദർശനമില്ലാത്ത സഭയിൽ ജനങ്ങൾ
വഴി തെറ്റി ജീവിക്കുമോർത്തു കൊൾക;
ഇടയന്മാർ തിരിച്ചറിവുള്ളോരായ് നേർവഴി-
കാട്ടുവാനെന്നും പ്രാപ്തരായെങ്കിൽ!

3. ദർശനത്തിന്റേതാം പ്രാധാന്യമെപ്പൊഴും,
ത്വരിതപ്പെടുത്തും സംതൃപ്തിയേകും;
പൂർണ്ണതയില്ലാത്ത ക്രൈസ്തവ ജീവിതം,
ദർശന സായൂജ്യാൽ സന്തുഷ്ടമാകും.

### 124

യിസ്രായേൽ രാജാവു സത്യദൈവത്തെ-
വെളിപ്പെടുത്തേണ്ടുന്ന രാജാവല്ലേ?
ഇസബേലിനെ ചെന്നു പരിഗ്രഹിക്കേണ്ടുന്ന-
പ്രമാണം വിട്ടവനായിടാമോ?

1. ദൈവീകമാർഗ്ഗം ത്യജിച്ചു ജീവിക്കിൽ
പൈശാചികൻ തട്ടിക്കളിച്ചീടുമേ,
വചനം പ്രമാണിച്ചു ജീവിക്കുവോരെ,
ദൈവം നിരന്തരമുപയോഗിക്കും.

2. സൗജന്യമായ് നിനക്കേകിടും വസ്ത്രം
കല്യാണവസ്ത്രം, രാജവസ്ത്രം,
കല്യാണസദ്യയ്ക്കുചേർത്തുകൊള്ളുന്നോർക്കു-
കല്യാണവസ്ത്രം നിർബ്ബന്ധമേ.

3. പല്ലുകടിക്കൊപ്പം കരച്ചിലുണ്ടാകും
ഇരുട്ടിൽ തള്ളപ്പെടുന്നുവെങ്കിൽ,
അഗ്നിയായുയർന്നിടുമാരാധനയ്ക്കുള്ളിൽ
വെളിപ്പെടും ദൈവം, വീണ്ടെടുക്കും.



### 125

എന്നെ മുറ്റം സമർപ്പിക്കുന്നേശുവേ,
തിരുഹിതമെന്നിൽ നിറവേറ്റണേ
അരിഷ്ടനാമടിയനു മോചനമേകാൻ
തിരുകൃപയല്ലാതെ ഗതിയെന്തുള്ളൂ?

1. കരകാണാക്കയത്തിൽ താണുമുങ്ങുന്നേ,
പലവിധ ശോധനകൾ വലച്ചിടുന്നേ,
ബലംചോർന്നുകാൽകരങ്ങൾ കുഴഞ്ഞിടുന്നേ.
ശാശ്വതഭുജമായെത്തി വീണ്ടെടുക്കണേ,

2. ആത്മാവെന്നിൽ പകർന്നതാം
ശക്തിയാലത്രേ
ആനന്ദത്തോടേഴയെന്നും പിൻപേ ഗമിക്കുന്നു.
ആത്മവെട്ടം ജ്വലിച്ചപ്പോൾ
ശത്രുസൈന്യങ്ങൾ
ആത്മനാഥനോടു പോയി തന്ത്രം മെനഞ്ഞു.

3. ആനന്ദത്തിൻ തീരത്തൂടെ യാത്ര
ചെയ്തപ്പോൾ
ആനന്ദാശ്രുപൊഴിച്ചങ്ങേ ആരാധിച്ചില്ലേ?
ആകിലുമെൻ വല്ലഭാ ദുഃഖ സാഗരേ,
ആത്മഭാരത്തോടെ വീഴാൻ ദുർവ്വിധിയെന്നോ?

### 126

ഒരു മനമോടെ ഞങ്ങൾ, സ്തുതി
കരേറ്റുന്നു പ്രിയാ,
ആശ്രിതവത്സലരാം മക്കളെ,
സ്വീകരിച്ചീടേണമേ.
സുവിശേഷഘോഷണദൗത്യം നിനക്കായ്
നിർവ്വഹിക്കാനായ് സ്വീകരിക്ക.

1. അർപ്പിക്കുന്നേശുവേ കാഴ്ചയായ് ഞങ്ങളെ,
ജീവനും വിശുദ്ധിയും ആർജ്ജിച്ചോരായ്;
ഞങ്ങളെക്കാണുന്നോരേശുവെ ദർശിക്കാൻ
തവദാസർക്കേകണേ ആത്മദൃഷ്ടി.

2. അടിമത്തച്ചങ്ങല തകർത്തെറിയട്ടേ,
സാത്താനെ വെല്ലാൻ വരമേകിടൂ,
ദൈവപ്രസാദം പ്രാപിച്ചു നന്മയിൻ-
നറുമലരായ് ഞങ്ങൾ പരിലസിക്കാം.

### 127

ദൈവത്തിൽ നിന്നും നന്മകൾ പ്രാപിക്കാൻ
ദൈവപ്രസാദം തേടാം,
തകരുന്ന ഹൃദയത്തോടർപ്പിക്കും യാഗത്താൽ
ദൈവപ്രസാദം നേടിത്തരും.

1. അന്യദൈവങ്ങളെ ആരാധിക്കുന്നോർ-
ശാപങ്ങളേറ്റു വാങ്ങും നിശ്ചയം;
തകരുന്ന യാഗങ്ങളായ് സ്വയം തീർന്നാൽ-
ദൈവം പ്രസാദിക്കുമെന്നുമെന്നും.

2. ദൈവത്തെയെന്നും അനുസരിക്കുന്നോർ-
സ്നേഹപ്രവാഹമായ് മാറിടുമ്പോൾ,
സമർപ്പണ ജീവിതം ആശിക്കും ദൈവം
മാനിക്കും നിശ്ചയം, അനുഗ്രഹിക്കും.

### 128

ലോകത്തിൻ രക്ഷകനേശുവെ ചുമലിൽ-
വഹിക്കുന്നവരായി നാം മാറിടാമോ?
തിരുനാമകീർത്തി വിളംബരം ചെയ്യാൻ
ആത്മാർപ്പണം ചെയ്തു ജീവിക്കാമോ?

1. സമർപ്പണം ചെയ്യാം, മനസ്സും ശരീരവും
സമ്പത്തും സ്ഥാനമാനങ്ങളെല്ലാം,
ആകുലചിന്തകളെല്ലാമേശുവിൻ
പാദപീഠത്തിങ്കൽ സമർപ്പിച്ചിടാം.

2. മനുഷ്യാ നിൻ മനസ്സിന്റെ
നൈർമ്മല്യമല്ലയോ
രക്ഷകൻ നിന്നോടു ചോദിപ്പു സതതം?
കാപട്യമാനസം വെടിയുകിലെന്നേയ്ക്കും
വിശുദ്ധരായ് മേവിടാം പ്രിയൻ ചാരെ.

3. നിന്നേയും എന്നേയും യേശുവിനായ്
വേണം,
സന്ദേശവാഹകരായിടാൻ എന്നും;
നശ്വരമായുള്ള ജീവിതപാതകൾ
ത്യജിച്ചു നാം വേഗം യാത്ര ചെയ്യാം.

## 129

ഹൃദയമാം ചഷകത്തിൽ സ്നേഹം
നിറഞ്ഞിതാ-
മിഴി നീരായൊഴുകുന്നു നാഥാ,
അവിരാമമരുവിപോൽ നിർഗ്ഗളിക്കുന്നിതാ,
തിരു പാദപ്രക്ഷാളനത്തിനേകാം.

1. കരുണാമൃതം തൂകിയഭിഷേകമേകാൻ
മനസ്സാവുകിൽ ഭാഗ്യശാലികളായ്,
തവസേവ ചെയ്താത്മസായൂജ്യത്തോടെ,
സഫലമാം ജീവിതം കാഴ്ചയേകാം.

2. ദുരിതാദികൾ വിതച്ചശനിപാദം പോലെ
ശാന്തമായൊഴുകുന്ന നൗകകളിൽ,
ഭീതിയേറുന്നതാം ശോധനയാം തിര-
മാലകളാർത്തലച്ചീടുന്നിതാ.

3. ദുർവ്വിചാരങ്ങളാലാത്മാവുക്ലേശിച്ചു-
സർവ്വനാശത്തിന്നുറവയാകാൻ,
സർവ്വാത്മനാ യത്നിച്ചനുഗ്രഹം ശാപമായ്-
മാറ്റുന്ന ശത്രുവെത്തകർത്തീടണേ.

## 130

ദൈവമേ എന്റെ ഹൃദയം മുറ്റുമായ്
സമർപ്പിക്കുന്നേ തിരുഹിതമെന്നിൽ,
നിവർത്തിക്ക, നിനക്കായ് സമർപ്പിക്കുമെന്നെ,
ശോധന ചെയ്താത്മശക്തിയേകു.

1. കഷ്ടനഷ്ടങ്ങൾ ശോധനകൾ നിത്യം-
വർദ്ധിച്ചു വന്നിടും വേളകളിൽ,
ഉറ്റവർ പോലും ത്യജിച്ചുവെന്നാലും
കൈവെടിയാത്തവൻ നല്ല സ്നേഹിതൻ.

2. സ്നേഹസ്വരൂപൻ തോളിലേറ്റുന്നോൻ,
അമ്മയെപ്പോലവൻ കരുതിടുന്നു;
ശത്രുവിൻ കരങ്ങളിലേല്പിക്കാതെ,
മാറോടണച്ചെന്നും ശാന്തിയേകിടും.

## 131

എന്നെ നേടാൻ ജീവൻ വെടിഞ്ഞവനേ,
എന്നിലെന്തു നന്മ കണ്ടു പ്രിയനാഥനേ?
നിന്ദ്യനായ് ലോകർ, പരിത്യജിച്ചപ്പോൾ,
സ്വന്ത നിണം ചിന്തി വീണ്ടെടുത്തവൻ.

1. എത്രനാളായ് നിന്റെ സ്നേഹം
ഞാനറിയുന്നു,
നിന്റെ പേർക്കായെന്തു ചെയ്തിടേണമോ?
മായിക്കണേ മമ ദോഷമാകെ പ്രിയാ
നീതി പാതകൾ കാട്ടി ആനയിച്ചിടു.

2. കാതമെത്ര താണ്ടുവാൻ ബാക്കിയുണ്ടപ്പാ?
കാലമെല്ലാം പിന്നിലായിതാ മറയുന്നേ;
ആകുലങ്ങളാകെ മാറി ശോഭനമായീടുവാൻ
സേവ ചെയ്തു പിൻഗമിക്കാം, പ്രാപ്തിയേകിടൂ

3. ഒരു തിരിനാളം പോൽ പ്രഭ തൂകിടാം ഞാൻ,
തിരുസഭ നേർവഴിക്കു നടകൊള്ളുവാൻ;
സർവ്വേശ പുത്രനാം പ്രിയനാഥനീശോ-
വഴികാട്ടിയായെന്നും കൂടെയുണ്ടല്ലോ.

## 132

യേശു എന്റെ ജീവിതം മാറ്റിമറിച്ചു;
യേശുവിന്റെ പാതയിൽ ഞാൻ നടന്നുപോയ്,
യേശുവിനായ് ജീവിതം സമർപ്പണം ചെയ്യവെ,
യേശു എന്നെ തോളിലേറ്റി യാത്ര തുടർന്നു.

1. ജീവനായ യേശുവിനെ സ്വീകരിച്ചു ഞാൻ.
ജീവദായകൻ വസിച്ചു ഹൃത്തതിൽ നിരന്തരം;
ജീവമന്ന തന്നു പോഷണം തുടർന്നു നീ;
ജീവിതത്തിനർത്ഥവും കൈവരുത്തി നീ.

2. സങ്കടങ്ങളാകുലങ്ങളോടിമറഞ്ഞു,
സർവ്വരും അത്ഭുതത്തോടെന്നെ നോക്കി;
ജീവപുസ്തകത്തിലെൻ പേർ നാഥനെഴുതി;
ജീവിതം സഫലമായ്, നിത്യത പൂകാം.



## 133

എന്റെ ഭവനം നീ തന്ന ദാനം,
എന്റെ സർവ്വവും നിൻ ദാനമേ;
എന്റെ വീട്ടിലെ ശൂന്യതയും തവ ദാനമോ?
മൽ പ്രിയാ സർവ്വവും സ്വീകരിക്കാം.

1. കെടുതികളകന്നു പോകില്ലയോ?
ശൂന്യത നീങ്ങാൻ കാലമായില്ലേ?
ആത്മനാഥാ അങ്ങെന്തു തന്നാലും-
പ്രിയനോടു ചേർന്നു തന്നെ യാത്ര ചെയ്തിടും.

2. വീണ്ടെടുത്ത സ്നേഹമേ കൈവെടിയല്ലേ,
ഏകനായി വിട്ടകന്നുപോയീടല്ലേ;
വിസ്മരിച്ചീടല്ലേ ആകുലങ്ങളെ
പ്രാണപ്രിയാ ഒപ്പം പാർത്തിടേണമേ.

# ക്രിസ്തുമസ്

## 134

ധനുമാസ ശീതനിശീഥിനിയിൽ
രക്ഷകനേശു ഭൂജാതനായ്,
പാപഹരൻ പരമോന്നതനീശൻ
ഭൂവിതിൽ രക്ഷകനായ് അവതരിച്ചു.

1. സ്വർഗ്ഗം മണ്ണിലിറങ്ങിയ രാത്രി,
വിണ്ണിലെ ദൂതരുമാഘോഷമായ്;
ആട്ടിടയർക്കതിമോദമതേകി,
വാനസൈന്യത്തിനതാഹ്ലാദമായ്.

2. വഴിയമ്പലങ്ങളിൽ ഇടംതേടവേ,
അന്യനാം പരദേശിക്കിടമില്ലാതെ;
ദൈവപുത്രൻ ത്രീയേകനാമീശോ,
ഗോശാല തന്നിൽ അഭയം തേടി.

## 135

ശരറാന്തൽ കെട്ടടങ്ങി, അന്ന്
ബെദ്‌ലഹേം നിദ്രയിലാണ്ടു;
കന്യകമറിയം ഔസേഫുമായ്
വഴിയമ്പലങ്ങൾ തേടിനടന്നു.
കാലം തികഞ്ഞു, നിമിഷങ്ങളെത്തി,
ആദ്യജാതൻ യേശുപിറന്നു;
ശീലകൾ ചുറ്റി മഹോന്നതനെ,
പശുത്തൊട്ടിയിൽ കിടത്തി.

ക്രിസ്മസ് രാത്രി പുണ്യരാത്രീ...
ദൈവം ശിശുവായ് പിറന്ന രാത്രീ...
ദൈവം ശിശുവായ് പിറന്ന രാത്രി.

ഇടയർ കാവലായ് ആടുകൾക്ക്,
പുൽമേട്ടിൽ പാർത്തിരിക്കേ;
ദൈവത്തിൻ ദൂതൻ അരികെനിന്നു,
കർത്താവിൻ തേജസ് ചുറ്റിമിന്നി.

ഭീതിപൂണ്ടിടയർ നിന്നിടുമ്പോൾ,
ദൂതൻ സാന്ത്വനമായി ചൊല്ലി;
ഭയപ്പെടേണ്ട, സർവ്വരുമേ,
സന്തോഷമേകും സുവാർത്തയിതാ.

നിങ്ങൾക്കായ് ദാവീദിൻ പട്ടണത്തിൽ,
രക്ഷിതാവാം ശ്രീ യേശു പരൻ;
ഇന്നിതാ ബെദ്‌ലഹേം ഗോശാലയിൽ
മർത്യനായ് ജാതനായ് മാനവർക്കായ്.

## 136

യേശുദേവൻ ബദ്‌ലഹേമിൽ ജാതനായി
സ്വർഗ്ഗമഹിമയാകെയും സ്വയം ത്യജിച്ചു
മാനവർക്കു പാപമോചനം നൽകിടുവാനായ്
മനുഷ്യനായ് ധരണിയിൽ അവതരിച്ചിതാ.

ഹാ! എത്ര സ്നേഹവാൻ സ്വർഗ്ഗനാഥൻ,
ലോകമാകെയാഹ്ലാദപ്പൂത്തിരിയേകി;
അഖിലലോകരക്ഷകനാമുണ്ണിയേശുവേ
ഹൃദയമേകിടുന്നിതാ യാഗവസ്തുവായ്,
സ്വീകരിച്ചു ചിത്തശുദ്ധിയേക നാഥനേ.

അജപാലകർക്കാകെ ആഹ്ലാദമേകി
വാനസൈന്യം സുവാർത്തയേകി,
സ്വരരാഗസുധയൊഴുകിയാനീലരാവിൽ;
രോമാഞ്ചകഞ്ചുകമോടജപാലകർ-
കുമ്പിട്ടു രാജാധി രാജനെ വേഗം.

## 137

അത്ഭുതമല്ലയോ? വാനിലുദിച്ചതാം
അന്നോളം കാണാത്ത ദിവ്യതാരകം?
വാനനിരീക്ഷകർ ഉത്സുകരായെത്തി,
ബദ്ലഹേം നഗരിയിൽ മൂവരൊന്നായി.

1. യരുശലേമൊക്കെയുമാഹ്ലാദമോടെ,
രാജാധിരാജന്റെ ജന്മഗേഹം
കണ്ടെത്തുവാനായ് യാത്രയായപ്പോൾ
ഹേരോദാവാകെ വിഷണ്ണനായി.

2. ബദ്ലഹേമേ നീ ഒട്ടും ചെറുതല്ലെ-
ന്നാത്മാവിൽ പ്രവചിച്ച ദിവ്യസത്യം
വെളിപ്പെട്ടനാളിലാ രാജാധിരാജൻ
ഗോശാല തന്നിൽ കണ്ടുവല്ലോ.

## 138

സമാധാനസന്ദേശമാഗതമായ്,
സ്വർഗ്ഗത്തിൽ നിന്നുമതൊഴുകി വന്നു;
സമാധാന ശിശുവായ് പാരിൽ വന്നോൻ
ഹൃദയങ്ങളിൽ നിത്യം വസിച്ചിടട്ടേ.

ദൈവം സ്വയംഭൂവായ് വന്ന രാത്രി
മാനവരക്ഷയ്ക്കായ് പിറന്ന രാത്രി
വഴിയമ്പലങ്ങൾ തേടുന്ന ജോസേഫി-
നഭയമേകിയതോ ആട്ടിടയർ.

പ്രവാചക ശബ്ദം ഗണ്യമാക്കീടുവാൻ
ഹോരോദാവേറ്റം ചിന്തിച്ച നിമിഷം,
ഭീതിയാലേറ്റം ക്രൂരതയോടവൻ
കൂട്ടക്കൊലയ്ക്കായ് ആജ്ഞ നൽകി.

## 139

കണ്ടുവോ സ്വർഗ്ഗീയ രാജനെ നിങ്ങൾ?
അത്ഭുത താരകം കാണുന്നില്ലേ?
പശ്ചിമാംബരമതിൽ കാണുന്നില്ലേ?
അത്ഭുത താരകം കാണുന്നില്ലേ?

കുളിരു കോരീടുന്ന തൂമഞ്ഞിൽ വേഗം,
ഉണരാം പാടാം സ്തുതിഗീതികൾ;
ആർത്തുഘോഷിക്കാം, അത്ഭുതരാജനെ-
ലോകർക്കു നൽകിയ സ്വർഗ്ഗീയനെ.

ലോകത്തിനാഹ്ലാദം പങ്കുവയ്ക്കാനായ്
ഹീനമാം കാലിത്തൊഴുത്തിലല്ലോ?
ജാതനായ് സ്വർഗ്ഗീയ മഹിമ വെടിഞ്ഞീ-
ഭൂമിയിൽ അത്ഭുത ശിശുവായി നീ?

ദിവ്യാവതാരമാണെൻ പ്രിയ ഈശോ
ഉണ്മയായ് സുന്ദരൻ തേജോമയൻ;
സത്യവാനെപ്പൊഴും സായൂജ്യദായകൻ
അക്ഷയൻ, സംപൂജ്യൻ, എന്റെ നാഥൻ.

## 140

ആടാം പാടാം ക്രിസ്മസ് നാളിൽ,
കൂട്ടുകൂടാമൊന്നായ്ത്തീരാം;
നക്ഷത്രം കണ്ണുചിമ്മീടുന്ന മൂകമാം-
ശീതനിശീഥിനിയെ വരവേല്ക്ക നാം.

അത്യുന്നതങ്ങളിൽ ദൈവത്തിനേകാം,
വിണ്ണിലെ നായകനെല്ലാ മഹത്വവും;
ഹീനവേഷം ധരിച്ചാർഭാടമില്ലാതെ,
മണ്ണിൽ പിറന്നവൻ ആത്മരക്ഷകൻ.

ഗോശാല തന്നിൽ ശാസ്ത്രിമാർ മൂവർ
കാഴ്ചദ്രവ്യങ്ങളോടെത്തിവേഗം,
ദൈവത്തിൻ പുത്രനാമീശോയ്ക്കു നാമും,
മഹത്വമേകാം അവൻ സർവ്വ വല്ലഭൻ!

രാജാധിരാജനെ നമിക്കുന്ന നേരം
മാതാവിനഹ്ലാദം ആശ്ചര്യമായി!
വാഴ്ത്തി വണങ്ങീടാം ദിവ്യകുമാരനെ,
ഭൂമിയിൽ സ്വർഗ്ഗം അവതരിച്ചതാൽ.



## 141

സ്വർഗ്ഗത്തിൽ നിന്നും ദൂതഗണങ്ങൾ
ഭൂമിയിലിറങ്ങിയ ശീതരാത്രി,
ആഹ്ലാദചിത്തരാം അജപാലവൃന്ദം
സ്തുതി ഗീതി മുഴക്കിയ പുണ്യരാത്രി!
ശാന്തരാത്രീ.... ശാന്തരാത്രീ....
ഹാലേലൂയ്യാ ഹാലേലൂയ്യാ
മണ്ണിൽ സ്വർഗ്ഗം വന്ന രാത്രി (2)
ലോകത്തിൻ പാപം വഹിക്കാൻ ദൈവം
മാനവനായ് പിറന്ന രാത്രി.... (2)
പുണ്യരാത്രീ... പുണ്യരാത്രീ..

കുളിരുള്ള പാലൊളി തൂകുന്ന രാത്രി,
മാലാഖവൃന്ദം നിരന്ന രാത്രി,
ആട്ടിടയന്മാരാഘോഷപൂർവ്വം
ദൈവത്തെ വാഴ്ത്തിയ ദിവ്യരാത്രി!
ദിവ്യരാത്രീ... ദിവ്യരാത്രീ..

സർവ്വജനത്തിനും സായൂജ്യമേകാൻ
അത്ഭുതമന്ത്രി, പിറന്ന രാത്രി,
വീരനാം ദൈവവും, നിത്യപിതാവുമാം
സമാധാന പ്രഭുവിൻ ജന്മരാത്രീ!
ജന്മരാത്രീ... ജന്മരാത്രീ.

## 142

നക്ഷത്രം വഴികാട്ടിയായി,
ലക്ഷ്യത്തിലേയ്ക്കവർ യാത്രയായി;
നേരിന്റെ മാർഗ്ഗം തെളിക്കുന്ന ദിവ്യമാം-
താരകം തന്നെ നാം ലക്ഷ്യമാക്കാം.

നിക്ഷേപപാത്രം തുറന്നിടാം വേഗം
കാഴ്ചകളേകാം സംതൃപ്തിയോടെ,
സ്വർഗ്ഗീയ മഹിമ ത്യജിച്ച സംപൂജ്യനാം
ത്യാഗത്തിൻ മൂർത്തിയെ വണങ്ങിടാം നാം.

റാമയിൽ മാറ്റൊലിക്കൊള്ളും വിലാപം
നടുക്കമോടെന്നും നാം ഓർത്തിടുമ്പോൾ,
കഷ്ടനഷ്ടങ്ങൾ സഹിച്ച മാതാക്കൾ തൻ
രോദനം നമ്മൾക്കായ് കേൾക്കയാകാം.

## 143

സർവ്വേശപുത്രന്റെ പാദേ നമിക്കാൻ
കാഴ്ചകളായ് മൂർ, പൊന്ന്, കുന്തുരുക്കം,
പൗരസ്ത്യദേശികർ മൂവരൊന്നായ്
യാത്രയായ് അത്ഭുത താരകം നോക്കി.

സുവിശേഷം, മർത്യ വിമോചകമന്ത്രം!
പരിവർത്തനമേകീടും സദ്വാർത്ത!
അടിമനുകത്തിൻ കുരുക്കഴിച്ചീടുന്നു!
തിരുജനനോത്സവം, സാർവ്വലൗകികം!

ബേദലേം ഗ്രാമത്തിൽ വാനൊളിയായിതാ,
അത്ഭുത താരകം നില്ക്കയായി;
ശാസ്ത്രിമാർ സ്തബ്ധരായ് കണ്ടു
മൽപ്രിയനെ,
കാലി തൻ കൂടതിൽ രക്ഷകനായ്.

അജപാലകർക്കൊരു പുത്തനുണർവ്വേകി;
സദ്വാർത്ത കേൾക്കവേ ഭീതിമാറി;
ദൂതനവർക്കേകി ധൈര്യം വരിക്കുവാൻ-
പ്രാപ്തമാക്കീടുന്ന സദ്വചനം.

## 144

ദൈവം സ്വയംഭൂവായ്
മർത്ത്യനായ് മണ്ണിൽ,
മാനവർ തൻ രക്ഷകനായ്
ഹീനവേഷം ധരിച്ചു.

ആനന്ദമാനന്ദമാ മഹൽസംഭവം
ആഹ്ലാദമോടെ നാം ആഘോഷിക്കാം
ദൈവ സ്നേഹത്തെ കീർത്തിക്കുവാൻ
വാക്കുകളാലെനിക്കാവതില്ല.

1. ജ്ഞാനികൾ മൂവർ യാത്ര ചെയ്തു,
ഉണ്ണിയീശോയെ കണ്ടുമുട്ടി;
ആനന്ദ സംഗീതധോരണിയാൽ
ക്രിസ്തുമസ് സർവ്വരും വരവേല്ക്കലായ്.

2. ബെദ്‌ലഹേം നഗരിയിൽ സ്വർഗ്ഗമിറങ്ങി,
മാലാഖവൃന്ദം സമാധാനമോതി;
അജഗണങ്ങൾക്കുണർവ്വേകിയ രാവിൽ,
ആട്ടിടയൻ ചെമ്മേ നമിച്ചു നിന്നു.

---

## 145

അത്ഭുതതാരകം കിഴക്കുദിച്ചപ്പോൾ,
രാജാധി രാജനെ വണങ്ങീടുവാൻ,
ജൂതരിൻ രാജാവായ് പിറന്നവനെത്തേടി-
വിദ്വാന്മാർ മൂവരന്നാഗതരായ്.

1. ഹേരോദാവതു കേട്ടു ഭ്രമിച്ചു പോയി,
യരുശലേമൊക്കേയും നടുങ്ങി നിൽക്കേ;
അന്വേഷണം നീണ്ടു, പ്രവചനങ്ങളിലേയ്ക്കായ്,
ക്രിസ്തുപിറക്കുവതെവിടെയാകാം?

2. വെളിപ്പെടുത്തി, ശാസ്ത്രി പുരോഹിതരും
ബദ്‌ലഹേമേ നീ ഒട്ടുമേ ചെറുതല്ല,
യിസ്രേലിൻ മേയ്പൻ നിന്നിൽ നിന്നത്രേ,
പുറപ്പെട്ടു വരുന്നതെന്നറിഞ്ഞീടുക.

---

## 146

കന്യക മറിയത്തിൻ മകനായ്, നാഥൻ
അവതരിച്ചു;
പരിശുദ്ധാത്മാവാൽ സാദ്ധ്യമാണല്ലോ
ലോകത്തിൻ കൊടുംപാപങ്ങൾ-
ചുമന്നു തീർക്കാനായ് ദൈവം,
മനുഷ്യനായ് ഭൂവിൽ അവതരിച്ചു
വിണ്ണിനു സംപ്രീതി ...ആ...ആ..ആ
മണ്ണിനു സൗഭാഗ്യം...
വിനയാന്വിതനായ് പാരിന്റെ പാപം
ചുമലതിലേറ്റിയതാൽ.

അത്യുന്നതൻ തന്നുടെ വിശുദ്ധശക്തി
നിഴലിടുകയായ് അന്നാളിൽ (2)

ഉത്ഭവമോ അതു വിശുദ്ധ പ്രജയായ്
അറിയണം നീ മറിയേ... (2)

ഭവിച്ചീടട്ടേ തിരുഹിതം!
അതുപോൽ ദാസിയിൻ മേൽ സതതം; (2)

കർത്താവരുളിയ വസ്തുതയെല്ലാം
നിവൃത്തിയാകട്ടെ എന്നിൽ. (2)

ഹേരോദാവിൻ ക്രൂര മനസ്സിൻ-
നിരൂപണങ്ങൾ അറിഞ്ഞതാൽ (2)

ശാസ്ത്രികൾക്ക് അതിവേഗം തന്നെ
മാർഗ്ഗദർശനം ഏകി

വിദ്വൽ ജനമേ മടങ്ങി നിങ്ങൾ
പോയീടരുതേ അരമനയിൽ;
ധന്യർ നിങ്ങൾ എന്നുമെന്നും;
വേറെ വഴിയായ് പോയിടേണം,
തിരുസ്വരം ശ്രവിച്ചു നിങ്ങൾ.

---



## 147 ഹോശാന

ഹോശാനാ പാടിടുവിൻ
മോഹന വാഗ്ദാനം നൽകിയോന്,
ജറുസലേം നായകന്,
അത്യുന്നതങ്ങളിൽ ഹോശാനാ.

1. ജൂതരാജനാമേശുമിശിഹാ-
എഴുന്നള്ളുന്നേരം,
ഒലിവിൻ ചില്ലമേൽ ശീലകൾ വിരി-
ച്ചേകി നാഥനു ഹോശാനാ,
ബാലവൃന്ദം ചുറ്റുമീശനെ
വാഴ്ത്തിപ്പാടി ഹോശാനാ
രാജകീയമാം പ്രൗഢിയോടുള്ള-
മഹത്വപ്രവേശനം കാൺകനീ.

2. യരുശലേമിൻ വീഥിമുഴുവൻ
ജനസഹസ്രം നിരക്കവേ,
വാഹന മൃഗമതിലേറി രാജൻ
പ്രവചന സാക്ഷാത്ക്കാരമായ്,
ആർത്തുപാടും ഗായകരൊന്നായ്
രക്ഷിക്കാനായ് കേണുടൻ,
സ്വർഗ്ഗ മഹിമ വെടിഞ്ഞ നാഥൻ-
ദേവാലയത്തിൽ കടന്നുടൻ.

---

## 148

രാജാധിരാജനേശു എഴുന്നള്ളുന്നെറുശലേമിൽ
കഴുതയിൻ കുട്ടി തൻ പുറത്തായവൻ,
മഹത്വപ്രവേശനം നടത്തിടുന്നു
വചനം പോൽ വീണ്ടെടുപ്പിനായ്.

ഹോശാന്നാ ദൈവപുത്രാ...
അത്യുന്നതാ ഹോശാന്നാ...
ആയിരമായിരം ഹോശാന്നാ..
സ്വർഗ്ഗപുത്രാ നിനക്കോശാന്നാ

നീതിയിൻ സൂര്യന്റെ രാജത്വമാളും
നിർമ്മല സുവിശേഷയാത്ര;
ദേവാലയത്തിന്നുള്ളിലെ കള്ളരെ-
പുറത്താക്കുവാനുള്ള ധീരയാത്ര...
(ഹോശാന്നാ ദൈവ)

നിർമ്മല മേനിയെ കുരുതികൊടുക്കുവാൻ
മനമൊരുക്കീടുന്ന ജൈത്രയാത്ര,
ആബാലവൃദ്ധം ജനങ്ങൾ തെരുവിൽ-
അകമ്പടി സേവിച്ച തീർത്ഥയാത്ര.
(ഹോശാന്നാ ദൈവ)

---

## 149

യേശുവിൻ കല്പന ശിരസാവഹിച്ചു
ശിഷ്യന്മാരിരുവരും യാത്രയായി;
അമ്മക്കഴുതയും കുട്ടിയുമായവർ
യേശുവിൻ ചാരേ മടങ്ങിയെത്തി.

ഹോശാന്നാ ഗാനമുയർന്നു,
അത്ഭുത മന്ത്രിക്കു ഹോശാന്നാ,
നിത്യപിതാവാം ദൈവത്തിൻ പുത്രന്
ഉച്ചത്തിൽ ഹോശാന്നാ ഹോശാന്നാ.

ശീലകൾ അവയുടെ മേൽ വിരിച്ചപ്പോൾ,
വാഹന മൃഗമതിലേറി നാഥൻ,
പുരുഷാരമവരുടെ വസ്ത്രങ്ങളേറെയും
വഴിയതിൽ ചെമ്മേ വിരിച്ചുവേഗം.

വസ്ത്രം വിരിക്കുവാനില്ലാത്ത സാധുക്കൾ,
വൃക്ഷത്തിൻ ചില്ലകൾ വെട്ടിയിട്ടു,
വഴിയതിൽ വിതറിയവർ നിന്ന നേരം
മുന്നിലും പിന്നിലും ഹോശാന്നാ.

## ക്രൂശീകരണം

### 150

രക്ഷയിൽ കുഞ്ഞാടറുക്കപ്പെട്ടു,
ശാപങ്ങളാകവേ തകർക്കപ്പെട്ടു;
ഇന്നു നൽ രക്ഷയിൽ സുദിനമല്ലോ?
ഇന്നല്ലോ പാപത്തിൽ മോചനവും?

1. രക്ഷയിൽ പാറയ്ക്കാർപ്പിടാം നമ്മൾ
രക്ഷയിൻ വചനം വിളമ്പിടാം വേഗം,
ലോകരിൻ പാപങ്ങൾ ആകവേ വഹിച്ചവൻ
രക്ഷകൻ പ്രിയനിതാ യാഗമായി.

2. കുരിശുചുമന്നവൻ രക്ഷകൻ നമ്മുടെ-
പാപങ്ങളഖിലവും വഹിച്ചു തീർത്തു;
കാൽവരിമേട്ടിൽ യാഗമായ് തീരാൻ
രുധിരം ചൊരിഞ്ഞവൻ സകലർക്കുമായ്.

*(07-04-2012,*
*ചന്ദ്രശേഖരനായർ സ്റ്റേഡിയത്തിൽ)*

### 151

കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്കായ്
ക്ഷണിക്കപ്പെടുന്നവർ ഭാഗ്യവന്മാർ;
ഇതു ദൈവത്തിന്റെ സത്യവചനം
ഇതു ദൈവത്തിന്റെ നിത്യവചനം.

കല്യാണ വസ്ത്രം നീ നെയ്തെടുക്കേണം,
ചിത്രത്തയ്യൽ കൊണ്ടു ഭംഗിയാക്കേണം;
കല്യാണവസ്ത്രം ധരിക്കാതെ സോദരാ,
പന്തിക്കിരിക്കുവാൻ സാദ്ധ്യമല്ല.

ചെയ്യാൻ നിനക്കിന്നു സംഗതിയാകുന്ന-
തൊക്കേയും ശക്തിയായ് ചെയ്തുകൊൾക,
പാതാള ലോകത്തിൽ പ്രവൃത്തികളില്ലല്ലോ,
സൂത്രമോ അറിവോ ജ്ഞാനമോ ഇല്ല.

സൂര്യനും ചന്ദ്രനും ആവശ്യമില്ലാത്ത
നഗരത്തിൽ കുഞ്ഞാടു ശോഭിക്കുന്നു
വിളക്കായ് ശോഭിക്കും കുഞ്ഞാടിന്റെ
കല്യാണസദ്യക്കായ് ഒരുങ്ങീടുമോ.

നിന്റെ വിളക്കിൽ എണ്ണയുണ്ടോ?
കരിന്തിരി കത്തുന്ന വിളക്കാണോ നീ?
സടകുടഞ്ഞെണീറ്റു വിളക്കുകൾക്കായ്,
എണ്ണ നീയും വേഗം പകർന്നുകൊൾക.

### 152

ഗാഗുൽത്താ മാമലയിൽ
ഭാരിച്ച കുരിശതിന്മേൽ,
നീതിമാൻ എൻ പ്രിയൻ കാണുന്നിതാ,
കള്ളനോടൊപ്പം നീചനെപ്പോൽ.

അയ്യയ്യോ പാതകം എന്തിതയ്യോ?
എൻ പ്രിയ രക്ഷകൻ നീചനെന്നോ?
നിന്ദിതനായവൻ എന്റെ പേർക്കായ്,
യാഗമായ് തീർന്നിതാ ദൈവപുത്രൻ.

കരഞ്ഞുകലങ്ങിയ കണ്ണുകളോടെ ഞാൻ,
കാൽവരിനാഥന്റെ അരികിലെത്തി!
ആർദ്രതയോടെന്നെ അരികിലണച്ചേശു,
ആധികൾ മാറ്റിയ പ്രിയനല്ലയോ?

മറ്റാർക്കുമേകുവാനാവില്ല മാനസം,
ദാനമായ് നല്കിയ ജീവിതവും;
സർവ്വാംഗസുന്ദരൻ എൻ പ്രിയനെന്നിൽ-
ആകൃഷ്ടനായതാണത്യത്ഭുതം!

## രക്ഷ

### 153

ഒരു വാക്കു മിണ്ടുവാനാരോരുമില്ലാതെ
ഏകാന്തത പഥികനായലഞ്ഞിടുമ്പോൾ,
മാറോടു ചേർത്തണച്ചുമ്മവച്ചാശ്ലേഷി-
ച്ചനുഗമിച്ചോനല്ലോ യേശുനാഥൻ.

1. സുകൃതം ചെയ്തില്ലൊട്ടു നന്മയുമില്ലെന്നിൽ,
ആകിലും തവസ്നേഹസ്പർശനത്താൽ
ആഴിയിന്നത്യഗാധത്തിൽ നിന്നെന്റെ-
ജീവനെ കരംപിടിച്ചുയർത്തിയല്ലോ.



2. സൗജന്യമായവനേകിയ രക്ഷ ഞാ-
നന്യർക്കുമേകേണ്ടതല്ലയോ സ്നേഹമേ?
പാരിതിലെങ്ങുമീ സ്നേഹസന്ദേശത്തെ-
രാപകലെന്യേ ഘോഷിച്ചിടാം.

### 154

ദൈവത്തെക്കൂടാതെ സന്തോഷം തേടുന്നോർ
ദൈവേഷ്ടം നിറവേറ്റുന്നില്ല;
സ്വർഗ്ഗത്തിൽ പേരെഴുതിക്കാണുന്ന ഭാഗ്യം
കൈവരിക്കുന്നോർ ഭാഗ്യവാന്മാർ.

1. യേശുവേ മാത്രം അനുഗമിക്കുന്നോർ
സ്വർഗ്ഗരാജ്യത്തിന്നോഹരിക്കാർ,
കലപ്പയ്ക്കു കൈവച്ച ശേഷം പിറകോട്ടു-
നോക്കിയാൽ ലക്ഷ്യം കൈവിട്ടുപോം.

2. യേശുവിൻ സാക്ഷികളാകുന്നോർക്കെല്ലാം
നിത്യമാമാനന്ദം ലഭ്യമാകും,
കർത്താവിൻ ദിവ്യമാം രക്ഷയിൻ സൗഭാഗ്യം
പ്രാപിച്ചു സാക്ഷികളായിടാമോ?

### 155

ഹൃദയംതുറന്നുള്ളു കാട്ടുവാൻ മർത്യൻ-
വിമുഖത കാട്ടുമ്പോൾ ദൈവമെത്തും,
കാപട്യമാനസം വെളിപ്പെടുത്തുന്നോൻ
സത്യാത്മാവാണെന്നതോർത്തിടേണം-

1. കടുത്ത ബാധകളേറിയുള്ളം
ബന്ധിച്ചീടുമ്പോൾ
കരുത്തനായ് മമ നാഥനെത്തി കെട്ടഴിച്ചീടും;
ശാന്തിയേകും, ദൂതസൈന്യം കാവലായീടും
ശക്തിയേകും താതനപ്പോൾ കൂട്ടിനെത്തീടും.

2. ശോധനയാൽ ഭീതിയേറും വേളയിൽ
ദൈവം
അമ്മയെപ്പോൽ ചാരെയെത്തും
തോളിലേറ്റീടും
ധൈര്യമേകും ആത്മനാഥൻ വഴി നടത്തീടും
നിത്യതയോളമവൻ കൂട്ടിനുണ്ടാകും.

## പ്രത്യാശ

### 156

ദൈവത്തിന്നാത്മാവു ജീവനെ തന്നു,
സാത്താന്റെ പ്രേരണ ജീവൻ കെടുക്കും;
ദൈവത്തിൻ നാമം ദുഷിക്കപ്പെടുമ്പോൾ,
സൗഭാഗ്യ ജീവിതം ശിഥിലമാകും.

1. പുത്രനെ നൽകിയ സ്നേഹനാഥൻ,
വിശ്വസ്തനാണെന്നതോർത്തുകൊൾവിൻ;
വിശ്വത്തെയാകെ നയിക്കുന്നവൻ നമ്മെ-
വിടുതലിൻ കരം നീട്ടി അനുഗ്രഹിക്കും.

2. പാഴ്മുളം തണ്ടിൽ നിന്നോടക്കുഴൽ
ഗാനപ്രപഞ്ചമൊരുക്കുമെങ്കിൽ,
സംഗീത സമ്രാട്ടു പോലെ ദൈവം
നമ്മെയും കരങ്ങളിൽ വഹിച്ചുകൊള്ളും.

### 157

സ്നേഹത്തിൻ സന്ദേശം കേട്ടിടുമ്പോൾ,
ത്യാഗത്തിൻ കഥകൾ ഓർത്തിടുമ്പോൾ,
ദുർന്നിമിത്തങ്ങൾ ഒഴിഞ്ഞുപോകും;
പ്രിയൻ തൻ സവിധേ ആർത്തു പാടാം.

1. ആത്മബലം തകർത്തടിമയാക്കുന്നവൻ
ആരേയും വിഴുങ്ങിടാനനുഗമിക്കും,
ആത്മാവിൻ നൈർമ്മല്യം ജ്വലിച്ചിടുമ്പോൾ,
ആനന്ദമൊക്കേയും മടങ്ങിയെത്തും.

2. അനുതാപ പൂർവ്വം നീ ദൈവമുമ്പിൽ
അനുയാനംചെയ്ക, നിൻ മാലകറ്റും;
ആനന്ദമോടെന്നും ജീവിക്കുവാൻ,
ആത്മാവിൻ ശക്തിയെ പകരും നാഥൻ.

## 158

കൃപയെന്നും വർഷിക്കാൻ മനസ്സുള്ളോനേ,
കൃപ പകർന്നിന്നോളം നടത്തിയോനേ;
കാരുണ്യമൂർത്തിയാം ദൈവപിതാവേ,
കൃപയാൽ എന്നെന്നും വഴിനടത്തൂ.

1. നിത്യമാം സ്നേഹത്തിൻ ആഴങ്ങളിൽ
നിർമ്മലരായ് നിന്നിൽ ലയിച്ചിടുമ്പോൾ,
നിത്യനാമേശുവിൻ വാത്സല്യഹസ്തങ്ങൾ
സാന്ത്വനമേകും നാം ആശ്വസിക്കും.

2. ദൈവത്തിൻ കാരുണ്യമനുഭവിക്കുമ്പോൾ,
വചനത്തിൻ ശക്തിയിൽ വളർന്നിടും നാം;
അനുതാപപൂർവ്വം പാദാന്തികേ വന്നു-
യാചിക്കിൽ അവനേകും ആത്മരക്ഷ.

---

## 159

ആശകളൊക്കേയുമസ്തമിച്ചീടുമ്പോൾ
യേശുവേ നീയെന്നും അഭയകേന്ദ്രം,
ആശ്വാസദായകൻ യേശുവത്രേ എന്നിൽ
ജീവന്റെ പാത തെളിച്ചിടുന്നു.

1. ആത്മാഭിലാഷം നിമിത്തമീ പാപിക്കു
ചൈതന്യമേകുന്നു സ്നേഹനാഥൻ,
ആത്മാർപ്പണത്താൽ നിൻ സ്നേഹിതനായ്
അന്ത്യംവരേയും പിൻഗമിക്കാം.

2. ആത്മനിയോഗം ചെവിക്കൊണ്ടു വേഗം
ആലസ്യമൊക്കേയും വെടിഞ്ഞിടുമ്പോൾ,
ആത്മനിന്ദയ്ക്കിടം നൽകാതെ നാഥനായ്-
ആത്മാക്കൾ നേടുവാൻ യാത്ര ചെയ്യാം.

---

## 160

യേശുവേ നിന്നെ വഹിക്കുവാനായ്,
വാഹനമൃഗമെന്ന പോൽവരുന്നേ,
മുറ്റുമായ് ഞങ്ങളെ അറിയുന്നോനേ,
സ്വീകരിക്കേണമിക്കാഴ്ചയെ നീ.

1. തിരുസവിധേ മനം ലയിച്ചവരായ് ഞങ്ങൾ,
തവസ്നേഹത്താലേറ്റമാകൃഷ്ടരായ്,
ബലഹീനമാനസം ശുദ്ധീകരിക്കണേ,
സ്നേഹത്തിൻ പാദങ്ങൾ നമിച്ചിടുന്നേ.

2. കൃപവർഷിച്ചെങ്ങളിൽ
പുതുശക്തിപകരുകിൽ,
ആനന്ദം തിങ്ങീടുമകതാരിതിൽ;
മൺകുടമുയുന്ന നേരമതിൽ നിന്നു-
മുയരും പ്രകാശത്തിൻ ഗോപുരങ്ങൾ!

---

## 161

കർത്താവു ഗംഭീരനാദത്തോടും,
പ്രധാനദൂതന്റെ ശബ്ദത്തോടും,
ദൈവത്തിന്റെ കാഹളത്തോടും
സ്വർഗ്ഗത്തിൽ നിന്നും ഇറങ്ങിവരും.

1. യേശുമരിച്ചിട്ടു ജീവിച്ചെഴുന്നേറ്റു,
എന്നുള്ള സത്യം വിശ്വാസ്യമേ;
ആകയാൽ ദൈവം തൻ പുത്രൻ മുഖാന്തരം
നിദ്രകൊണ്ടോരേയും ഉയിർപ്പിച്ചിടും.

2. കർത്താവിൻ പ്രത്യക്ഷ നാൾ വരെ നമ്മൾ
ശേഷിക്കുകിൽ രണ്ടാം നിരയിലത്രേ;
ക്രിസ്തുവിൽ മരിച്ചവരുയിർത്തെഴുന്നേറ്റിട്ടു-
മേഘങ്ങളിൽ നാമെടുക്കപ്പെടും.

3. മണവാളനെ നാം എതിരേൽക്കുമെന്നുള്ള
വചനത്താലന്യോന്യം ആശ്വസിപ്പിക്കിൽ,
പ്രത്യാശയില്ലാതെ ദുഃഖിപ്പോരെപ്പോലെ,
അറിവില്ലാത്തവരായ് ജീവിക്കില്ല.

---

## 162

തള്ളിക്കളഞ്ഞിടാത്തോത്മനാഥൻ നമ്മെ-
ഉപേക്ഷിക്കുമോ പ്രിയ സോദരരേ?
ഇല്ലില്ലൊരിക്കലും ത്യജിക്കയില്ല;
പാപങ്ങളോർമ്മയിൽ സൂക്ഷിക്കില്ല.

നിശ്ചയം! സങ്കേതമേശുനാഥൻ,
നിത്യതയോളം വഹിക്കും പ്രിയൻ.



1. ലോകത്തിൻ സ്ഥാനമാനങ്ങളെല്ലാം,
തട്ടിത്തെറിപ്പിക്കാം സോദരർ തന്നെ;
നൈരാശ്യമോടെ നീ വിലപിക്കയോ?
മാറോടണയ്ക്കും നൽ പ്രീയനേശു.

2. കാരുണ്യം തേടി നീ മുട്ടുന്ന വാതിൽ
കൊട്ടിയടയ്ക്കുമ്പോൾ തകർന്നിടാതെ,
കാരുണ്യവാനാകും യേശുവിൻ ചാരേ
അഭയത്തിനെത്തുകിൽ വഴിതുറക്കും.

---

## 163

ക്രൂശു ചുമക്കാനൊരുക്കമാണോ?
യേശുവിനായല്പം കഷ്ടപ്പെടാം,
ഒരുക്കമാണോ നിനക്കൊരുക്കമാണോ?
തലമുറയായ് നിനക്കനുഗ്രഹമേ.

1. കുറേനക്കാരനാം ശീമോനെപ്പോലെ നീ
ക്രൂശുവഹിക്കൂ കർത്താവിനായ്,
ആത്മഭാരം തോന്നാം, നിന്ദിതനാകാം,
തലമുറയായ് നിനക്കനുഗ്രഹമേ.

2. സുവിശേഷഘോഷണദൗത്യമേൽക്കിൽ നീ
നിന്ദിതനാകാം, കഷ്ടമേൽക്കാം,
ധൈര്യഹീനം വേണ്ട, ചാഞ്ചല്യം വേണ്ട,
തലമുറയായ് നിനക്കനുഗ്രഹമേ.

---

## 164

പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന നാഥന്റെ-
പാദാരവിന്ദത്തിൽ അഭയം തേടാം,
പാപങ്ങളൊക്കെയും അകലാൻ
കൊതിക്കുകിൽ
പരിപാലകൻ കീഴിലഭയം തേടാം.

1. തിരുനാമ കീർത്തനം സായൂജ്യദായകം,
തൃപ്പാദ സേവയോ മോക്ഷമാർഗ്ഗം,
കാലിനു ദീപവും പാതയ്ക്കു വെട്ടവും
വചനത്തിനാലല്ലോ ലഭ്യമാകൂ.

കഷ്ടങ്ങളേറെ വന്നാക്രമിച്ചീടിലും
ദുഷ്ടന്റെ നിന്ദകൾ ഏറീടിലും,
ആത്മഭാരത്താൽ വിതുമ്പുന്ന വേളയിൽ
ആശ്വാസമായെത്തും യേശുനാഥൻ.

---

## 165

വചനം കാതോർത്തു കേട്ടിടേണം,
ആഴത്തിലർത്ഥം ഗ്രഹിച്ചിടേണം,
അടിപതറാതെന്നും നൽവരങ്ങൾ,
ഉറച്ചുനിന്നാർജ്ജിക്കാം വിശ്വാസത്താൽ.

1. ദൈവമേ ഞങ്ങൾ നിന്നിഷ്ടം ചെയ്യട്ടേ,
എന്നെന്നും തവസുതർ ദൂതതുല്യർ,
ആത്മാവിലങ്ങയെ ആരാധിക്കാനെന്നും
പ്രാഗത്ഭ്യമേകണേ കരുണാനിധേ.

2. സേവകാത്മാക്കളായ് തിരുസുതരൊക്കേയും-
രൂപാന്തരപ്പെടും ആ പുണ്യനാളിൽ,
പ്രാക്കൾ കണക്കന്നു പറന്നുയരേണ്ടോർ,
പ്രിയന്റെ വരവിനായ് ഒരുങ്ങിനിൽപ്പൂ.

---

## 166

ദൈവമേ നീ ചെയ്ത നന്മകളോർത്താൽ
നന്ദിയാലുള്ളം തരളിതമാകും,
ആത്മാവു ദുഃഖം വെടിഞ്ഞിട്ടു വേഗാൽ-
ദൈവത്തെ ആമോദാൽ ആരാധിക്കും.

1. ഹൃദയം തകർക്കുന്ന വേദനമാറ്റാൻ,
ഹൃദയേശ്വരൻ തന്നെ കൂട്ടുവേണം,
ഹൃദയം പകർന്നിട്ടു സൗഹൃദം കാട്ടാൻ
ഹൃദയകവാടം തുറന്നീടണേ.

2. ആത്മാവു സംഘർഷ ഭാരമേല്ക്കുമ്പോൾ,
ആനന്ദമെല്ലാം പോയ്മറയും,
ആത്മാവെ ദാനമായേകിയ ദൈവം
ആനന്ദസാഗരേ വഴിനടത്തും.

---

## 167

കഷ്ടകാലത്തെന്റെ പ്രാർത്ഥന കേട്ടവൻ,
കൂടെയിരുന്നെന്നെ വഴിനടത്തി;
യാഗപീഠമവനായ് നിർമ്മിക്കുവാൻ,
ബേഥേലിലേയ്ക്കു നാം പോയിടേണം.

1. കുന്നുക്കുകൾക്കൊപ്പം അന്യദേവന്മാരെ-
കുഴിച്ചിട്ട യാക്കോബിൻ വിശ്വാസത്തെ,
മാനിച്ച ദൈവം ഭീതി വിതച്ചപ്പോൾ-
ശത്രുക്കൾ തെല്ലും പിന്തുടർന്നില്ല.

2. യാഗപീഠം നാം പണിയേണം കാനാനിൽ,
ലൂസെന്ന ബേഥേലിൽ യാക്കോബിനെപ്പോൽ;
പ്രത്യക്ഷനായ് ദൈവം കഷ്ടത്തിൻ നാളതിൽ,
ഏൽബഥേലെന്നവൻ പേർ വിളിച്ചു.

3. ദൈവത്തിൻ സാന്നിദ്ധ്യമുണ്ടായ നേരം;
യാക്കോബിൻ നാമവും മാറിയില്ലേ?
പേരുകൾ മാറ്റിയിട്ടനുഗ്രഹം പകരുമ്പോൾ,
ബേഥേലായ് മാറും നാം പാർക്കുന്നിടം.

## 168

അത്യുന്നതങ്ങളിൽ വാസം ചെയ്വോനെ
നീ എന്റെ സങ്കേതമല്ലോ,
അനർത്ഥങ്ങളൊന്നും ഭവിക്കില്ലെനിക്ക്,
ബാധകളും എന്നോടടുക്കയില്ല.

1. പാതകളൊക്കെയും കാവൽ ചെയ്യാനായ്-
ദൂതഗണങ്ങളെ കാവലാക്കും,
കാലുകൾ കല്ലിൽ തട്ടി വീഴാതെന്നെ-
കൈകളിൽ ഭദ്രമായ് വഹിച്ചുകൊള്ളും.

2. സിംഹത്തിനേയും അണലിയേയും നീ
ചവിട്ടിമെതിക്കും പെരുപാമ്പിനേം,
പ്രിയനോടുകൂടെ വസിക്കുകിൽ നിന്നെയും
വിടുവിച്ചുയർത്തും തൻ നാമത്തിനായ്.

3. വിളിച്ചപേക്ഷിക്കുകിലുത്തരമരുളുന്നു,
കഷ്ടകാലത്തൊപ്പം വസിച്ചിടുന്നോൻ;
വിടുവിച്ചു മഹത്വപ്പെടുത്തി ദീർഘായുസ്സാൽ-
തൃപ്തിയേകും രക്ഷ വെളിപ്പെടുത്തും.

## 169

കണ്ണുനീർ കാണുമ്പോഴൊപ്പം കരയുന്ന
കാരുണ്യവാനാണ് എന്റെ പ്രീയൻ,
കണ്ണീർ തുടയ്ക്കുമ്പോൾ കൂരിരുട്ടിൽ പോലും
ക്ഷിപ്രമെത്തുന്നവൻ എന്റെ നാഥൻ.

1. പ്രത്യാശയോടെ നിൻ ഭക്തർ കരഞ്ഞാൽ
ഭംഗം വരാതെ അവൻ കാത്തിടുന്നു,
സ്നേഹവാനാമെൻ താതന്റെ മാർവ്വിൽ
ചാരിക്കരഞ്ഞാൽ ഫലമേകിടും.

2. വഴികൾ തുറക്കുന്ന ശക്തനാണേശു
പ്രത്യാശ വെടിയാതെ വിശ്വസിക്കൂ
തങ്കക്കരത്തിൻ കരുത്തിൽ നീ അഭയം
തേടുകിൽ വിജയം കൈവരിക്കും.

3. പ്രത്യാശയോടെ നീ സ്നേഹിതൻ
യേശുവിൻ
പാദാരവിന്ദത്തിലഭയത്തിനായ്
കേണു യാചിക്കുന്ന നിമിഷത്തിലരികിൽ
കർത്താവാം രക്ഷകൻ കൂട്ടിനെത്തും.

## 170

കർത്താവേ ഞങ്ങൾ ശരീരം വിട്ടാലും
ശരീരത്തിൽ തന്നെ വസിച്ചെന്നാലും,
ദൈവമേ അങ്ങേ പ്രസാദിപ്പിക്കുന്നോർ
ആയീടുകിൽ നാഥാ അഭിമാനിക്കും.

1. ശരീരത്തിൽ ഞങ്ങൾ വസിക്കുന്ന നാളെല്ലാം
കർത്താവേ അങ്ങയോടകന്നു പോയോർ,
ആന്യരും പരദേശികളുമാകുമടിയർ
വാഞ്ഛിക്കുന്നേശുവോടൊപ്പം വസിക്കാൻ.

2. കൂടാരമാകുമീ ഭൗമ ഭവനം വിട്ടാൽ,
ദൈവത്തിൻ ദാനമാം രമ്യഹർമ്യമേകാൻ
കൈപ്പണിയല്ലാത്ത നിത്യഭവനമായി-
സ്വർഗ്ഗീയ ദാനമായ് കെട്ടപ്പെട്ടല്ലോ?



## 171

കടുത്ത ശോധനകൾ നിത്യവും
ജീവിത സാഗരേ, വന്നിടുമ്പോൾ;
വൻതിരമാലയാൽ വലഞ്ഞിടുന്നോ?
സർവ്വേശപുത്രൻ പടകിലുണ്ട്.

1. ഭീതിയാൽ മാനസം ഉലഞ്ഞീടിലും,
ശോകാർദ്രമായ് മനം തപിച്ചീടിലും,
കൈവിടാതെന്നെ വൻ കരങ്ങളിൽ പാലിക്കാൻ,
സ്നേഹാർദ്രവാനേശു കൂട്ടിനുണ്ട്.

2. ആശ്രയിക്കാനാരുമില്ലാത്ത വേളയിൽ,
ആത്മാവു ദൈന്യമായ് വിലപിക്കുമ്പോൾ,
നൽ സഖിയായെന്റെ വേദന നീക്കുവാൻ
പരിശുദ്ധാത്മാവെന്റെ കൂട്ടിനുണ്ട്.

## 172

ദുഃഖസാഗരേ യാത്ര ചെയ്കിലും
സ്വർപുരേയെത്തിടാനാശയോടെ,
യേശുവോടൊന്നിച്ചു യാത്ര ചെയ്യുകിൽ
ഈശാനയൂലൻ ആഞ്ഞടിച്ചാലും
അക്കരയെത്തും ഞാനക്കരെയെത്തും.

1. നാവികനായെനിക്കേശുവുണ്ട്,
കാറും കോളും ശാസിച്ചീടും;
പിന്നെയെന്തിനീ സാധു വീണ്ടും
ഭീതിയാലുള്ളം കലങ്ങിടേണം?

2. സ്നേഹിതനായെനിക്കേശുവുണ്ട്,
മാറിൽ ചാരിടാൻ, ആശ്വസിക്കാൻ;
അമ്മ വിസ്മരിക്കിലും കൂടെയുള്ളവൻ
കൈവിടില്ലവൻ സത്യം, വിശ്വസ്തനേ.

3. വഴി കാട്ടിയായെനിക്കേശുവുണ്ട്,
തള്ളിക്കളഞ്ഞിടാത്താത്മനാഥൻ;
വ്യാകുലം എന്തിനീ മാനസേ വീണ്ടും?
ലക്ഷ്യത്തിലെത്തി ഞാനാശ്വസിക്കും.

## 173

ദൈവമഹത്വം വെളിപ്പെടുമ്പോൾ
ശത്രുക്കൾ താളടിയാകും,
മണ്ണിലും വിണ്ണിലും രാജാധിരാജനായ്
ജീവിക്കുന്നേശു രക്ഷകനാം.

1. മരുഭൂവിൻ വാസത്താൽ ക്ഷീണിച്ചുവോ?
മാറായിൻ അനുഭവം കയ്പുയേകിയോ?
ദാഹാർത്തനായ് നീ കേണീടുമ്പോൾ
സോദരർ പോലും കൈവെടിഞ്ഞോ?

2. പച്ചവെള്ളത്തെയും മുന്തിരിച്ചാറാക്കാൻ
പ്രാപ്തനാമെനേശു ജീവിക്കുമ്പോൾ,
പ്രത്യാശ കൈവെടിഞ്ഞീടല്ലേ സോദരാ
രക്ഷകൻ കൈകളിൽ വഹിച്ചുകൊള്ളും.

## 174

യാഗത്തിലല്ലല്ലോ, കരുണയിലത്രേ,
പ്രസാദിക്കുന്നു, എന്റെ ദൈവം;
നവ്യമാം സത്യമോർക്കാതെ നമ്മൾ,
കുറ്റമില്ലാത്തോരെ വിധിച്ചിടുന്നു

1. ശബ്ബത്തിൽ നന്മ നീ ചെയ്തീടുകിൽ,
തിന്മയൊന്നും തന്നെ ഭവിക്കയില്ല,
ആകയാലേശുവിൻ വാക്കുകൾക്കു നീ
കാതോർത്തു നിത്യവും ജീവിക്കുമോ?

2. ചതഞ്ഞ ഓടയവൻ ഒടിക്കയില്ല,
പുകയുന്ന തിരിയെ കെടുത്തുകില്ല;
ന്യായവിധി അന്ത്യനാളതിലല്ലോ?
ജാതികൾക്കേശു പ്രത്യാശയേ.

## 175

സൗമ്യതയുള്ളവർക്കേകുന്നു ദൈവം,
സ്വന്തമായുള്ളതാം വഴികളെല്ലാം;
ആലോചനയ്ക്കെല്ലാം പൂർത്തിവരുത്തുന്നോൻ
നീതിമാനാണെന്റെ ദൈവം.

1. അനിശ്ചിതത്വങ്ങൾ വേട്ടയാടുമ്പോൾ
പരിഭ്രമിച്ചീടാതെ അഭയം തേടൂ;
ദൈവാത്മാവരുളിച്ചെയ്തീടുന്നു പ്രിയരേ
ശോധനകൾ കണ്ടു തളർന്നിടല്ലേ.

2. ദൈവത്തോടെന്തു നീ ആലോചിക്കുന്നുവോ
പ്രശ്നങ്ങൾക്കേകും പരിഹാരങ്ങൾ;
മരണാനന്തരവും ജീവിത വാഗ്ദാനം
നിവർത്തിച്ചിടും നിന്നെ ധന്യനാക്കും.

3. ജീവാത്മാവും നിത്യ ദൈവാത്മാവും തമ്മിൽ
ഉരസൽ പ്രാപിക്കാൻ പരിശ്രമിക്കാം,
ലോകാന്ത്യത്തോളം കൂടെയുള്ളോൻ നമ്മെ
ജീവപര്യന്തം വഴിനടത്തും.

## 176

അനുഗ്രഹങ്ങൾക്കൊരുകുറവുംവരാതെ,
അനുദിനം ഞങ്ങളെ നടത്തിടുന്നോൻ,
അവിവേക മാർഗ്ഗങ്ങൾ പാടേയകറ്റാൻ
അടിയരിൽ കൃപയെന്നും വർഷിക്കുന്നു.

ഹാ! എത്ര സ്നേഹമീ ദൈവസ്നേഹം!
ഒരിക്കലും കുറയാത്ത ദൈവസ്നേഹം!

1. സകലർക്കും കൈയ്പായി മാറിടുമ്പോൾ
സർവ്വരും വെറുക്കുമകാരണമായ്,
സകലർക്കും അനുഗ്രഹമാകണം നമ്മൾ,
സർവ്വേശപുത്രന്റെ വചനത്തിനാൽ.

2. ശാപങ്ങൾ ചുമലിൽ വഹിച്ചിടേണ്ട,
ശാന്തനാമേശുവെ പിൻ ചെല്ലുമോ?
ശാന്തതുറമുഖത്തെത്തിച്ചീടും
ശാന്തിയും സൗഭാഗ്യവും നിറയും.

## 177

ആഴത്തിലേറ്റതാം മുറിവുകൾ കെട്ടാൻ
ദൈവപുത്രൻ യേശു കൂടെയുണ്ട്;
ദൈവത്തെക്കാളേറെ മറ്റാരെയും നീ
സ്നേഹിക്കല്ലേ നീക്കും സ്നേഹമേയ്പൻ!

1. കഷ്ടനഷ്ടങ്ങൾ ആഞ്ഞടിക്കുമ്പോൾ
ബലഹീനരോടെല്ലാം അവജ്ഞതയേറും;
ധ്യാനിക്കയേശുവെ അനുനിമിഷം, നിന്റെ-
പങ്കപ്പാടൊക്കേയും വഹിക്കുമവൻ.

2. ഒളിപ്പിക്കുമേ നിന്നെ ചിറകതിൻ കീഴിൽ
മറയ്ക്കുമേ തൃക്കരത്താലെയെന്നും;
തകർച്ചയിൽ നിന്നെ പണിയുമെൻ ദൈവം,
ഉയർത്തിടും നിത്യം തന്നിഷ്ടപോലെ.

## 178

ലജ്ജിക്കാനിടവരല്ലേ കർത്താവേ,
ലജ്ജിക്കാനിടവരല്ലേ

1. ദൈവത്തിൽ മാത്രം ഞാൻ, ആശവച്ചീടുന്നേ;
ലോകം വെറുത്താലെനിക്കോ, കർത്താവേ
തെല്ലുമേ ഭീതിയില്ല, എന്നാലും ഞാൻ-
കർത്താവിൻ സ്വന്തമല്ലോ?

2. ദൈവമക്കൾക്കെന്നും ശത്രുവിൻ പീഡയോ?
ഭീഷണിയാലുള്ളത്തിൽ, കർത്താവേ,
ഭീതി പരത്തീടിലും, എന്നാലും ഞാൻ-
കർത്താവിൻ സ്വന്തമല്ലോ?

3. ദൈവത്തിലാശ്രയം വയ്ക്കുമ്പോൾ സാത്താനും,
കൂട്ടമായ് കലിയിളകി, കർത്താവേ-
പോരിനായ് വന്നീടുന്നേ, എന്നാലും ഞാൻ-
കർത്താവിൻ സ്വന്തമല്ലോ?

4. ദൈവത്തിൻ സാന്നിദ്ധ്യം കൂടെയുണ്ടെന്നാകിൽ
സാത്താൻ തകർന്നിടുമേ, കർത്താവേ-
പോരാടും ഞാൻ നിനക്കായ്, എന്നാലും ഞാൻ-
കർത്താവിൻ സ്വന്തമല്ലോ?



## 179

മനുഷ്യന്റെ പോരായ്മയറിയുന്ന ദൈവം
നൽകുന്നു സൗജന്യരക്ഷയെന്നും;
ദോഷികളായോർതൻ മക്കൾക്കു നൽദാനം
ഏകുകിൽ സ്രഷ്ടാവെന്തധികമേകും?

1. നിത്യമാമാനന്ദമാത്മാവിൻ സൗഖ്യവും
ലോകൈകനാഥൻ നമുക്കു നൽകാൻ,
ആത്മാവോടാത്മാവിനഭിമുഖ സംവാദം
ആകട്ടെ പ്രാർത്ഥനയന്ത്യം വരെ.

2. ആദാമിൻ ലംഘനത്താൽ ജനമൊക്കെയും
ശിക്ഷാർഹരായി തീർന്നതുപോൽ,
ഏകന്റെ നീതിയാൽ സർവ്വർക്കും ജീവന്റെ-
കാരണമാം നീതി ലഭിക്കുകില്ലേ?

3. ക്രിസ്തു മുഖാന്തിരം നിത്യജീവന്നായി
നീതിയാൽ വാഴുവാനായി ദൈവം,
ഒന്നിനും കൊള്ളാത്ത, എന്നെയും പ്രിയൻ
കാത്തുപാലിക്കുന്നു ക്ഷേമമോടെ.

## 180

യേശുവേ അങ്ങയോടെന്തിഷ്ടമാണെന്നോ?
വർണ്ണിക്കാൻ വാക്കുകളില്ല നാഥാ;
നിന്നുള്ളിലെന്നെയും ഓർക്കുകെൻ ദൈവമേ,
പുത്രത്വമേകി നയിച്ചീടുക.

1. തൃപ്പാദസേവയാലെൻ ജീവിതത്തെ നീ
ശുദ്ധീകരിക്കേണമേശുനാഥാ,
അങ്ങയിൽ നിത്യം വസിച്ചുകൊണ്ടാത്മാവിൻ-
സദ്ഫലങ്ങൾ കായ്ക്കട്ടെന്നിലീശോ.

2. മുന്തിരിവള്ളിയാമീശോയിലുള്ളോരു-
കൊമ്പായി ഞാനും വളർന്നുവെങ്കിൽ!
ജീവന്റെ നാഥന്റെ ജീവനിൽ ഞാനുമെൻ
ദേഹിയുമൊന്നായ് ലയിച്ചുവെങ്കിൽ!

3. ആത്മാവിലെപ്പോഴും ആനന്ദമേകിയി-
ട്ടാനയിച്ചീടേണമെന്നേയുമേ;
ത്രിത്വമേ നിന്നിൽ മറഞ്ഞിടുന്നേരവും
തൃക്കരത്തിൽ തന്നെ ഞാനിരിക്കും.

## 181

പ്രത്യാശയേറുന്നേ സർവ്വേശ്വരാ,
ആകുലമെല്ലാം നീക്കേണമേ,
വാനമേഘേ അങ്ങെഴുന്നള്ളിടുമ്പോൾ
രൂപാന്തരത്താൽ ഞാൻ അനുഗമിക്കും.

1. ക്രിസ്തുവിൽ മൃതരായോരുയിർത്തെണീല്ക്കും,
ശേഷിപ്പോരെല്ലാം വാനമേഘേ,
പ്രാക്കളെപ്പോലെ പറന്നുയർന്നീടുന്നാൾ,
ഹാ! എത്ര ആനന്ദമേ.

2. ഒരുങ്ങാം വിശുദ്ധിയോടനുനിമിഷം നാം,
ലോകത്തിൻ മാലിന്യം വെടിഞ്ഞു നീങ്ങാം,
വാഗ്ദത്ത നിവൃത്തിയാലവൻ സവിധേ നമ്മ-
ളാനന്ദഘോഷത്താൽ വസിച്ചീടുമേ.

3. കോടാനുകോടി യുഗങ്ങൾ കഴിഞ്ഞാലും
തേജസ്സുവറ്റാത്തജീവിതം പോൽ,
ദൂതർ തുല്യം ഞാനും വാണിടാനായി
വചനത്തിൽ നിലനിൽക്കാൻ കൃപയേകണേ.

## 182

ജയാളിയാം യേശു ജയം നൽകിടും,
സകലത്തിലും അവൻ ജയം നൽകിടും;
മരണനിഴൽ താഴ്‌വരയിൽ യാത്ര ചെയ്കിലും,
ജയാളിയാമേശു ജയം നൽകിടും.

1. നിനയാത്ത വേളകളിൽ ഗർജ്ജനങ്ങളാൽ
ശത്രുവെത്ര മേൽ ഭീതി പരത്തീടിലും,
തകരാതെ ശക്തനവൻ നിർത്തീടുമേ,
നല്ലവനല്ലോ യേശു സ്നേഹിതനല്ലോ?

2. പോരാട്ടമുണ്ടെന്നാൽ അരക്കച്ച കെട്ടണം,
സതതം പോരിനായ് ഒരുങ്ങീടണം,
ദുഷ്ടപ്പിശാചിന്റെ തന്ത്രങ്ങളെത്രയോ-
ഭീകരമാണോർത്തവയെ ചെറുത്തീടേണം.

3. യുദ്ധം ജയിക്കാൻ കരുത്തേകുവോർ
കൂടെയുണ്ടെങ്കിലോ ഭയപ്പെടേണ്ട,
ആത്മീയ യുദ്ധങ്ങൾ ജയിച്ചീടുവാൻ
ജയാളിയോടൊപ്പം യാത്ര ചെയ്തിടാം.

## 183

ലൗകീക സുഖഭോഗങ്ങൾ
ആർജ്ജിക്കാൻ മാത്രം കൊതിച്ചോൻ,
ദൈവത്തെപ്പോലും മറന്നവനായ്
ഇഹലോകവാസം വെടിഞ്ഞു.

1. ഈ ലോക ദുഃഖങ്ങളേറ്റു വാങ്ങിയ പാവം-
ലാസറോ പറുദീസയ്ക്കർഹനായി,
ധനവാന്റെ പരിതാപമാർന്നതാം ഗേഹം-
നിത്യമാം ദുഃഖത്തിന്നുറവിടമായ്.

2. പരലോകവാസത്തിനർഹനായ് തീർന്നോൻ
ആഹ്ലാദചിത്തനായ് കണ്ടിടുമ്പോൾ,
പാതാളഗോപുരവാസിയാം ധനവാൻ-
അർത്ഥിക്കയായ്, ജലപാനത്തിനായ്.

3. ഇരുവർക്കും തമ്മിൽ കടന്നുകൂടാതുള്ള
വിള്ളലാൽ വേർതിരിവോടെ ദൈവം,
നന്മയ്ക്കും തിന്മയ്ക്കും ഓഹരിക്കാരെ
നിശ്ചിത സ്ഥാനങ്ങളിലെത്തിക്കുന്നു.

## 184

എന്നാത്മാവേ നീ വിഷാദിക്കയോ?
ഉള്ളിൽ ഞരക്കം കേൾപ്പതെന്തേ?
ദൈവത്തിൽ പ്രത്യാശവച്ചു കൊൾക,
അവനെന്റെ മുഖത്തിനു പ്രകാശമേ;
രക്ഷയും അവനെന്റെ ദൈവവുമേ;
സ്തുതിച്ചിടുമിവ്വിധമിനിയെന്നും ഞാൻ.

1. സേനകളിൽ പരനേശുവിനായ് നിത്യം
സേവനമർപ്പിച്ചാൽ നമ്മെ ദൈവം,
ഉന്നത സോപാനമേറ്റും നിസ്സംശയം,
സായുജ്യത്താൽ മനം നിറഞ്ഞീടുമേ.

2. ആത്മാവിൻ മാരി വർഷിക്കുമീശൻ;
അഖിലാണ്ഡ നാഥനായെഴുന്നള്ളിടും,
ആശാപാശങ്ങൾ തകർത്തെറിഞ്ഞീടുക;
അടിപണിഞ്ഞെത്തുക, പാദാന്തികേ.

3. നാനാതരത്തിലുള്ളാധികളും ബഹു-
വ്യാധികളും നിന്നെ ബാധിക്കിലും,
മരണത്തിൻ ഘോര കരങ്ങളാൽ നീ,
ഞെരിഞ്ഞമർന്നെന്നാലും വിടുവിച്ചീടും.

## 185

നങ്കൂരമില്ലാത്ത കപ്പൽ പോലെ
പ്രത്യാശയില്ലാത്തോർ ജീവിക്കുമ്പോൾ,
ഈയ്യോബിനെപ്പോലെ പ്രത്യാശയുള്ളോർ
കർത്താവിലഭയം പ്രാപിക്കുന്നു.

1. അവനെന്നെ കൊന്നാലും
കാത്തിരിക്കും ഞാനവനായ് തന്നെ;
അസ്തമിക്കാതുള്ള പ്രത്യാശയോടവൻ
അനുഗ്രഹവർഷം പ്രാപിച്ചില്ലേ?

2. യാഹിനായ് കാത്തിരിക്കിൽ,
പ്രാപിക്കും വാഗ്ദത്തങ്ങൾ നിത്യവും;
പുത്തനുണർവ്വോടെ മുന്നേറാനായ്
പ്രത്യാശവെടിയാതെ ജീവിക്കാമോ?

3. ശക്തി പുതുക്കുന്ന പ്രത്യാശയുണ്ടെങ്കിൽ
ദിവ്യമാമനുഭവം നേടാം,
കഴുകന്മാരെപ്പോലെ ചിറകടിച്ചുയരാം
തളർന്നു പോകാതോടാം ക്ഷീണിക്കില്ല.

# വിശുദ്ധി

## 186

പരിശുദ്ധാത്മാവേ വഴി നടത്തേണം
കാര്യസ്ഥനായ് നിത്യം തിരുഹിതം പോൽ
വിനയത്തോടെന്നും പിരിയാത്ത ബന്ധുവായ്
സ്ഥിരവാസം ചെയ്യണേ പ്രാണനാഥാ.

1. വിശുദ്ധിക്ക് യോഗ്യതയില്ല പ്രിയാ
വിശുദ്ധനാം ത്രിത്വമേ വഴി നടത്തൂ
കരുണയ്ക്കായ് യാചിക്കുന്നേഴയെന്നും
വിശുദ്ധി നീ ദാനമായ് തന്നിടേണം.

2. പാപനാത്മാവിന്റെ സഹവാസമില്ലാതെ
മർത്യരാം ഞങ്ങൾക്ക് ഗതിയെന്തുള്ളൂ?
വിശുദ്ധിയെ കാത്ത് നിൻ സേവകരായീടാൻ
പരമാത്മാവേ നിത്യം തുണയേകണേ.



## 187

മനസ്സിനശുദ്ധി പിണഞ്ഞെന്നാലും,
വിശുദ്ധി നൽകിടുമുടയോനേ,
ജീവിതമാകെ സമർപ്പിച്ചോരെ-
ത്യജിച്ചിടല്ലേ ഒരു നാളും.

1. അവികലകുസുമം പോൽ വിടരാനായ്,
അനുദിനധ്യാനം ചെയ്യുമ്പോൾ,
തകർന്ന മനസ്സിലെ ആശകളെല്ലാം
സഫലമതാക്കൂ ത്രീയേകാ.

2. നിർമ്മല മാനസമേകീട്ടടിയരെ
നേർവഴി തന്നിൽ നയിക്കെന്നും;
ഭൗതിക മോഹമതാകും ബന്ധന-
മാകെ വെടിഞ്ഞിടുവാൻ കൃപതാ.

## 188

ആടുകൾ കരയുമ്പോൾ കാതോർത്തു
കേൾക്കാത്ത-
ഇടയൻ, ഇടയനാണോ?
ഭാവ പ്രകടനമൊക്കേയും ഉൾക്കൊള്ളും,
ആടിനെ പാലിക്കും നല്ലിടയൻ.

നല്ലിടയാ, ദൈവപുത്രാ,
ഞങ്ങളെ കേൾക്കേണമേ;
നല്ലിടയാ, ദൈവപുത്രാ,
ഞങ്ങളെ കേൾക്കേണമേ.

1. നിശ്ചലമാം ജലം ഞങ്ങൾക്കേകീടുവാൻ,
നിർമ്മലമാർഗ്ഗത്തിൽ നടത്തുവോനേ,
പച്ചയാം മേച്ചിൽപ്പുറങ്ങളിലെന്നെന്നും
വഴികാട്ടിയായ് വേണം നിത്യവും നീ,

2. ജീവിതയാത്രയെ സാർത്ഥകമാക്കുന്ന-
ദിവ്യമാം സാന്നിദ്ധ്യം കൂടെയുള്ളപ്പോൾ,
വേർപാടും വിശുദ്ധിയും പിന്തുടരും സത്യ-
മാർഗ്ഗം പിഴയ്ക്കാതെ യാത്ര ചെയ്യും.

## 189

വിശുദ്ധിയിൽ മഹിമയുള്ളോനേ,
സ്തുതികളിൽ ഭയങ്കരനേ;
അത്ഭുത കാര്യങ്ങൾ ചെയ്യുന്നോനേ,
നിനക്കുതുല്യൻ, ആരുണ്ടിഹെ?

1. നീ വലം കൈ നീട്ടിയപ്പോൾ,
ഭൂമി, തൻ ശത്രുവെ വിഴുങ്ങിയില്ലേ?
വീണ്ടെടുത്തോരാം ജനങ്ങളെ നീ,
ദയയാലല്ലയോ വഴിനടത്തി?

2. ഭീതിയും ഭ്രമവും പിടിപെടുമ്പോൾ
ജാതികളൊക്കേയും നടുങ്ങിടുന്നു.
വിശുദ്ധ നിവാസത്തിലേയ്ക്കല്ലയോ?
ബലത്താലവരെയും എത്തിച്ചു നീ.

## 190

ദൈവം നിന്നെ കുറവുള്ളോനായ്,
തൂക്കിക്കാണുമ്പോൾ;
മനുഷ്യാ, നിന്റെ അഹംഭാവങ്ങൾ
പാടേ മാറ്റേണം.

1. ദൈവത്തിന്റെ വിശുദ്ധമക്കൾ പാനം
ചെയ്വാനായ്,
വിശുദ്ധമായതു സൂക്ഷിക്കുന്നു,
വേർതിരിവായ് തന്നെ;
നെബുഖദ്നേസർ ഹീനമായ് കരുതിയ
സത്യത്തെ;
ബൽശസ്സരഗണ്യമായ് കരുതി മ്ലേച്ഛവു
മാക്കല്ലേ?

2. സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നൊരു
വിശുദ്ധകൈപ്പത്തി,
എഴുതിയ വാക്കുകളോർത്തു നാമും
വിശുദ്ധരാകേണം,
ന്യായപ്രമാണമാഹാരമാക്കാൻ
പരിശ്രമിക്കുമ്പോൾ
കരുതുന്നവനാം ദൈവം നമുക്കു
കരുണയേകീടും.

## 191

പ്രാർത്ഥനയ്ക്കുത്തരം നൽകുന്ന ദൈവം
പാപികളോടെത്ര കരുണയുള്ളോൻ?
പാതകം പോക്കിവെടിപ്പാക്കിടുന്നോൻ
നേരായ മാർഗ്ഗത്തിൽ നയിച്ചിടുന്നു.

1. പാപം വെടിഞ്ഞുള്ളു ശുദ്ധമാക്കീടാൻ
ആശവേണം, നിനക്കെന്നാകിലേ-
ഈശ്വരസാന്നിദ്ധ്യമുണ്ടാകയുള്ളൂ
ജീവിതനൗക തുഴഞ്ഞീടാനാകൂ.

2. സംശുദ്ധജീവിതം കാഴ്ചയായർപ്പിക്കാൻ
ഉള്ളം കൊതിക്കുകിൽ സർവ്വേശ്വരൻ,
ദൂതഗണങ്ങളാൽ നേർവഴികാട്ടി
കൂട്ടാളിയാകുവാൻ മനമൊരുക്കും.

---

## 192

ജീവനും ദേഹിയും ആത്മാവുമേകിയ
സ്വർഗ്ഗസ്ഥനേ എന്റെ പ്രാണപ്രിയാ,
ആലയമായെന്നെ തെരഞ്ഞെടുത്തോനേ,
വിശുദ്ധിയെ കാക്കുവാൻ കൃപയേകുമോ?

1. പാപത്താൽ ചീഞ്ഞളിഞ്ഞതിയായി നിത്യം,
ദുർഗന്ധവാഹിയായ് നശിച്ചിരുന്നോൻ,
ആർക്കുമേ സ്നേഹത്തിൻ ശാദ്വല ഭൂമിയിൽ
ഉൾക്കൊള്ളാൻ കഴിയാത്ത തിരസ്കൃതൻ ഞാൻ.

2. കരുണയിൻ ബഹുത്വമെന്നല്ലാതെ രക്ഷയ്ക്കു-
പാത്രീഭവിക്കുവാൻ എന്നിലെന്തുള്ളൂ?
നിന്ദയും ലജ്ജയും അപമാനവും കൊണ്ടെൻ-
വീർപ്പുമുട്ടും മനം കാൺക പ്രിയാ.

3. നിലവിളിക്കുത്തരം വാഗ്ദത്തമാകയാൽ
അതിരറ്റ സ്നേഹവാത്സല്യമോടെ;
ദൈവത്തിൽ നിന്നു ഞാൻ പ്രാപിക്കും നന്മകൾ,
സ്തുതി സ്തോത്രവർഷങ്ങളർപ്പിച്ചീടും.

---

## 193

അനന്തമാം സ്നേഹത്തിന്നുവയാം ദൈവമേ
വിലയം പ്രാപിക്കട്ടേ അങ്ങയിൽ ഞങ്ങൾ,
ഓരോ നിമിഷവും സുതരാമടിയാരെ-
സുരക്ഷിതരായങ്ങു നടത്തേണമേ

1. അന്ത്യശ്വാസത്തോളം വിശുദ്ധിയിൻ
പടവുകൾ
കയറുവാൻ ഞങ്ങളെ സജ്ജരാക്കൂ;
നിത്യതയിൽ ഞങ്ങളെത്തുവോളം നാഥാ
മുഖകാന്തി ദീപമായ് കാട്ടിയാലും!

2. പകലന്തിയോരോന്നും വിനയമായ് താതാ,
ദാനങ്ങളായിതാ സ്വീകരിക്കുന്നേ;
ദൈവനാമത്തിൻ മഹത്വത്തിനായീ-
ജീവിതങ്ങൾ മുറ്റും സമർപ്പിച്ചിടാം.

---

# അഭിഷേകം

## 194

കരയുവാനിനിയും കഴിയില്ല നാഥാ,
കണ്ണീരൊക്കെയും വറ്റിപ്പോയി;
തീവ്രമാമാധിയാൽ ഉഴലുന്നു നിത്യവും
കൈവെടിഞ്ഞീടല്ലേ പ്രിയനാഥനേ.

1. ഒരു നോക്കുകാണുവാൻ
കൺകുളിർക്കെക്കാണാൻ
എത്രനാളായ് പ്രിയാ കാത്തിരിപ്പൂ?
മുഖപത്മമെന്തേ മറച്ചിടുന്നെന്നെ നീ?
തിരുസുതനല്ലയോ? രക്ഷിച്ചതല്ലയോ?

2. ആ ദിവ്യസ്നേഹമോർത്തെന്നും നിൻ
ദാസനായ്
ആത്മാഭിഷേകത്തെ പ്രാപിക്കുവാൻ,
വാഞ്ഛയോടെന്നുമേ കണ്ണീരൊഴുക്കി ഞാൻ
രാപകലെന്യേ കാത്തിരിപ്പൂ.

---

## 195

അഭിഷേകം നിറഞ്ഞിടട്ടേ, ഇന്നീ-
ദാസരിൽ ജ്വലിച്ചിടട്ടേ;
സകല ചരാചര ഉടയവനെ, സദാ-
കീർത്തിക്കുവാൻ നമുക്കണിനിരക്കാം.

1. ആദിമ നൂറ്റാണ്ടിലാനന്ദത്താൽ,
അഭിഷേക നിറവിൽ സ്തുതിച്ചതോർക്കാം;
സ്വർഗ്ഗീയാഗ്നിയിൽ ലയിച്ചിടാനായ്,
ആത്മമണാളനെ പിൻഗമിക്കാം.



2. അത്ഭുതസൗഖ്യം ദാനമായേകിയ-
ദീനദയാലുവെ സ്തുതിച്ചിടുന്നേ,
പാപത്തിൻ ചേറ്റിൽ നിന്നുയർത്തിയോനെ,
അശ്രുകണങ്ങളാൽ വരവേറ്റിടാം.

---

## 196

എന്നിലെ കുറവുകൾ തിരിച്ചറിഞ്ഞീടുവാൻ
പരിജ്ഞാനമേകണേ ദൈവപുത്രാ;
വിശുദ്ധിയും വേർപാടും അന്ത്യത്തോളം കാത്തു,
പിൻഗമിക്കാൻ കൃപ നൽകേണമേ.

1. ദാനമായവിടുന്നയയ്ക്കുന്ന ത്രിത്വത്തിൻ-
ആത്മാവു നൽകീട്ടാനയിക്കുമ്പോൾ,
ആഭിചാരത്തിന്റെ ബന്ധനങ്ങൾപൊട്ടി-
ച്ചഭിഷേക ജ്വാലയാൽ വിടുതലേകൂ.

2. തിരുസ്വരമെപ്പോഴും കാതിനിമ്പം നൽകി
തിരുസേവയിൽ നിത്യം ജാഗരിക്കാൻ,
പരമോന്നതാ എന്നെ കൈവിടാതെപ്പോഴും
നീതിപാതകളിൽ നടത്തേണമേ.

3. സർവ്വരുമെന്നെ പഴിച്ചോട്ടെ നിത്യവും,
ശാപങ്ങൾവർഷിച്ചു സന്തുഷ്ടരാകിലും,
ശത്രുവിൻ നന്മയ്ക്കായ് പ്രാർത്ഥനയർപ്പിച്ചു-
നിത്യത പൂകാനായ് യത്നിക്കും ഞാൻ.

---

## 197

ആത്മമാരി ആഴ്ന്നിറങ്ങട്ടേ,
ആനന്ദം ഉള്ളത്തിൽ നിറഞ്ഞു നിൽക്കട്ടേ;
ആശ്വാസം ഹൃദയത്തിൽ തിങ്ങിനിറയട്ടേ,
ആത്മദാഹമോടെ ക്രിസ്തു സേവകരാകാം.

1. മാനസം നീറിടുന്നതെന്തു നാഥനേ?
അപരാധമൊക്കേയും ക്ഷമിച്ച വല്ലഭാ,
മാപ്പിരക്കുന്നേ ചിത്തശുദ്ധി പോരായ്കിൽ,
ശക്തിയോടെ അഭിഷേകം പകർന്നിടേണമേ.

2. സുവിശേഷ മന്ന വർഷിച്ചാശിഷമേകൂ,
തൃപ്തരായ് സേവകരായ് വേല ചെയ്യുവാൻ;
അഭിഷേക ജ്വാലയാൽ ശക്തിയാർജ്ജിക്കാൻ
നൽവരം നൽകണേ, പ്രാണനാഥനേ.

## 198

മോശെയെ ഫറവോനു ദൈവമാക്കിയ
യഹോവ നമ്മുടെ ദൈവം,
യാഗത്തിലല്ല, കരുണയിലത്രേ
നമ്മുടെ ദൈവം പ്രസാദിക്കുന്നു.

1. വിശ്വസ്തനായൊരു ദൈവം,
വാക്കുമാറാത്തൊരു ദൈവം;
ശത്രുക്കളെ തൻ പാദപീഠത്തിങ്കൽ-
അണിനിരത്തുന്നോരു ദൈവം.

2. സിംഹത്തിൻ വായെ അടയ്ക്കുന്നവൻ,
തീയതിൽ നാലാമനാകുന്നവൻ;
ഇടയർക്കുപോലും അഭിഷേകം നൽകി
രാജാവാക്കുന്നു എന്റെ ദൈവം.

3. ചെങ്കടൽ പിളർക്കുന്ന ദൈവം,
പാറയിൽ ഉറവയെ തുറക്കുന്നവൻ,
മരുഭൂ യാത്രയിൽ മന്നയും ഇറച്ചിയും
സമൃദ്ധിയായ് നൽകുന്ന പരമശക്തൻ.

---

## 199

അർഹിക്കാതുള്ളൊരീ നന്മകൾക്കായ്
എന്തുള്ളൂ പ്രീയാ ഞാൻ നൽകി?
പാപത്തിന്നടിമനുകത്തിൽ പിടഞ്ഞോരെൻ
പാശമറുത്തോനാം യേശുദേവാ.

1. എന്നെയനുഗ്രഹപാതകളിൽ ദിനേ
ആത്മബലം നൽകി നയിക്കുവോനേ,
പരിശുദ്ധദേവാ നമിച്ചിടുന്നേ;
ചിറകടിയിൽ ഞാൻ അഭയമല്ലോ?

2. ആത്മവരങ്ങളാൽ ഉള്ളം പ്രശോഭിക്കിൽ
ആത്മനിയോഗങ്ങൾ അനുസരിക്കാം;
ആശ്രിതവത്സലകർത്താവിലെന്നെന്നും
ആത്മനിറവോടെ വസിച്ചിടും ഞാൻ.

---

## 200

സ്നേഹം നുകരുവാൻ ദാഹിച്ച നാൾകളിൽ
സ്നേഹമോടരികിൽ വന്ന ദൈവപുത്രാ,
ആറ്റുനോറ്റോമനിച്ചാശ്ലേഷിച്ചീടുന്ന-
സ്നേഹസ്വരൂപനാണെന്റെ പ്രിയൻ.

1. അനുതാപ മിഴിനീരൊഴുക്കിയ നാൾകളിൽ
അലിവോടെയകമേ വന്നനുഗ്രഹിച്ചോൻ,
ജീവിതയാത്രയിലൊക്കെയും കൂട്ടായി-
ജീവന്റെ തോണി തുഴഞ്ഞിടുന്നു.

2. ആദരവോടിതാ ആത്മശരീരങ്ങൾ-
ആരാധ്യനേ അങ്ങേയ്ക്കർപ്പിക്കുന്നു;
ആ ദിവ്യസ്നേഹത്തിൻ ജ്വാലപടർന്നിട്ടീ-
ആത്മാവുധന്യമായ് തീർന്നിടട്ടേ.

3. നിരുപമസ്നേഹത്തികവായി നിത്യം
വസിക്കുകീയുള്ളത്തിൽ സ്നേഹനാഥാ,
ആത്മാഭിഷേകം പകർന്നു ജ്വലിപ്പിച്ചീ-
ആത്മനിലങ്ങളിൽ വിളവെടുക്കൂ.

## 201

മനം തകർന്നീടുമ്പോൾ മിഴിനീർ തൂകുമ്പോൾ
ഹൃദയം അസഹ്യമായ് വേദനിക്കും;
കാൽവരിമേടതിൽ കുരിശിൽ നിനക്കായ്,
യാഗമായോനെ നീ സ്മരിച്ചു കൊൾക.

1. അനുസരിക്കുന്നതു യാഗത്തെക്കാളും
ശ്രദ്ധയായ് കേൾപ്പതു മേദസിനെക്കാളും
നല്ലതെന്നോതിയ സർവ്വേശ്വരൻ നമ്മെ-
ക്ഷണിച്ചിടുന്നതിവേഗം അനുസരിക്കൂ.

2. അധികാരമേകുന്ന ദൈവപുത്രൻ നമു-
ക്കഭിഷേകമേകീടും ശക്തിയോടെ,
അഭിഷേക ജ്വാലയിലമരുന്നു ശത്രുക്കൾ,
അവിവേകികൾ സർവ്വം വിസ്മയമായ്.

## 202

എന്നെ അനുദിനം നടത്തിടും ദൈവപുത്രാ
കൃപ വർഷിച്ചനുഗ്രഹിക്കൂ,
പെരിയശത്രുവിനെ തകർത്തിടുവാൻ
അമിതമാം കൃപ ചൊരിക.

1. ആത്മമാരിയാൽ, ആനന്ദിക്കുവാൻ,
ആത്മാഭിഷേകം നൽകൂ;
ആത്മവരങ്ങൾ ജ്വലിച്ചീടുവാൻ,
അനന്തമാം കൃപ വർഷിക്കൂ.

2. നീർത്തോടു പോലെ എന്നിലിറങ്ങൂ,
ആത്മാവേ ഒഴുകിയെത്തൂ,
നിറഞ്ഞിടട്ടേ, കവിഞ്ഞൊഴുകിടട്ടേ;
പകർന്നിടാമടിയൻ മറ്റുള്ളോർക്കായ്.

### സത്യം

## 203

കർത്താവിൻ ഗംഭീരനാദം പോലെ,
വേറിട്ട ശബ്ദങ്ങൾ ഉയർന്നിടട്ടേ,
കഷ്ടം സഹിച്ചും, വിശ്വാസം കാത്തും,
നീതിയിൻ പാതയിൽ യാത്രചെയ്യാം.

1. വചനം ധ്യാനിച്ചും മനനം ചെയ്തും,
ഹൃദയം സംശുദ്ധമാക്കീടുമോ?
നേരിന്റെ മാർഗ്ഗം, ത്യജിച്ചിടായ്കിൽ,
നിത്യത തന്നെ നാം കൈവരിക്കും.

2. കദനഭാരത്താൽ തകരുന്നേരം
ഏകാകിയായ് നിന്നെ ത്യജിച്ചീടാം;
ആത്മാവിൻ ശക്തിയാൽ നിലനിന്നീടും,
പ്രത്യാശയോടെ നീ മുന്നേറിടും.

3. സംരക്ഷയേകുന്ന ദൈവകരങ്ങളിൽ,
സംശുദ്ധജീവിതം കാഴ്ചവച്ചാൽ,
പ്രതിസന്ധിയേറിലും പതറിടല്ലേ നീ
നീതിയിൽ മാർഗ്ഗത്തിൽ നടന്നു കൊൾക.



### പരിഭവം

## 204

കരുണാമയനേ, കാതോർത്തു കേൾക്കണമേ,
കാരുണ്യം കാട്ടണമേ;
അപരാധമുണ്ടെങ്കിൽ അകതാരിൽ നിന്നങ്ങു
കനിവേകി ക്ഷമയേകിടേണം.

1. ഭാരിച്ച ദുഃഖത്തിൻ ചുമടുകളോരോന്നായ്
ഇറക്കി വയ്ക്കാൻ ഇല്ലൊരു അത്താണിയും,
കേൾക്കുവാനാരുമേ.. ഇല്ലാതെയായല്ലോ? (2)
പറയുവതാരോടു ദൈവമേ ഞാൻ?

2. ഒരു സ്നേഹതീരത്തായ് കരസ്പർശം കാംക്ഷിച്ചു
അനുദിനം കണ്ണീർ ഒഴുക്കിടും വേളകളിൽ
തുണയില്ലാതേകനായ്.. കദനഭാരവും പേറി,(2)
പരിക്ഷീണനാകുന്നു ദാരുണമായ്.

## 205

കലഹിക്കല്ലേ ദൈവപൈതലേ
പരിഭവത്താൽ നീ അകന്നിടല്ലേ
സിംഹത്തിൻ കൂട്ടിൽ എറിയപ്പെട്ടാലും,
വിശ്വസ്തനാം ദൈവം വിടുതലേകും.

1. പ്രശ്നസങ്കീർണ്ണമാം നാളുകളിൽ
അവിവേകത്താൽ നീ പരിഭ്രമിക്കല്ലേ,
കരുതുവാൻ നിന്നോട് കൂടെയുള്ളോനെ
കണ്ടില്ലെന്നോർത്ത് വിഷാദിക്കയോ?

2. ലജ്ജിപ്പിച്ചീടാതെ കരുതുന്നവൻ
താളടിയാക്കാതെ കാക്കുകില്ലേ?
പരിഭവിക്കുന്നതിനാൽ എന്തു കാര്യം?
കാത്തിരിക്കേണം നീ തൃക്കരത്തിൽ.

3. പരിഭവിക്കില്ലേ നീ വേദനിച്ചാൽ
മാനത്തിനായുള്ള പാത്രമാക്കാൻ
കർത്താവു നല്കുന്ന പരിശീലനം
ഏറ്റെടുക്കേണം നീ ധന്യനാകും.

## 206

സമർപ്പിക്കുമോ പ്രീയ പൈതലേ നീ?
സമ്പൂർണ്ണമായ് നിന്നെ സമർപ്പിക്കുമോ?
ആയുരാരോഗ്യം ധനങ്ങൾ മാനങ്ങളും
ദൈവത്തിനായ് നീ സമർപ്പിക്കുമോ?

സ്തുതികൾക്കു യോഗ്യൻ വേറാരുമില്ല,
സ്തുതി ഗീതങ്ങൾ നിത്യം പാടീടുമോ?
കാരുണ്യവാനാകും യേശുവിൻ ചാരേ,
അഭയം തേടീടുകിൽ കരകയറ്റും.

1. നിനക്കായല്ലയോ എൻ പൈതലേ,
കുരിശിൽ ഒഴുക്കിയെൻ ചോരയെല്ലാം?
പ്രാണൻ വെടിഞ്ഞില്ലേ നിനക്കുവേണ്ടി?
നിന്ദകളേറ്റതും നിനക്കുവേണ്ടി!

2. സ്നേഹിച്ചു നിന്നെ ഞാൻ സ്വന്തമാക്കാൻ,
മാനിച്ചു നിന്നെയെൻ പൈതലാക്കി;
എന്നിട്ടുമേറെ നീ വേദനിപ്പിച്ചെന്റെ-
ചങ്കു തകർക്കുവതെന്തു കുഞ്ഞേ?

3. എൻ നിണത്താൽ നിന്നെ വീണ്ടെടുക്കാൻ,
മറുവിലയായില്ലേ സ്നേഹപൂർവ്വം?
വിസ്മരിച്ചീടുവാനാകുമോ സ്നേഹത്തിൻ-
മാധുര്യമെത്രയോ ശ്രേഷ്ഠമല്ലേ?

## 207

അമിതബലം ധരിച്ചിടുവാൻ
കൃപയരുളും സർവ്വേശ്വരാ,
എത്ര നാളായ് കാത്തിരിപ്പൂ?
തിരുസേവ ചെയ്യാൻ, വരം ലഭിപ്പാൻ.

1. പരദേശിയായ് നീ മരുവുകയോ?
പരിതാപമാണോ നിൻ ജീവിതം?
കരുതിടുമവൻ നിന്നെ സ്നേഹിതനായ്,
പിരിയാത്ത യേശുവിന്നരികിൽ വരു.

2. ശരശയ്യ മേലോ നിൻ ജീവിതം?
നിമിഷങ്ങളെണ്ണി പുകയുകയോ?
കുറവൊന്നുമില്ലാത്ത പുല്പുറത്തിൽ
മേയിക്കും ഇടയനാം യേശുപരൻ.

## 208

അന്തരാത്മാവിന്റെ വേദന നീക്കൂ
കരുണയാൽ വഴി നടത്തൂ,
ആരാധ്യദേവാ നമിക്കുന്നിതാ,
ഹൃദ്യമായാരാധിക്കാം.

1. മാനുഷരെല്ലാരും സ്വാർത്ഥരാകുമ്പോൾ
നിസ്വാർത്ഥസ്നേഹം ത്യജിച്ചിടുന്നു;
ആത്മാവിൻ നിർവ്യാജസ്നേഹം ത്യജിപ്പവർ
ലോകത്തിൻ പിൻപേ പോയിടുന്നു.

2. ഇൻപസ്വരത്തിനായ് കാതോർത്തിടുമ്പോൾ
ക്ഷുഭിതരായ് ശബ്ദമുയർത്തിടുന്നോർ,
സത്യസ്വരൂപന്റെ ഹൃദയാഭിലാഷം
പാടേ മറക്കുന്നു സാത്താന്യരായ്.

## 209

നാഥാ എൻ പ്രാർത്ഥന
കേൾക്കാതിരിക്കുമോ?
യാചനകൾ ചെവിക്കൊള്ളാതിരിക്കുമോ?
ആർദ്രവാനാകും ദൈവമല്ലേ എന്റെ-
കൂട്ടാളിയായെന്നും തുണയേകുന്നു?

1. ഹൃദയം തകരുന്ന പരിദേവനങ്ങൾക്കു
സദയം മറുപടി നൽകില്ലയോ?
മനസ്സിന്റെ വേദനയ്ക്കറുതിയില്ലാതെ,
പാപക്ഷമ മാത്രം മതിയാകുമോ?

2. ആത്മാവിനേറ്റതാം പ്രഹരങ്ങളോർത്തെന്റെ
പരിപാലകാ നീ തുണയാവില്ലേ?
അന്യോന്യസ്നേഹം പകരുവാൻ കല്പിച്ച
വാക്കുകൾ പാലിക്കാൻ കൃപയേകില്ലേ?

3. കദനത്താൽ തേങ്ങുന്ന ഹൃദയം നീ
കണ്ടിട്ടും
കാരുണ്യവർഷം പൊഴിയുകില്ലേ?
കാഠിന്യമാനസമെന്നേ വെടിഞ്ഞിട്ടും
കാരിരുമ്പാണിമേൽ തൂങ്ങേണമോ?

## 210

ദുഃഖത്തിനറുതിയില്ലല്ലോ എൻ ദൈവമേ,
ദുഃഖത്തിനറുതിയില്ല;
വ്യാകുലമാനസ കാരണമെന്താണെ-
ന്നാരായുവാൻ കൃപ തോന്നേണമേ.

1. ജന്മജന്മാന്തര പാപങ്ങളാകുമോ?
ചിന്തയിലൂറിടും വിഷബീജമോ?
ഏതൊക്കെയാകിലും വേദനയാലുള്ളം
പിടയുന്നു നിത്യം സർവ്വേശ്വരാ.

2. കാരുണ്യമില്ലാത്ത സഹജരോ നിങ്ങൾ?
കാഠിന്യപൂർവ്വം പഴിക്കുവോരേ?
ആരൊക്കെ ദുഃഖം വിതയ്ക്കുന്നുവോ നാഥാ!
മർത്യന്റെ വേദനയ്ക്കളവില്ലിഹേ?

## 211

അപ്പാ, എന്നെ, എന്നെയും കൂടെ,
അനുഗ്രഹിച്ചീടേണമേ,
നീ എനിക്കായിട്ടനുഗ്രഹമൊന്നുമേ
കരുതിയിട്ടില്ലയോ തമ്പുരാനേ?

1. നിനക്കും പ്രഭുവാക്കിപ്പോയി ഞാൻ അവനെ,
ദാസനായ് നിന്നെയുമാക്കി;
ധാന്യവും വീഞ്ഞും ഞാൻ കൊടുത്തുപോയി;
ഇനിയെന്തേകേണ്ടൂ എന്റെ പുത്രാ?
മനുഷ്യന്റെ നീതി പരാജയമേ.

2. പൊട്ടിക്കരഞ്ഞവൻ അപ്പനോടോതി,
എന്നെയും കൂടെ അനുഗ്രഹിക്കില്ലേ?
പ്രത്യുത്തരം മൊഴിഞ്ഞപ്പനന്നേരം,
'പുഷ്ടിയും മഞ്ഞുമില്ലാത്തവാസം!'
മനുഷ്യന്റെ നീതി പരാജയമേ.

3. വാളുകൊണ്ടുപജീവനം കഴിക്കും നീ,
സേവിച്ചിടും നിന്റെ സോദരനെ;
കെട്ടഴിഞ്ഞീടുന്ന നാളിൽ നുകത്തെ-
കഴുത്തിൽ നിന്നു നീ കുടഞ്ഞീടുമേ.
മനുഷ്യന്റെ നീതി പരാജയമേ.



## 212

ദൈവം വസിക്കുന്ന മന്ദിരമാണെന്റെ-
മൺമയമായുള്ള ഗേഹം,
ആകിലുമാരുമേ സാന്ത്വനമേകുവാൻ
ഇല്ലാത്തതാണെന്റെ നിത്യദുഃഖം.

1. ദൈവമേ അവിടുന്നുള്ളിൽ വസിച്ചുകൊ-
ണ്ടാത്മാവിനമൃതേകി പാലിക്കുമ്പോൾ,
ലോകത്തിൻ വ്യർത്ഥമാം
ഇൻപങ്ങളെന്തിനായ്?
എക്കാലവും പ്രിയൻ കൂട്ടല്ലയോ?

2. സാത്താന്റെ തന്ത്രങ്ങളാൽ കൊടും
പാപിയായ്-
മുദ്രണം ചെയ്യുന്ന വേളകളിൽ,
ദൈവമേ ആത്മാവു ചോർന്നു പോയീടാതെ,
കാവലായ് ദൂതരെ നൽകണേ നീ.

## 213

കരയാനെനിക്കിനി കണ്ണുനീരില്ലല്ലോ?
മനമാകെ മരുഭൂവിൻ ശോധനയല്ലോ?
ഹൃദയത്തിന്നാഴത്തിൽ നാമ്പിട്ട ചിന്തകൾ
പങ്കിട്ട പൈതൽ ഞാൻ, കരയില്ലിനി.

ശക്തിധരിച്ചു ഞാനുച്ചത്തിൽ ഘോഷിക്കും,
സാത്താന്യ ശക്തിയെ കീഴടക്കും;
ഒറ്റപ്പെടുത്തുന്ന ജീവിതയാത്രയിൽ
ഒരുക്കപ്പെടുന്നതോ നീതി സൂര്യനായ്.

പരിഹാസപാത്രമായെത്രയോ ദൈന്യമായ്
ക്ഷീണിതനായി നിൻ സാധു പൈതൽ?
ആകിലും വീണു തകർന്നടിഞ്ഞീടാതെ,
ശാന്തനായ് മരുവാൻ കൃപയേകുന്നു.

പകച്ചുനിന്നു കേൾക്കുന്നു ദൈവമേ ഞാൻ,
ദൈവമക്കൾക്കുള്ളിൽ സാത്താന്റെ ശബ്ദം!
ശുദ്ധാത്മാവെന്നന്യരെല്ലാം ധരിക്കുന്നു,
ഭീകരദൃശ്യമായൊളിക്കുന്നു സാത്താൻ.

## 214

കാരണം കൂടാതെയെന്നെപ്പഴിക്കുവോർ
തലയിലെ രോമത്തിലധികമല്ലോ;
ശത്രുക്കളായെന്നെ തകർക്കുവാൻ ഭാവിപ്പോർ
പെരുകുന്നു നാഥാ കരുണയേകൂ.

1. നിന്റെ നിമിത്തം ഞാൻ നിന്ദ വഹിച്ചല്ലോ,
ലജ്ജയാൽ പൂർണ്ണമായ് മൂടപ്പെട്ടേൻ;
സോദരരൊക്കേയുമന്യനായെണ്ണുന്നേ,
പരദേശിയെപ്പോലെ വീക്ഷിക്കുന്നേ.

2. ആത്മാവിൻ തപനത്താലെന്നും കരഞ്ഞും
ഉപവാസത്താലും ഞാൻ നിന്ദ്യനായില്ലേ?
മദ്യപന്മാർക്കെൻ പേർ പാട്ടായിടുന്നേ,
സല്ലപിച്ചീടുന്നവർ പട്ടണത്തിൽ.

## 215

ക്രൂരനായ് തീർന്നുവോ ദൈവമേ, നിന്നുടെ-
കൈകളാൽ ശക്തമാം പീഡയെന്നോ?
സർവ്വരുമെത്തുന്ന ഭവനത്തിലേയ്ക്കെന്നെ-
മരണത്താലെത്തിക്കയെന്നതാമോ?

1. വീഴുമ്പോൾ കൈകളെ നീട്ടുകില്ലേ നാഥാ?
ആപത്തിൽപെട്ടു ഞാൻ നിലവിളിക്കുമ്പോൾ;
കഷ്ടകാലം വന്ന സോദരർക്കായ് തവ-
ദാസൻ കരഞ്ഞതൊട്ടോർമ്മയില്ലേ?

2. എളിയവനാം ഞാൻ വ്യസനിച്ചിട്ടില്ലയോ?
ക്രൂരനാം തിന്മ വന്നാക്രമിച്ചില്ലേ?
വെളിച്ചത്തിനായ് ഞാൻ കാത്തിരുന്നപ്പോൾ
വന്നതോ കൂരിരുൾ നിർദ്ദയമായ്.

3. അമരാതെയെൻ കുടൽ തിളച്ചിടുന്നെന്നോ?
കഷ്ടകാലം വന്നിങ്ങാക്രമിച്ചെന്നോ?
നിലവിളിച്ചിടുന്നേ സഭയിലെന്നും ഞാൻ,
ഉഷ്ണമേറ്റസ്ഥികൾ കരിഞ്ഞിരിപ്പൂ.

## 216

സകലവും പ്രതികൂലം,
സർവ്വരുമെതിരായ് കൂടിടുന്നേ;
ആത്മമിത്രങ്ങളായാരെയും കാണാതെ-
എങ്ങോ നോക്കി ഞാൻ കരഞ്ഞിടുന്നേ.

1. ത്യാഗങ്ങളേറെ സഹിച്ചു മടുത്തു,
ക്രൂശിക്കണോ സ്വയം നിന്ദ്യനാകണോ?
എത്രയോ നിന്ദകളേറ്റു മനം തളർ-
ന്നെത്രയോ കാതങ്ങൾ ഞാൻ നടന്നു.

2. ദുഃഖങ്ങളേറെ സഹിച്ചു വലഞ്ഞൊരീ
ഊഷരഭൂവിലെ യാത്രയതിൽ,
പാദങ്ങളിടറി ഞാനെത്ര പ്രാവശ്യം
വീണുതകർന്നു പോയ് ദൈന്യമായി?
3. ഖിന്നനാണെന്നാലും എന്നിൽ പകർന്നതാം-
ദിവ്യസമാധാനം പങ്കിടാനായ്,
എത്ര കൊതിച്ചതാണെൻ മനം ശക്തിയായ്
സൗമ്യതയോടെന്നും വർത്തിക്കുവാൻ.

---

## 217

യേശുവേ, ദുഃഖം വഹിക്കുന്നു പ്രാണപ്രിയാ,
ഹൃദയത്തിന്നാധികൾക്കറുതിയേകൂ;
തകരുന്ന മാനസവീണയിൻ ശ്രുതികൾ-
മീട്ടുവാൻ വേഗം നീ വന്നീടണേ.

1. തിരുസ്നേഹം നുകർന്നു നിൻ വേല ചെയ്തീ,
ദുരിതക്കയങ്ങൾ താണ്ടിയെത്തി;
വീണ്ടും പരിക്ഷീണനാക്കാതെ നിത്യം
പാടിപ്പുകഴ്ത്താൻ വരമേകിടൂ.

2. തകരുന്ന വഞ്ചിയായ് മാറിടുന്നേ,
താണുപോകാനിടയാക്കിടല്ലേ;
കുറ്റങ്ങൾ ചെയ്യാതെ ശിക്ഷയ്ക്കു പാത്രമായ്,
വേദനയേറ്റു പിഞ്ഞിടുന്നേ.

3. ആത്മാവു ദുഃഖിച്ചു തല താഴ്ത്തിടുന്നേ
ആലംബഹീനനായ് തപിച്ചിടുന്നേ;
ഉപയോഗശൂന്യനെന്നെണ്ണിടല്ലേ,
സ്വർഗ്ഗീയ ശക്തി നിറച്ചീടണേ.

4. ആത്മബലം തന്നനുഗ്രഹിക്കാൻ
ആത്മീയമന്ന വർഷിക്കുകെന്നിൽ;
തീരാത്ത വേദന പാടേ മറന്നു ഞാൻ
തിരുസേവ ചെയ്തെന്നും മുന്നേറട്ടേ.

---

## 218

കണ്ണീരൊഴുക്കി കരയുന്ന ദാസർക്കു-
മറുപടിയില്ലെങ്കിലതറിയേണം,
കണ്ണീർ തുരുത്തിയിൽ ശേഖരിക്കുന്നോരു-
ദൈവമില്ലെങ്കിലതറിയേണം.

1. ഇന്നേവരെ തവ കൃപയാലല്ലോ
വഴി നടത്തി സ്നേഹമേയ്പനായി,
കണ്ണീർ തുടച്ചു നൽ സഖിയായൊപ്പം
ആശ്വാസമേകി നീ ദൈവപുത്രാ.

2. തമസിന്റെ കോട്ടകൾ തകർത്തീടുവാൻ
ആത്മാവിൻ ശക്തിയും തന്നുവല്ലോ?
ഇന്നേവരെയ്ക്കുമീ സാധുക്കളെ,
സത്യത്തിൻ സാക്ഷികളാക്കിയല്ലോ?

3. ക്ഷമിക്കേണമേ നിന്റെ മക്കളോട്,
വിശ്വാസമില്ലാഞ്ഞിട്ടല്ല നാഥാ;
കണ്ണീരൊഴുക്കിയതളവില്ലാതെ,
ആകയാലുത്തരം വേണം വേഗം.

---

## 219

എന്റെ ഭവനത്തിൽ പാടാൻ തുണയില്ലാതായ്,
തിരുകൃപകൾ വർണ്ണിക്കാനാളില്ലാതായ്,
തിരുവചനം ഘോഷിക്കാൻ പണിപ്പെടുമ്പോൾ
ഘോരനാം സാത്താൻ തകർത്തുവല്ലോ?

1. ഇനി എന്നാണേശുവേ ഒരുമയോടെ,
തിരുസേവയ്ക്കായ് ഞാനിറങ്ങിടേണ്ടൂ?
ഫലമേകും മുന്തിരിവള്ളിയാകാൻ
ഇനിയും കൃപയാൽ സാദ്ധ്യമെന്നോ?

2. കരുണയില്ലാത്തൊരീ ലോകത്തിൽ ഞാൻ
കരുണാർദ്രചിത്തനായ് ജീവിക്കിലും,
ആതങ്കഭാരം ചുമന്നീടുവാൻ
ലോകത്തിലെനിക്കിനി കഴിഞ്ഞീടുമോ?



# നിത്യത

## 220

വചനത്തിൻ ശക്തിയെ ഉൾക്കൊള്ളുവിൻ!
വചനം വിളമ്പാൻ ഒരുങ്ങീടുവിൻ!
വചനം ഹൃദയത്തിൽ സംഗ്രഹിച്ചാൽ
വചനം ജീവന്റെ ശക്തിയാകും.

1. വിശുദ്ധരായ് മേവാൻ ജാഗരിപ്പിൻ,
വിശുദ്ധവസ്ത്രം ധരിച്ചണിനിരപ്പിൻ!
വിശുദ്ധനാം ദൈവത്തെ എതിരേല്ക്കുവാൻ-
വിശുദ്ധീകരണം നാം പ്രാപിക്കേണം.

2. താതന്റെ രാജ്യേ നാം എത്തിച്ചേരാൻ,
ലോകത്തിൻ ഇൻപങ്ങൾ ത്യജിച്ചിടേണം,
ലോകം ജഡം പിശാചെതിർത്തുനിന്നാലും-
തകർത്തിടാം പാപത്തിൻ അടിമനുകം.

---

## 221

ഭക്തന്റെ ശക്തി വിശുദ്ധിയത്രേ,
അശുദ്ധി നിൻ ശക്തിയെ തകർത്തീടുമേ;
സമൃദ്ധമായുള്ളതാം ജീവനേകുവാൻ
യാഗമായ് തീർന്നു മൽ പ്രാണനായകൻ.

1. ഒരുക്കമുള്ളോരായ് പ്രത്യാശയോടാത്മ -
ശക്തിപ്രാപിക്കാം സഹജരേ നിത്യം;
ആത്മനാഥൻ വാനമേഘത്തിലെപ്പോൾ-
എഴുന്നള്ളിയാലും നാം ഉയരേണമൊപ്പം.

2. ഭക്തരാം ജനതതിക്കു രക്ഷയേകുവാൻ,
വാക്കുമാറാത്തവൻ കൂടെയുള്ളതാൽ,
ധൈര്യഹീനം വേണ്ട, പിൻഗമിച്ചീടാം,
നിത്യതയ്ക്കു വേണ്ടിനാം പരിശ്രമിച്ചിടാം.

---

## 222

ധൈര്യപ്പെടാൻ നൽകും ദിവ്യസന്ദേശം
ക്രൂശിലെ സ്നേഹത്തിൻ സന്ദേശം,
പാരിതിലെങ്ങും ഘോഷിച്ചു വേഗം
ദൈവരാജ്യം ഭൂവിൽ വെളിപ്പെടുത്താം.

1. സുവിശേഷം ജീവിതസന്ദേശമാക്കാം,
വെളിപ്പെടുത്താനേറെ യത്നിച്ചിടാം;
പരമപിതാവിന്റെ തേജസിൻ ശക്തിയെ
വെളിപ്പെടുത്താം, ജീവനാൾകളെല്ലാം.

2. ചൈതന്യമേകുന്ന ദൈവത്തെ നിത്യം
വാഴ്ത്തിപ്പുകഴ്ത്തുക സൗഭാഗ്യമല്ലേ?
സ്തോത്രം ചെയ്തെന്നും പ്രാപിക്ക നന്മകൾ,
നിത്യനാം ദൈവത്തിൽ നിന്നു നമ്മൾ.

3. ദൈവമക്കൾ നേർച്ചയർപ്പിക്കും കാഴ്ചയാൽ
ദൈവപ്രസാദം പ്രാപിക്കുമ്പോൾ,
ജാതികളൊക്കെയും മാറ്റമില്ലാതുള്ള-
ദൈവത്തിൻ ശക്തി കണ്ടമ്പരക്കും!

4. ആത്മാവിൻ തീജ്വാല ഉയർന്നിടട്ടേ,
ആളിപ്പടർന്നിടട്ടനുപമ സ്നേഹം!
ദൈവജനം നാമൊന്നായി പാടി-
വർണ്ണിച്ചിടാം സ്തുതിഗീതം മുഴക്കാം.

---

## 223

ഹൃദയത്തിന്നുള്ളിൽ പൊങ്ങുന്ന സ്തോത്രം
ആരാധ്യ ദേവനായർപ്പിച്ചിടാം;
സ്തുതികൾക്കു യോഗ്യനാം ത്രീയേക ദൈവം
സാറാഫുകൾ മദ്ധ്യേ വസിച്ചിടുന്നു.

1. അത്യുന്നതൻ ദൈവം സിംഹാസനത്തിൽ
വാണരുളീടുന്ന സ്വർഗ്ഗപുരേ,
ദൂതരോടൊപ്പം പാടി പുകഴ്ത്താൻ
വിശുദ്ധവസ്ത്രങ്ങൾ ധരിച്ചു നീങ്ങാം.

2. മൂപ്പന്മാരിരുപത്തിനാലുപേരും പൊന്നിൻ-
കിരീടധാരികൾ വെൺവസ്ത്രമോടെ,
സിംഹാസനത്തിൻ ചുറ്റുമിരിക്കുമ്പോൾ-
മിന്നലും നാദവും മുഴങ്ങിടുന്നു.

---

## 224

യേശുവേ, ദുഃഖം വഹിക്കുന്നു പ്രാണപ്രിയാ,
ഹൃദയത്തിന്നാധികൾക്കറുതിയേകൂ;
തകരുന്ന മാനസവീണയിൻ ശ്രുതികൾ-
മീട്ടുവാൻ വേഗം നീ വന്നീടണേ.

തിരുസ്നേഹം നുകർന്നു നിൻ വേല ചെയ്തീ,
ദുരിതക്കയങ്ങൾ താണ്ടിയെത്തി;
വീണ്ടും പരിക്ഷീണനാക്കാതെ നിത്യം
പാടിപ്പുകഴ്ത്താൻ വരമേകിടൂ.

തകരുന്ന വഞ്ചിയായ് മാറിടുന്നേ,
താണുപോകാനിടയാക്കിടല്ലേ;
കുറ്റങ്ങൾ ചെയ്യാതെ ശിക്ഷയ്ക്കു പാത്രമായ്,
വേദനയേറ്റു പിഞ്ഞിടുന്നേ.

ആത്മാവു ദുഃഖിച്ചു തല താഴ്ത്തിടുന്നേ
ആലംബഹീനനായ് തപിച്ചിടുന്നേ;
ഉപയോഗശൂന്യനെന്നെണ്ണിടല്ലേ,
സ്വർഗ്ഗീയ ശക്തി നിറച്ചീടണേ.

ആത്മബലം തന്നനുഗ്രഹിക്കാൻ
വർഷിക്കുകെന്നിൽ ആത്മീയമന്ന;
തീരാത്ത വേദന പാടേ മറന്നു ഞാൻ
തിരുസേവ ചെയ്തെന്നും മുന്നേറട്ടേ.

## 225

കാരുണ്യമോടെന്നെ കാണേണമേ
പൊൻമുഖം കാണാനാശയാണേ,
അപമാനിക്കുന്നോർക്കു മറുമരുന്നേകാൻ
തൃക്കരത്തിൽ എന്നെ വഹിക്കേണമേ.

1. ദുഃഖത്തിൻ പാനപാത്രം നിത്യവും ഞാൻ
നിത്യസഹായകാ കുടിച്ചിടുമ്പോൾ,
ഉമിത്തീയിൽ വെണ്ണീറായ് മാറുന്നോരെന്നെയും
സ്നേഹപ്രവാഹത്താൽ തണുപ്പിക്കണേ.

2. ആധിയിന്നാഴത്തിൽ ഞരങ്ങുന്നൊരെന്നെ നീ
അവിവേകികൾ മുന്നിൽ മാനിച്ചതാൽ,
പരിഹാസികൾക്കെന്നും പാട്ടായിടാതെനി-
ക്കറിവേകി പരമോന്നത വഴികാട്ടിടൂ.

# കൃപ

## 226

യേശുവിൻ സ്നേഹത്താൽ വീണ്ടെടുക്കപ്പെട്ട
പാപിയാം ദാസൻ നിൻ സ്വന്തമെന്നും;
നാഥാ നിൻ പേർക്കായെൻജീവിതം സമർപ്പിച്ചു
മുന്നേറുന്നേ ഓട്ടം തികച്ചീടുവാൻ.

1. വിശ്വസ്തനായിനിൻ സേവ ചെയ്യാൻ,
വിശ്വസ്തമാനസം കാത്തുകൊൾവാൻ
ദാനമായ് തിരുകൃപ ജീവനിൽ പകർന്നതാം
പരമപിതാവേ സ്തുതിനിനക്ക്.

2. ലോകരെല്ലാം തന്നെ ത്യജിച്ചീടിലും
നിന്ദിച്ചുമനമാകെ തകർത്തീടിലും,
യേശുവെൻ കരമതിൽ ശക്തമായ് പിടിക്കയാൽ
നിർഭയനായ് തന്നെ ഓടിടും ഞാൻ.

3. ക്ലേശങ്ങളാൽ മനം നീറീടിലും
മാനസ വ്യഥയേറി തപിച്ചീടിലും,
യേശുവേ തിരുകൃപ മതിയെനിക്കെന്നും,
ശാന്തിയിൻ തീരത്തിലെത്തുവോളം.

## 227

കർത്താവേ ഞാൻ വേദനിക്കുന്നേ,
എന്നോടു ദയ തോന്നി സംസാരിക്കൂ;
ആകൃത്യങ്ങൾ പൊറുക്കാൻ മനസ്സായില്ലേ?
ആകയാൽ മൗനമായിരിക്കരുതേ.

1. അന്ത്യത്തോളം പാടി സ്തുതിച്ചീടുവാൻ,
ഹൃദയം തുടികൊട്ടുന്നേശുനാഥാ;
ആത്മഭാരം നീങ്ങി വേലചെയ്യാം പ്രിയാ;
ത്യജിച്ചിടല്ലേ കൃപ വർഷിക്കണേ.

2. തുൻപങ്ങൾ പെരുകുന്നേ നീതിമാനേ,
മിത്രങ്ങൾ അകന്നിടുന്നേഴയിൽ നിന്നും,
വീട്ടുകാർ ശത്രുക്കളായിടുന്നേ പ്രിയാ;
ത്യജിച്ചിടല്ലേ കൃപവർഷിക്കണേ.



## 228

ദൈവമേ തിരു അവതാരം
സൗജന്യ രക്ഷാദായകം നാഥാ,
ജീവിക്കും ദൈവമേ, സ്നേഹ സ്വരൂപാ
അടിയങ്ങളിൽ വന്നു വസിക്കേണമേ.

1. സ്വർഗ്ഗത്തോടും പ്രിയതാതാ, നിന്നോടും
പാപം ചെയ്തോർ ഞങ്ങൾ നന്ദികെട്ടോർ;
അവിടുന്നുമാത്രം ജീവിക്കും ദൈവമെ-
ന്നറിയുന്നു പാപികൾ, കൃപയേകണേ.

2. ദൈവം വസിക്കുമിടങ്ങളിൽ ഞങ്ങൾ
പ്രാർത്ഥനയ്ക്കായ് മനം വണക്കിടുമ്പോൾ,
അകമേ വസിക്കുവാൻ മനസ്സായിടേണമേ
നായകനായ് നിത്യം വസിച്ചീടണേ.

3. ന്യായപ്രമാണം പാലിച്ചിടാത്തൊരീ
ദോഷികളാം ഞങ്ങൾ കൃപ യാചിപ്പൂ,
പാപത്തിൻ കൂമ്പാരം കത്തിയെരിഞ്ഞിടാൻ
ക്രൂശിൽ രുധിരം നീ ചൊരിഞ്ഞുവല്ലോ?

## 229

കൃപയാൽ എന്നെ വീണ്ടെടുത്തു,
കൃപയാൽ ദൈവത്തിൻ പൈതലാക്കി
അനുപമസ്നേഹത്താൽ ദൈനംദിനം
നടത്തുന്ന വിധങ്ങൾ അവർണ്ണനീയം.

നാഥാ തിരുനാമം പുകഴ്ത്തിടും ഞാൻ
നാഥാ അങ്ങേയ്ക്കായ് ജീവിക്കും ഞാൻ (2)

1. അശരണനായെത്ര ദൈന്യമായി
യാതന സഹിച്ചുവെന്നോർത്തിടുമ്പോൾ,
ദൈവമേ അവിടുത്തെ സ്നേഹമോർത്തെൻ
ഹൃദയം നന്ദിയാൽ തരളിതമായ്.

2. രോഗവും വേർപാടും ദുരിതങ്ങളും
കണ്ണീരിലാഴ്ത്തിയനാൾകളിൽ നീ,
ആശ്രയമായെനിക്കാലംബമായതാൽ,
ധന്യനായ് തിരുനാമം വാഴ്ത്തിടും ഞാൻ.

## 230

സ്വർഗ്ഗീയ കൊട്ടാരവാസത്തിനായിതാ
നിത്യമൊരുങ്ങുന്നു തമ്പുരാനേ
കൃപയുടെ വാതായനം നീ അടച്ചിടല്ലേ
നിത്യത തന്നിൽ ഞാനെത്തുവോളം.

1. ദാനമായേകുന്ന നന്മകളെന്നും
സ്വീകരിച്ചടിയങ്ങൾ മുന്നേറിടാൻ
കൃപയേക ഞങ്ങൾക്ക് വഴികാട്ടിയാവാൻ,
മനസ്സാകണേ മമ പ്രാണനാഥാ.

2. കൃപയില്ലാതടിയാർക്കൊരു നിമിഷം പോലും
ശുദ്ധരായ് മേവാൻ സാദ്ധ്യമല്ല
വിശുദ്ധിയിൻ വസ്ത്രം ധരിച്ച് നിൻ മാർഗ്ഗത്തിൽ
സതതം ചരിക്കുവാൻ കൃപയേകിടൂ.

## 231

നിത്യജീവൻ പ്രാപിക്കാൻ ദിനം തോറും
അദ്ധ്വാനിക്കുന്നെന്റെ സ്വർഗ്ഗപിതാവേ,
മുറിവേറ്റ മനസ്സിന്നശാന്തി നീക്കാനായ്,
കൃപവർഷിക്കുന്നോനായ് മാറ്റേണമേ.

1. ദൈവീക നിർദ്ദേശമെപ്പോഴും ഹൃദയേ,
സന്തോഷത്തോടെ നാം സ്വീകരിച്ചെന്നാൽ,
ആശിഷമാരി പോലനുഗ്രഹം നിറയെ-
പ്രാപിക്കുമനുദിനം നിശ്ചയമായ്.

2. അർദ്ധപ്രാണർക്കും ആലംബഹീനർക്കും
ആർത്തരായ് കാണുവോർക്കൊക്കേയുമേ,
അനുകമ്പയുള്ളോരു ഹൃദയമായ് മാറട്ടേ,
ആത്മാവിൽ എരിവോടെ വേല ചെയ്യാം.

3. തളരുന്ന മനസ്സിന്റെ ആധികൾ നീക്കാൻ
കുഴയുന്ന കാൽകളെ താങ്ങിനിർത്താം,
സഹതാപമാർന്നൊരു മനമൊരുക്കാനായ്
ഹൃദയവിശാലത കൈവരിക്കാം.

4. രണ്ടു കാശർപ്പിച്ച വിധവയെ ദർശിച്ച-
രക്ഷകൻ നമ്മെയും കണ്ടിടുമ്പോൾ;
ഉള്ളതെല്ലാം നല്കുമുള്ളങ്ങൾ കാണുന്ന-
സർവ്വേശ്വരൻ നമ്മെ അനുഗ്രഹിക്കും.

## 232

ബലഹീനനായിതാ കാലുകൾ ഇടറുന്നേ,
തിരുക്കരത്താലെന്നെ താങ്ങീടണേ,
വീണുപോയാൽ പിന്നെ നടക്കുവാനാമോ?
കഴിയില്ല പ്രിയാ, കൈതാങ്ങണേ.

1. ബലമുള്ള കരമെന്റെ തമ്പുരാനില്ലയോ?
തൃക്കരമതിലായ് അഭയം തേടുന്നേ,
അവിടുന്നല്ലാതെനിക്കുലകിലില്ലാരും;
തുണയേകുവാനായ് ദൈവപുത്രാ.

2. ആരോഗ്യമോടീ ലോകത്തിൽ മേവാൻ
കൃപയില്ലായ്കിൽ നാഥാ കഴിഞ്ഞീടുമോ?
അവിടുത്തെയപദാനം കീർത്തിക്കുവാനായ്
ദാനമാമാരോഗ്യം കൃപയാൽ നൽകൂ.

---

## 233

മരണത്തിൽ നിന്നെന്നെ വിടുവിച്ചോനേ,
വീഴ്ചയിൽ താങ്ങി നിവർത്തിയോനേ;
ആയിരമായിരം സ്തോത്രങ്ങളാലുള്ളം
തുടികൊട്ടിടുന്നെന്നും, ഹാലേലൂയ്യാ.

1. ശോധനയേറുമ്പോൾ കർത്താവു തൻ-
മുറിവേറ്റ പാണിയെൻ നേർക്കു നീട്ടും,
കൈയ്ക്കു പിടിച്ചവൻ മാറോടണച്ചിടും;
വൻകൃപയ്ക്കെന്തു ഞാൻ പകരം നൽകും?

2. അല്ലലാലേറ്റം വലഞ്ഞിടുമ്പോൾ
മനസ്സലിവോടെന്റെ ചാരെയെത്തും,
അഴകെഴുമാമുഖം ദർശിച്ചു സൗഭാഗ്യം
കരുണാമയനിൽ നിന്നാർജ്ജിച്ചിടും.

3. ഹൃദയത്തിൽ മീട്ടുന്നെൻ സ്വർഗ്ഗീയ രാജൻ
ത്യാഗത്തിന്നുജ്വല സംഗീതമിന്നും,
അലയടിച്ചുയരുന്നാ മണിവീണനാദം
ഹൃദയാന്തരാളത്തിൽ പ്രതിദ്ധ്വനിപ്പൂ.

---

## 234

കാരുണ്യവാനായ് കൃപയേകും ദൈവം
സഹതാപമോടെന്നും വീക്ഷിക്കുന്നു,
കരച്ചിലിൻ ശബ്ദം കാതോർത്തു കേട്ടവൻ
കണ്ണീർ തുരുത്തിയിൽ സൂക്ഷിക്കുന്നു.

1. മകനേ നീ ഭയപ്പെടേണ്ടൊട്ടുമേ നിൻ-
കൂട്ടിനായെന്നും ഞാൻ കൂടെയുണ്ട്;
പെറ്റമ്മയെപ്പോലെ ആശ്വസിപ്പിക്കാൻ
മാറത്തണയ്ക്കുവാൻ കൂടെയുണ്ട്.

2. മർത്യരെല്ലാം തന്നെ സ്വാർത്ഥരല്ലേ?
സ്നേഹം വ്യാജമായ് മാറിടുന്നു;
സ്നേഹത്തിൻ തികവിനാൽ നിർഭയരാകാൻ
വൈമനസ്യത്തോടെ ജീവിക്കുന്നു.

3. ഇൻപം പകർന്നിടേണ്ടുന്നവരേ നിങ്ങൾ,
തുൻപകേമാൻ ശ്രമിക്കുന്നുവോ?
അന്ധകാരത്തിന്റെ പാശമോടെന്നും
ശത്രുവാം സാത്താൻ അടുത്തിടുന്നു.

---

## 235

ദൈവത്തിന്നാത്മാവെന്നുള്ളത്തിലുള്ളതാൽ
അത്ഭുതമായിന്നും ജീവിക്കുന്നു,
തകർന്നു പോകാനിടയാകാതെ ദൈവമെൻ-
കരം പിടിച്ചനുയാനം ചെയ്തിടുന്നു.

1. അതിവ്യഥയേകിക്കൊണ്ടകമേ കടന്നെന്നിൽ
തീ തിന്നുമനുഭവമേകിടുമ്പോൾ,
പരിഹാസികൾ ചുറ്റും കൂടിയിട്ടെന്നിലെ-
ജീവനെ പന്താടാൻ ശ്രമിച്ചിടുന്നു.

2. സമനില തെറ്റാനേറെക്കാര്യമൊന്നും വേണ്ട,
മനസ്സിന്റെ വേദനയ്ക്കാക്കം കൂടുന്നേ,
വേട്ടക്കാർപോലിതാ ശത്രുക്കൾ ചുറ്റിലും
നോവു വളർത്തിക്കൊണ്ടാഞ്ഞാടുക്കുന്നു.

3. ഉള്ളത്തിലുള്ളതാമാത്മാവു ശക്തമായ്
ഭീരുത്വത്തെത്തള്ളിയോടിക്കയാൽ,
ഹൃദയത്തിൽ നിത്യം വസിക്കുന്ന രക്ഷകൻ
തോല്ക്കുവാനനുമതിയേകുന്നില്ല.



## 236

താഴ്മയുള്ളോരെ പാലിക്കും ദൈവം
വൈരിയിൽ നിന്നും വിടുവിക്കുന്നു,
അന്നവസ്ത്രാദികൾ സകർക്കുമേകുന്ന
സ്വർഗ്ഗസ്ഥനായോനുസ്തോത്രം ചെയ്വിൻ.

1. ആഴത്തിൽ നിന്നിതാ നിലവിളിക്കുന്നേ,
കർത്താവേ പ്രാർത്ഥന കേൾക്കേണമേ;
അകൃത്യങ്ങളോർക്കല്ലേ നിലനില്ക്കാനാവില്ല;
ഭയപ്പെടാൻ യോഗ്യനാം വിമോചകനേ.

2. ദൈവമേ അങ്ങയെ മറക്കുന്ന ജാതികൾ
പാതാളത്തേയ്ക്കു തിരിഞ്ഞിടുമ്പോൾ,
ദരിദ്രനെ എന്നേയ്ക്കും മറക്കാത്ത വല്ലഭാ
സാധുവിൻ പ്രത്യാശ ഫലവത്താകും.

3. മർത്യൻ പ്രബലനാകാതിരിക്കാനായ്
എഴുന്നേല്ക്കേണമേ എൻ യഹോവേ;
ജാതികൾ വിധിക്കപ്പെടട്ടേ തിരുമുമ്പിൽ
മർത്യരെന്നോർത്തവർ ഭയപ്പെടട്ടേ.

---

## 237

പ്രിയപിതാവേ അങ്ങയെ സ്നേഹിക്കാൻ
സേവിക്കാൻ, പാടാൻ എന്നാളുമേ,
അനുമതിയേകുക, വിശ്വസ്തദാസനായ്-
നിലനിന്നിടാനെന്നിൽ കൃപ ചൊരിയൂ.

1. ആർക്കുമേ വേണ്ടാത്ത വസ്തുവെപ്പോലെ
പരിത്യക്തനല്ലയോ തവദാസനും?
ദിവ്യമാം പരിവേഷം ചാർത്തിയെന്നെ
ഉള്ളത്തിൽ സ്നേഹിപ്പൊരുണ്ടുതാനും.

2. തമസ്കരിക്കുന്നോരു കൂട്ടരെന്നെന്നും
ശത്രുവായെണ്ണുന്നു നാലുപാടും,
തിരുസന്നിധാനത്തിലാവോളമുജ്വല-
താരകമായിടാനാവുമോ പ്രിയാ?

3. പരിശുദ്ധാത്മാവിനാൽ പ്രത്യാശയോടെ
പരിലസിച്ചിടുവാൻ യത്നിച്ചിടാം,
തിരുസവിധേ ഞങ്ങളെത്തുവോളം പ്രിയാ-
ശത്രുവിൻ കരങ്ങളിലേല്പിക്കല്ലേ.

---

## 238

പ്രകാശം പരത്തുവാനാശയുണ്ടെന്നാൽ
സ്വയം പ്രകാശിക്കാൻ പ്രാപ്തിനേടാം,
വചനം ഗ്രഹിച്ചു സ്വാംശീകരിച്ചെന്നാൽ
ദൈവീകപ്രഭ പേറി മുഖകാന്തിയേറും.

1. വിവേകത്താലുള്ള ഐക്യമല്ലോ നമ്മെ-
വിമോചനത്തിനു സാദ്ധ്യമാക്കുന്നു?
അപരന്റെ വേദന സ്വന്തമായെണ്ണുമ്പോൾ
ക്രിസ്തുവിൻ സ്നേഹം വസിച്ചിടും നമ്മിൽ.

2. തല ചായ്ക്കാനിടമില്ലാത്തേഴയെ പാർപ്പിക്കാൻ
മനമുണ്ടെന്നാൽ നമ്മളേശുവെ പാർപ്പിക്കും,
അന്യന്റെയുള്ളിലെ ആത്മാവിൻ സായൂജ്യം
തിരിച്ചറിഞ്ഞന്നു നാം സായൂജ്യം നേടും.

3. വചനത്തിലൂടെ നാം നേടുന്ന ദിവ്യമാം-
പാപക്ഷമയെന്ന മോക്ഷമാർഗ്ഗം,
സ്വായത്തമാക്കാൻ മുന്നേറുകിൽ കൃപ-
ദാനമായേകിടും സർവ്വേശ്വരൻ.

4. വേദനിക്കുന്നോന്റെ മുറിവുകൾ കെട്ടുവാൻ
മുന്നോട്ടിറങ്ങുവാൻ മനമൊരുക്കേണം,
ശൂന്യവൽക്കരണത്തിൻ പാത വെടിഞ്ഞുനാം
ക്രിസ്തുവെ പിൻപറ്റി യാത്ര ചെയ്യാം.

---

## 239

സ്നേഹാർദ്രനാമെന്റെ ദൈവപുത്രാ,
ആർദ്രതയുള്ളോരു മനസ്സേകണേ;
അന്യർക്കു ദാനങ്ങളേകുന്ന മനമല്ലോ,
കൃപയിന്നുറവിടം പ്രാണനാഥാ?

1. അർഹിക്കാതുള്ളതു ദാനമേകുന്നതാ-
ണാർദ്രമാം കൃപയെന്ന നിത്യസത്യം,
അറിയേണമാത്മാവിൽ വേരുറയ്ക്കേണം,
കൃപയോടെ ജീവിതം ധന്യമാക്കാം.

2. കാരുണ്യമുള്ളൊരു നൽമനമല്ലയോ?
കർത്താവു നമ്മിൽ നിന്നാശിക്കുന്നു;
കാപട്യമില്ലാത്ത സത്യവിശ്വാസികൾ
കർത്താവിനോടൊപ്പം യാത്ര ചെയ്യും.

---

## ഉണർവ്വ്

### 240

ഉണർവ്വിൻ കാറ്റേ വീശണമേ
ഉണർവ്വേകാനായ് കൃപ ചൊരിയൂ;
തമസകറ്റാനായ് ജനിച്ചവനേ,
നീതി സ്വരൂപാ സ്തുതിച്ചിടുന്നേ.

1. കഠിനതപേറും മനസ്സുകളെ
നന്നിലമായിന്നൊരുക്കണമേ,
അറുപതു മേനി വിളഞ്ഞാൽ പോര,
നൂറുമേനി വിളഞ്ഞിടെണം.

2. കുടിലത പേറും ഹൃദയങ്ങൾ,
ശാപമതേറ്റു നശിക്കാതെ,
കരുണാമയനേ കാൽവരിനാഥാ,
അകമേ വന്നു വസിച്ചിടണേ.

---

## വചനം

### 241

ദൈവത്തിൻ വചനം,
നിലനിൽക്കും വചനം;
ആശ്രയിക്കാം, എല്ലായ്പ്പോഴും;
സംശയരഹിതമായാശ്രയിക്കാം.

1. തേനിലും തേൻകട്ടയേക്കാൾ മധുരമാം,
തികവുള്ള വചനത്തിലാശ്രയിക്കാം,
ഫലമേകും ജീവിതം കൈവരിക്കാം
മാനിക്കാം പാലിക്കാം തിരുവചനം.

2. എന്നെപ്പിരിഞ്ഞു നിങ്ങൾക്കൊന്നുമേ,
ചെയ്യുവാനാവില്ലെന്നോർത്തു കൊൾവിൻ;
ആകയാൽ യേശുവിൽ തന്നേ വസിക്കാം,
നിരന്തരബന്ധത്താൽ വളർന്നുയരാം.

---

### 242

യിസ്രായേൽ മക്കൾ സത്യദൈവത്തെ-
പിൻപറ്റി ജീവിക്കവെ,
സംതൃപ്തരല്ലാതെ പിറുപിറുപ്പോടെ
ദൈവത്തിനെതിരായി സംസാരിച്ചു.

1. സത്യമാർഗ്ഗം ത്യജിച്ചുന്നതരായിടിൽ
സത്യവാനാം ദൈവം കൈവെടിയും,
വചനം പ്രമാണിച്ചു തന്നെ ജീവിക്കേണം
വചനത്തിൻ ശക്തിയോ മഹത്തരമേ.

2. സാരഫാത്തിൽ പാർത്ത വിധവയെപ്പോലും
പരിത്യജിക്കാത്തവൻ സർവശക്തൻ;
വചനത്തിൽ പൂർവികർ ആശ്രയം വച്ചപ്പോൾ
നിത്യനാം ദൈവം വഴി നടത്തി.

---

### 243

ക്രിസ്തുവിൻ ശരീരമാകും, സഭയുടെ -
ഭൗതിക നിർമ്മിതി നടമാടുമ്പോൾ,
സഫലമായീടാത്ത ദൈവരാജ്യത്തിന്റെ-
കെട്ടുപണിക്കായ് നാം യത്നിച്ചിടാം.

1. ആശ്രയിച്ചീടല്ലേ വ്യാജമാം വാക്കുകൾ,
അവ കേട്ടു സത്യം ത്യജിച്ചിടല്ലേ?
യാഹിന്റെ മന്ദിരം, യാഹിന്റെ മന്ദിര-
മെന്നുള്ള വാക്കുകൾ വ്യാജമല്ലേ.

2. ക്രിസ്തുവിലാകുന്ന വ്യക്തി നിരന്തരം
രൂപാന്തരങ്ങൾ പ്രാപിച്ചിടും;
വേർപാടിൻ ജീവിതമാഗ്രഹിക്കും സദാ-
ദൈവവുമായവൻ സംവദിക്കും.

---

### 244

സജീവമാണു സനാതനമായുള്ള-
ദൈവവചനം, അനശ്വരം!
അനശ്വര ബീജത്തിൽ നിന്നല്ലയോ?
മർത്യനു നൽകിയതീ ജന്മം!



1. സ്വർഗ്ഗത്തിൻ പ്രത്യുത്തരമാകുന്നതാം
പരിശുദ്ധാത്മാവിനെ നൽകിയതാൽ,
വചനത്താൽ ശുദ്ധിയുള്ളോരായിത്തീരും
ദൈവജനം നിത്യരാജ്യം പൂകും.

2. പോരാട്ടത്തിൽ കരുത്തേകുന്നതാം
വചനമാം പാൽ ദിനേ പാനം ചെയ്താൽ,
സുനിശ്ചിതമായും പോരാട്ടങ്ങൾ -
വിജയത്തിലെത്താൻ കൃപയേകിടും.

---

### 245

മരുഭൂവാസം പോലേകാന്തമായുള്ള-
ജീവിതത്തേയ്ക്കു നീ നടന്നിടുമ്പോൾ,
സ്നേഹത്തിനായുള്ള വിശപ്പുമായെത്തും
കുറുക്കുവഴികളുമായി സാത്താൻ.

1. ദൈവപൈതലിനേകാൻ ദൈവമൊരുക്കുന്ന-
ഭക്ഷണമാണെന്നും വചനം;
വിശുദ്ധസ്ഥലങ്ങളിൽ തന്നേയും സാത്താൻ
വീഴ്ത്താൻ ശ്രമിക്കുമതോർത്തിടേണം.

2. ദേവാലയത്തിന്റെ അഗ്രത്തിലേയ്ക്കല്ല,
ഉള്ളിലായ് നിത്യം നാം കടന്നിടേണം;
വചനമാം വാളുമായ് യാത്രികനാവുകിൽ
സാത്താൻ വിരണ്ടോടും നമ്മെ നോക്കി.

---

### 246

വിശുദ്ധിയിൻ അലങ്കാരമായി നമ്മെ,
രൂപപ്പെടുത്താൽ ക്ഷണിച്ചിടുന്നു,
കാൽവരി നാഥന്റെ ചുടു നിണത്താൽ
വീണ്ടെടുത്തതിനാൽ സ്തുതിയേകിടാം.

1. വചനമാം വിത്തു വിതയ്ക്കുന്നിടങ്ങളിൽ
സാത്താനും സൈന്യവും കാവലാകും,
നന്നിലങ്ങളിലൊന്നും മുളച്ചിടാതവയെ,
പറവകൾ പോലെത്തി കൊത്തി മാറ്റും.

2. മനുഷ്യന്റെ മനസ്സിൽ, വചനം വേരൂന്നുകിൽ
ഹൃദയത്തിന്നാഴത്തിൽ വേരോടിടും,
ഫലമേകുമറുപതും നൂറും മേനിയായ്
ജീവിതം സഫലമായ് തന്നെ മാറും.

3. ദൈവത്തിൻ വചനത്തിനിടം നൽകുകിൽ
അനുഗ്രഹമാകും നീ സത്യമായും;
കഠിന ഹൃദന്തമുടച്ചു നൽ നിലമായ്-
രൂപാന്തരപ്പെടാൻ ഭാഗ്യമേകും.

---

### 247

സൗന്ദര്യദർശനം നന്മകാണാൻ
വിനിയോഗിക്കുമ്പോൾ വിശുദ്ധിനേടാം;
സാമൂഹ്യസൗന്ദര്യം സ്വായത്തമാക്കാൻ
സുവിശേഷ ദൗത്യം പൂർത്തിയാക്കാം.

1. സൃഷ്ട്യുന്മുഖ ദർശനമോടെ നാം ജീവിക്കിൽ
സൂക്ഷ്മകാര്യങ്ങളും ശ്രദ്ധിച്ചു വേഗം,
ചെയ്തുതീർത്തീടുമ്പോളാശ്വാസം പ്രാപിച്ചു
സംതൃപ്തി നേടി പ്രവാചകരാകാം.

2. കളവായ് ചതിവായ് നേടിയതെല്ലാം
നശ്വരമാണെന്നോർത്തീടുകിൽ,
തിരുരാജ്യവർദ്ധനയ്ക്കോഹരി നേടുവാൻ
വചനാനുസൃതമായി ജീവിച്ചിടാം.

---

### 248

ദൈവത്തിൻ പരമമാം ജ്ഞാനത്തോടൊപ്പം നാം
ചേർത്തുവയ്ക്കാം ദാനമായുള്ള ബുദ്ധി;
വചനം പുനഃസൃഷ്ടിയാക്കുന്ന ശക്തിയാൽ
അത്ഭുതങ്ങൾ കാണും ദൈവജനം.

1. വചനപ്രഘോഷവേളയിലോരോ-
നട്ടെല്ലുമതിന്റെ തലയെ നോക്കി;
ജീവാത്മാവവിടെ കടന്നുവന്നപ്പോൾ,
ചിതറിക്കിടന്നതാം അവസ്ഥ മാറി.

2. പാരസ്പര്യത്തിന്റെ സംരക്ഷകർ പോലെ
സൈന്യവ്യൂഹം പോലൊന്നുടലെടുത്തെങ്കിൽ,
വചനത്തിൻ ശക്തിയറിഞ്ഞു നാമെന്നും-
സംശുദ്ധ മാനസരായിടേണം.

## വിവാഹം

249

ആശംസവർഷിപ്പൂ നൽസുദിനേ,
ആഗതരാം ഞങ്ങൾ ദമ്പതികൾ മേൽ;
സുഖദുഃഖ സമ്മിശ്ര ജീവിത വീഥിയിൽ
പതറാതെ മുന്നേറാൻ കൃപയേകുമീശൻ!

1. ജീവിതമലർവാടി പൂത്തുലയുമ്പോൾ
ജന്മമേകൂ നിങ്ങൾ ദൈവമക്കൾക്ക്!
ആശംസയേകുന്നു പ്രാർത്ഥിപ്പൂ ഞങ്ങൾ;
സാഫല്യമേകട്ടേ പുതുജീവിതം!

2. ദൈവത്തിൻ ഭാഷയാം സ്നേഹത്തിൻഭാഷ,
പാരസ്പര്യത്തിൻ ചങ്ങലകോർക്കും;
എന്നും നിലനിൽക്കും സംവേദനം ചെയ്യും,
അന്യോന്യം സ്നേഹം പങ്കുവയ്പിൻ!

3. ക്ഷമയുടെ ഭാഷയാം സ്നേഹത്തിൻ ഭാഷ,
കൈമാറുമ്പോൾ, സ്നേഹം ജ്വലിക്കുകില്ലേ?
എല്ലാം ക്ഷമിക്കുന്ന കർത്താവിൻ ദിവ്യമാം
ദൈവീക ഭാഷയും സ്വന്തമാക്കൂ.

250

ഇരുകുടുംബങ്ങളിൽ വളർന്നുവന്നോർ
ഇരുവരിന്നൊന്നായ് മാറിടുന്നു,
സ്വർഗ്ഗീയ സായൂജ്യമനുഭവിക്കാനായ്,
മംഗല്യനാളിതാ ആഗതമായ്.

1. സുരഭില സുന്ദര സുദിനമിതല്ലോ,
സായുജ്യദായകമീ സുദിനം!
ആശീർവ്വദിപ്പൂ, അനുഗ്രഹിപ്പൂ ഞങ്ങൾ
പുതുകുടുംബം ധന്യമായിടട്ടേ.

2. ആയുരാരോഗ്യവും സമ്പൽസമൃദ്ധിയും
നേരുന്നു നിങ്ങൾക്കായ് ഞങ്ങൾ;
സ്വർഗ്ഗം പണിയുവിൻ ഈ ഭൂമിയിൽ തന്നെ;
പുത്രപൗത്രാദികളെന്നിവർക്കായ്.

3. ദൈവീക സാന്നിധ്യം വിസ്മരിച്ചീടല്ലേ,
ദൈവമക്കളായ് വാഴ്ക ഈ ഭൂമിയിൽ;
മണ്ണിൽ പണിയുന്ന ദൈവരാജ്യം തന്നെ
വിണ്ണിലും ദാനമായ് നാഥനേകും.

## ആരാധന

251

നാഥാ നീ തന്ന ജീവിതം,
ദാനമാം സൗഭാഗ്യജീവിതം;
ആയുസ്സിൽ നാളെല്ലാം ആരാധ്യനേ
അങ്ങയെ മാത്രം ആരാധിക്കും.

ആരാധിക്കും നിത്യം ആരാധിക്കും,
ആത്മനാഥാ അങ്ങേ ആരാധിക്കും;
ദാനമായേകുന്ന നന്മകളോർത്തെന്നും
ആത്മാവിലാരാധിക്കും.

1. ദുഃഖങ്ങൾ പേറുന്ന ജീവന്റെ നൗകയാം
ജീവിതത്തോണി തുഴഞ്ഞിടുമ്പോൾ,
ആരോരും തണ്ടു വലിച്ചു സഹായിക്കാൻ-
കാണുന്നില്ലേശുവേ നീയല്ലാതേ.

2. ആരും തുണയ്ക്കുവാനില്ലാത്ത വേളയിൽ
ഏകാന്ത രാവുകൾ പകലാക്കുമ്പോൾ;
കൂട്ടിനായെത്തുന്ന പ്രാണപ്രിയാനിന്നെ,
മറക്കുവാനൊരുനാളും ഇടയാക്കല്ലേ.

252

സത്യദൈവമേ, ഇഷ്ടപുത്രനാം
നിത്യരാജാവിൻ ഒപ്പം വാഴുവാൻ,
കൃപയാൽ എന്നെയും പ്രാപ്തനാക്കി നീ
നിത്യസ്നേഹത്താലെന്നും നയിക്കേണമേ.

1. സ്തുതിക്കുവാൻ യോഗ്യൻ നീ മാത്രമേ,
ആരാധിക്കുന്നൂ നിത്യം പ്രിയാ;
ആത്മാവാം ദൈവത്തോടൊപ്പം വസിക്കാൻ
വീണ്ടും ജനിച്ചോർ ആരാധിപ്പൂ.

2. നിത്യമാം ജീവനിൽ എത്തിച്ചേരാൻ
യേശുവിൻ ജീവനിൽ ചേർന്നിടേണം,
ലോകത്തെ ദൈവം സ്നേഹിക്കയാൽ
നിത്യജീവൻ തന്നു വീണ്ടെടുത്തു.



253

ദൈവമേ നിന്റെ സ്നേഹം മതി,
രക്ഷകാ നിന്റെ സ്നേഹം മതി;
ലോകം തരുന്നതാം സ്നേഹം വ്യാജം
നിർവ്യാജസ്നേഹം നീ മാത്രമേ.

1. ശത്രുവെപ്പോലും സ്നേഹിക്കാൻ കല്പിച്ച-
ദിവ്യമാം സ്നേഹത്തിനുടയവനേ,
ആരാധിക്കുന്നിതാ സംപൂജ്യനേ ഞങ്ങൾ
ആത്മാവിലും നിത്യ സത്യത്തിലും.

2. ആത്മാഭിഷേകം വാഗ്ദത്തം ചെയ്തോനേ,
ആത്മവരങ്ങൾ പകരേണമേ;
തിരുനാമം കീർത്തിക്കാൻ തിരുസേവ ചെയ്യാൻ
തിരുരാജ്യവർദ്ധനയ്ക്കായ് വരുന്നേ.

254

ആഹ്ലാദ ചിത്തരായാരാധിക്കാം,
ആത്മാവിൽ എന്നെന്നും ആരാധിക്കാം;
സമർപ്പണത്തോടെ നാം ആരാധിക്കാം,
സ്വർഗ്ഗം ഭൂമിയിൽ ഇറങ്ങിടട്ടേ.

1. ആരാധനപ്രിയൻ പരമപിതാവാം
ത്രിയേകദൈവത്തെ ആരാധിക്കാം,
പ്രത്യാശയോടെ നാം കാത്തിരിക്കുന്നോരു
നിത്യപിതാവിനെ ആരാധിക്കാം.

2. മണവാളനാമേശു മദ്ധ്യാകാശേ
ശുദ്ധരെ ചേർത്തിടാനെഴുന്നള്ളിടും,
ഒരുങ്ങിടാം സഹജരേ ദൈനം ദിനം
സത്യത്തിൽ സാക്ഷിയെ ആരാധിക്കാൻ.

## വിനയം

255

ദൈവത്തെയോർത്തെന്നും ജീവിക്കുവിൻ!
ശാന്തരായ് മുന്നേറുവിൻ!
തിരുനാമമെന്നെന്നും ഘോഷിച്ചു ജീവിച്ചു
വിനയത്തോടേശുവെ പിൻഗമിപ്പിൻ.

1. കർത്താവേ എന്നിലും എൻ മനം നിന്നിലും
ഏകമായ് തീർന്നീടുവാൻ,
ആശയാലോടുമെൻ കാലുകൾ ശക്തിയാൽ
താങ്ങി നീ എന്നെന്നും വഴി നടത്തൂ.

2. ഉപ്പുപോൽ പാകത്തിൽ മധുരിക്കുവാൻ
നിർമ്മലമാനസം നൽകീടുമോ?
പരനേ നിൻ ശാശ്വത സ്നേഹം പകർന്നെന്നിൽ
വിനയത്തിൻ ആത്മാവയയ്ക്കേണമേ.

3. ശിക്ഷകൾ നൽകിയെൻ കുറ്റമകറ്റിലും
ശാപത്തിലായ് തള്ളിക്കളയാത്തവൻ,
അന്ത്യത്തോളം കണ്ണുനീരോടു കർത്താവിൻ-
കണ്ണീർ കലർത്തിടും ശാന്തിയേകും.

## കുടുംബം

256

കുടുംബങ്ങളേശുവിൻ സമ്പത്തല്ലേ,
കുടുംബബന്ധങ്ങൾ തകർത്തിടല്ലേ;
കാരുണ്യവാനായ കാൽവരിനാഥന്റെ,
കാൽപാടു പിൻപറ്റി യാത്ര ചെയ്യാം.

1. ഒരിക്കലും വേർപെടാതാത്മനാഥൻ
മക്കളോടൊപ്പം നടന്നിടുമ്പോൾ,
ശത്രുവിൻ കോട്ടകൾ തകർത്തുവേണം
രക്ഷയിൻ സങ്കേതത്തെത്തീടുവാൻ.

2. ദൈവരാജ്യം സമീപത്തെത്തീടുവാൻ
ദൈവമക്കൾ കൂട്ടായെത്തിക്കണം,
കുടുംബങ്ങൾ സൗഹൃദം പങ്കുവെയ്ക്കിൽ
കുടുംബങ്ങളിൽ ദൈവരാജ്യമെത്തും.

3. ശത്രുവിൻ തന്ത്രങ്ങൾ ശ്രദ്ധയോടെ
ചെറുത്തുതോല്പിക്കാൻ ശക്തിനേടാം,
ആത്മമിത്രം പോലും ശത്രുവായാൽ
ആത്മനാഥൻ വേണം ശരണമായി.

## ആശ്വാസം

### 257

കണ്ണീരുകാണുന്നവൻ..
കരച്ചിലിൻ ശബ്ദം കാതോർത്തു കേൾക്കും,
ആശ്വാസദായകൻ മാറോടണയ്ക്കും
ഹാ! എത്ര ആശ്വാസമേ.

1. വിശ്രമമില്ലാതലഞ്ഞു തളർന്നാൽ
സങ്കേതമാകുന്നവൻ,
ആനന്ദദായകനേശുവെൻ ചാരേ
പുഞ്ചിരിതൂകി കടന്നുവരും.

2. യേശുവിൻ പൈതങ്ങളല്ലയോ നമ്മൾ,
ക്രിസ്തേശുവിൻ പൈതങ്ങൾ,
പ്രാർത്ഥിക്കുമോ നീ യേശുവെ നോക്കി
പ്രതികൂലങ്ങൾ അതിജീവിക്കാം.

## ആത്മമാരി

### 258

ശക്തീകരിക്കാത്ത മാരിയാലുള്ളം,
ശക്തീകരിച്ചു നവീകരിക്ക;
ആത്മദാഹത്താൽ വരണ്ട നിലങ്ങളിൽ
ആത്മാവിൻ മാരി അയയ്ക്ക നാഥാ.

1. തിരുവുള്ളമടിയാരിൽ നിറവേറ്റിടാനായ്
തിരുസ്നേഹജ്വാലയാൽ നിറയ്ക്കേണമേ,
അനുതാപമിഴിനീരാൽ തരളിതമാമെന്നിൽ
സ്നേഹാഗ്നി പടരാൻ കനിയേണമേ.

2. വെള്ളിയും പൊന്നുമെനിക്കില്ല പ്രിയാ
നന്മപകർന്നിടാനശിക്കുന്നേ;
പാപത്താലുള്ളം കാലുഷ്യമാണിന്നും,
മോചനമേകില്ലേ കൃപയാലെ നീ?

### 259

ആത്മമാരി നൽകിയിന്നനുഗ്രഹിക്കണേ,
ആത്മവരം സർവ്വവും വർഷിച്ചീടണേ;
അഭിഷേകം നിറയട്ടീ ധന്യ ജീവിതങ്ങളിൽ
കാഴ്ചയായർപ്പിക്കാം ഹൃദയങ്ങളെ.

1. തിരുസഭയ്ക്കനുയോജ്യമായുള്ള ജീവിതം
മെനഞ്ഞീടുവാൻ നാഥാ കൃപയേകണേ,
അനുദിനവും തിരുകൃപ വർണ്ണിക്കാൻ
സർവ്വേശ്വരാ വരം അരുളേണമേ.

2. അനുഗ്രഹം തവദാനമല്ലയോ താതാ?
ആത്മനാഥാ മക്കൾക്കേകില്ലയോ?
ആത്മവരം നൽകും നാളുകളാകട്ടേ-
അന്ത്യത്തോളം, തിരുസാന്നിദ്ധ്യവും.

### 260

നീയെന്റെ ദൈവമാണ് നാഥാ
നീയെന്നെ കൈവിടാത്ത ദൈവം!
കണ്ണീർ തുടയ്ക്കുന്ന ദൈവമാണേകനാം-
കാരുണ്യം കാട്ടുന്ന ദൈവം!

1. ആനന്ദമോടെന്നെ നിത്യം നടത്തുന്ന,
ശാലേമിൽ രാജനാണെന്റെ ദൈവം;
ആ ദിവ്യനാമം പുകഴ്ത്തി ഞാനെന്നും
യേശുവിൻ സാക്ഷിയായ് വേല ചെയ്യും.

2. കാഠിന്യമാനസം പേറിടുന്നോരേ,
കാരുണ്യമില്ലാത്ത സോദരങ്ങളേ,
ജീവന്റെ സംഘർഷമൊപ്പൊഴും പ്രാണനിൽ-
തീയിടാതെന്നെന്നും കാത്തുകൊള്ളണേ.

3. ആത്മഭാരത്തോടെ സാക്ഷ്യമായ്ത്തീരാൻ
നിത്യവും വാഞ്ഛയോടെ കരുതുന്നോനേ,
ശാന്തിയായ്, ഉള്ളത്തിൽ ഇറങ്ങേണമേ,
ആത്മമാരി വർഷിച്ചു ശക്തനാക്കണേ.

## വീണ്ടെടുപ്പ്

### 261

ആയിരം നാവുകൾ ഇല്ലെനിക്കെന്നാലും
ആയിരത്തിൽപരം ഗാനങ്ങൾ പാടും;
ആരാരും പാടിയിട്ടില്ലാത്ത രാഗങ്ങൾ
ആത്മാവിൽ നിന്നു ഞാൻ പാടും.

1. പെരുവെള്ളത്തിന്റെ ഇരച്ചൽപോലേയും
ഇടിമുഴങ്ങും നാദം പോലേയുമേ,
വൈണികന്മാർ വീണമീട്ടുന്നപോലല്ലോ
സ്വർഗ്ഗത്തിൽ നിന്നുള്ള ഘോഷം!



2. സിംഹാസനത്തിനും മൂപ്പന്മാർക്കും നാലു-
ജീവികൾക്കും മുമ്പിൽ പാടും;
നൂറ്റിനാല്പത്തിനാലായിരം പേരുള്ള
ഗായകസംഘത്തിൽ പങ്കുചേരും.

3. കുഞ്ഞാടു പോകുമ്പോൾ പിൻഗമിച്ചീടുന്ന-
കന്യകയായന്നുമാറും;
വീണ്ടെടുക്കപ്പെട്ട കൂട്ടത്തിൽ ഭോഷ്കും-
കളങ്കവുമില്ലാതെ പാട്ടുപാടും.

### 262

അറിവിന്നുടയവനേ, കരുണയിന്നുറവിടമേ,
അജഗണമായിരമായിരമായ്
തിരുമുൽക്കാഴ്ചയുമായിതാ;
സ്വീകരിക്കണമേ ദാസരെ സവിധേ,
അനുഗ്രഹപൂർണ്ണരായ് മാറ്റേണമേ;
ദിനവും അനുഗ്രഹമാക്കേണമേ.

1. ദൈവമേ അവിടുത്തെ സ്നേഹത്തിൽ നിന്നും
തെറ്റിയൊഴിഞ്ഞവർ ഭാഗ്യഹീനർ,
കാൽവരിക്രൂശിൽ ചൊരിഞ്ഞ നിണത്താൽ
വീണ്ടെടുത്തതിനാൽ നന്ദി നാഥാ.

2. ദൈവമേ അവിടുത്തെ വചനത്തിൽ ഞങ്ങൾ
ആശ്രയം വയ്പൂ, കനിയേണമേ;
വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലോ?
കൃപയാൽ പ്രാപിക്കാം അനുഗ്രഹങ്ങൾ.

3. ദൈവമേ ദാനങ്ങൾ ത്യജിച്ചവർ ഞങ്ങൾ,
അവിവേകമെല്ലാം ക്ഷമിക്കേണമേ;
മടങ്ങിവരുന്നേ തൃപ്പാദേ ഞങ്ങൾ,
വീണ്ടെടുക്കേണമേ പ്രിയ താതനേ.

## പരിശുദ്ധാത്മാവ്

### 263

കുശവന്റെ കരങ്ങളിൽ കളിമണ്ണായ് മാറുകിൽ,
മെനഞ്ഞിടും അനുരൂപ പാത്രങ്ങളായ്;
സമർപ്പിച്ചിടാമീ, സുന്ദരനിമിഷത്തിൽ;
സമ്പൂർണ്ണമായ് തിരു സന്നിധിയിൽ.

1. പകരേണ്ടയോ വീണ്ടും പരിശുദ്ധാത്മാവിനെ?
ഉണരൂ, വേഗമെന്നോതിടുന്നോൻ,
ചാരത്തിരുന്നു നിന്നിംഗിതം കണ്ടുകൊ-
ണ്ടാദരവോടവൻ ചോദിക്കുന്നു.

2. മകനേ കരടുകൾ പുറത്തെറിഞ്ഞീടാൻ
കരങ്ങളിൽ സദയം സമർപ്പിക്കുമോ?
മാനപാത്രം തന്നെ ചമയ്ക്കട്ടെയോ നിന്നിൽ?
സഹിക്കുകെൻ മർദ്ദനതാഡനങ്ങൾ.

3. കരടുകളാകെയും നീക്കിയെന്നാകിലേ,
ചോർച്ചയില്ലാതുള്ള പാത്രമാകൂ;
പരിശുദ്ധാത്മാവുള്ളിൽ നിറഞ്ഞിടാനായ്
ചോർച്ചയില്ലാത്തോരായ് മാറിടേണം.

### 264

ഇവിടെയും പ്രാർത്ഥന ശക്തമാകും,
ഇവിടെയും ആത്മാവു പ്രവർത്തിച്ചിടും;
ഇവിടെയുമാത്മാവിൻ സദ്ഫലങ്ങൾ-
ഇടതടവില്ലാതെ പുറപ്പെട്ടിടും.

1. ഇവിടമാണാത്മാവിനാവാസ കേന്ദ്രം,
ഇവിടെയാണെന്നുടെ പ്രിയന്റെ വാസം;
ഇവിടമാണാത്മാവു മാരിപോൽ പെയ്യുന്ന-
ഇതിഹാസഭൂമിയായ് മാറുന്നിടം.

2. ഇവിടമാണെന്നുടെ ഹൃദയത്തിന്നാരാമം,
ഇവിടെപ്പണിയേണം ദൈവരാജ്യം;
ഇവിടുത്തെ ജനമെന്റെയൊപ്പമുയർന്നിടാൻ-
ഇവിടെയർപ്പിക്കുമെൻ പ്രാർത്ഥനകൾ.

### 265

പ്രത്യാശയോടിതാ അരികേ വരുന്നു,
കൃപയുടെ മാരിയാൽ കഴുകേണമേ;
പ്രാർത്ഥന കേട്ടു നിൻ മക്കൾക്കു ശാന്തിയും-
അനുഗ്രഹവർഷവും തന്നിടേണം.

1. ആരാധിക്കുന്നിതാ വിനയമോടങ്ങയെ,
അഭിഷേകത്താൽ നിത്യം ധന്യരാക്കൂ;
ആത്മാവിൻ ശക്തമാം പ്രവൃത്തികൾ ഞങ്ങളിൽ
വെളിപ്പെടുത്തൂ ആദി സഭയിലെപ്പോൽ.

2. കൂരിരുൾ താഴ്‌വര തന്നിൽ നടക്കാതെ
സത്യപ്രകാശത്തിൻ വഴിയേ ഞങ്ങൾ,
സദ്വാർത്താവാഹകരായിടാം നാഥാ,
അവിടുന്നു ഞങ്ങളോടൊപ്പം വേണം.

## 266

പരിശുദ്ധാത്മാവാകും കാര്യസ്ഥനെപ്പോഴും
പാപബോധം നൽകി വഴി നടത്തും,
അർഹമാം സ്ഥാനമതിനേകാത്ത ജീവിതം
ജയജീവിതത്തെയസാദ്ധ്യമാക്കും.

1. പാപത്തെ ലാഘവബുദ്ധിയാൽ കാണല്ലേ?
വചനം ഹൃദയത്തിൽ സംഗ്രഹിക്കൂ;
ദണ്ഡിപ്പിക്കേണം ശരീരത്തെയാകെയും
അടിമയാക്കീടുവാൻ ബോധപൂർവ്വം!

2. നിത്യമാം വാസസ്ഥലത്തേയ്ക്കു ചെല്ലുവാൻ
ശുദ്ധമാം ജീവിതം തന്നെ വേണം;
ദൈവത്തെയോർത്തെന്നും ജീവിക്കുകിൽ ശത്രു-
താളടിയാക്കില്ല നിശ്ചയമായ്.

## 267

ദൈവത്തിൽ നിന്നും അകന്നുപോയാൽ
നിശ്ചയം നീ പാപം ചെയ്തുപോകും;
ആത്മരോദനത്താൽ വേദന പേറീ-
ട്ടൊരിക്കലും രക്ഷ നേടില്ലതോർക്ക.

1. പരിശുദ്ധ റൂഹാ എഴുന്നള്ളിടുമ്പോൾ
ഉള്ളത്തിൽ ആവസിക്കുമ്പോൾ,
ചലിച്ചിടും നിശ്ചല ജീവിതങ്ങൾ
ചുറ്റിലും സാക്ഷ്യമായ് മാറിടും നീ.

2. ഒരിക്കലും ഇനിമേൽ നന്മയില്ലെന്നു നിൻ-
ജീവിതം കാണുവോർ വിധിച്ചുവെന്നോ?
പ്രാർത്ഥനയാലുള്ള അഭ്യാസം നിന്നെ
അജയ്യനായ് തീർത്തിടും നിശ്ചയമേ.

## 268

ദൈവീകരക്ഷയും കരുതലും പ്രാപിച്ചു
ദൈവീകശുശ്രൂഷ ചെയ്യുന്നോരേ,
യേശുവെക്കാണുവാൻ സാക്ഷ്യം വഹിക്കാൻ
രൂപാന്തരത്താൽ പരിശ്രമിക്കാം.

1. പാപത്തിൻ മാലിന്യം കുടികൊള്ളും മർത്യന്റെ-
അന്തരാത്മാവിൻ ചിന്തകൾ പോലും,
സൂക്ഷ്മമായ് അറിയുന്ന ദൈവപുത്രൻ
സംരക്ഷയേകാനായ് കൂടെയുണ്ട്.

2. താണനിലത്തിലെ നീരോട്ടം പോലെ
താഴ്മയുള്ളോരായ് മാറീടുമെങ്കിൽ
കുത്തൊഴുക്കെന്നപോൽ ആത്മാവുള്ളിൽ
നിമിഷാർദ്ധത്തിൽ വന്നു കുട്ടുകൂടും.

3. ജീവൻ വച്ചീടുന്ന ജീവിതങ്ങൾ ചുറ്റും
ചലിക്കുന്ന കാഴ്ച നാം കണ്ടിടുമ്പോൾ,
ആത്മാവിലാനന്ദം കൈവരിച്ചേശുവിൻ
വത്സലശിഷ്യരായ് മാറീടും നാം.

## 269

പാപാന്ധകാരത്തിൽ ആഴ്ന്നുപോയോരേ,
സ്വാതന്ത്ര്യം നൽകുന്നു ദൈവപുത്രൻ;
സത്യത്തിൻ സാക്ഷിയായ് ലോകത്തിൽ വന്നവൻ
വാരിപ്പുണർന്നേകും നിത്യ രക്ഷ.

1. സ്നേഹാത്മാവേ വന്നു വീശേണമേ
ആശിഷമാരി പോൽ ഞങ്ങളിൽ നീ,
സ്നേഹിക്കുവാൻ നിന്നെ മാനിക്കുവാൻ
നൽവരം നൽകിയനുഗ്രഹിക്കൂ.

2. ആർക്കുമെൻ ചാരത്തണഞ്ഞിടാമോർക്ക നീ,
നിത്യേന പാർക്കാം നിന്നുള്ളിൽ ഞാൻ;
സ്വീകരിച്ചുള്ളിൽ വസിപ്പിക്കുകിൽ നിങ്ങൾ
പ്രിയമക്കളെപ്പോലെ ശോഭിച്ചിടും.



3. ആനന്ദസാഗരതീരം നിങ്ങൾക്കു ഞാൻ
നിത്യേന അവകാശമായി നൽകും,
ചാപല്യമെല്ലാം വെടിഞ്ഞിടേണം നിങ്ങൾ
സാത്താനെ ജയിക്കേണമന്ത്യം വരെ.

## 270 അവിവേകം

അവിവേകം കാണിക്കല്ലേ സോദരരേ,
അവിവേകം കാണിക്കല്ലേ.
വാക്കിലും പ്രവൃത്തികൾ തന്നിലും നിങ്ങൾ
അവിവേകം കാണിക്കല്ലേ.

1. മിര്യാമിൻ നിസാര വാക്കുകൾ ദൈവം
കേട്ടുടൻ കുഷ്ഠത്താൽ ബാധിതയായ്,
ദൈവത്തിൻ മക്കളെ മാനിക്കാത്തോരേ,
ഓർത്തുകൊള്ളേണമീ വചനങ്ങളെ.

2. ക്രിസ്തുവിൽ മരിക്കുന്ന സൗഭാഗ്യമെത്രയോ-
നിത്യാനന്ദം നൽകും, ഓർത്തിടേണം;
അവിവേകത്തോടെ നീ അധരം തുറക്കുകിൽ
നാഥൻ ക്ഷമിക്കില്ലധിക കാലം.

## 271 സമാധാനം

യാഗം പ്രസാദമായ് തീരേണമെങ്കിൽ,
മേൽത്തരമായ് തന്നെ അർപ്പിക്കേണം;
അധരയാഗത്താൽ ദൈവം പ്രസാദിക്കും
സത്യവും സ്നേഹവും വീക്ഷിച്ചിടും.

1. സമാധാന സന്ദേശം കൃപയോടെയാകട്ടേ,
ശത്രുവെപ്പോലും മിത്രമായ് മാറ്റാം;
സർവ്വേശ്വരൻ തുണയേകീടുമെന്നും,
ക്രിസ്തുവിൻ സാക്ഷ്യം വെളിപ്പെടുത്താം.

2. രുചി പകർന്നീടുന്ന വാക്കുകൾ ചൊല്ലീട്ടു-
സൗഖ്യദായകരാകാം വിശ്വസ്തരായ്,
യോഗ്യമായീടട്ടേ വാക്കുകളൊക്കേയും,
ക്രിസ്തുവിൻ സാക്ഷ്യം വെളിപ്പെടുത്താം.

## 272 നന്മ

വിശ്വസ്തദാസനേ എന്നുള്ള വിളി കേൾക്കാൻ
നിരന്തരം യത്നിച്ചിടാമോ?
അല്പത്തിൽ വിശ്വസ്തരായിരുന്നാൽ നമ്മെ-
അധികത്തിനേശു വിചാരകരാക്കും.

1. താലന്തുകൾ നമ്മെ ഏല്പിച്ചിടുന്നവൻ
വർദ്ധിപ്പിക്കേണമെന്നാശിക്കുമ്പോൾ,
ദാനമായ് നൽകിയ നന്മകൾ മണ്ണിൽ-
മൂടുന്ന ദുഷ്ടരായ് മാറിടാമോ?

2. ദൈവത്തിൻ മനസ്സിന്റെ ആഴമറിഞ്ഞുനാം
അവനായി ജീവിതം സമർപ്പിച്ചിടാം,
ആകുലമെല്ലാം വെടിഞ്ഞു നാം നാഥന്റെ-
സേവകരായെന്നും മുന്നേറിടാം.

## 273

വഴിയിൽവച്ചു നാം നശിച്ചു പോകാതെ
പുത്രനാം ക്രിസ്തുവെ ചുംബിച്ചിടാം,
അനുപമസ്നേഹത്തിൻ ഔദാര്യ ദാനത്താൽ
ക്രിസ്തുവിൻ പിൻപേ യാത്ര ചെയ്യാം.

1. കല്പനകൾ നിത്യം സൂക്ഷിക്കുകിൽ നാം
ലജ്ജിക്കില്ലൊരുനാളും ലജ്ജിക്കില്ല,
ജീവിതയാത്രയിൽ പ്രതികൂലമേറുമ്പോൾ
കരുത്തേകുവാനായ് യേശുവുണ്ട്.

2. മാമോനെയും സത്യദൈവത്തേയും
ഒരുപോലെ സേവിക്കാൻ സാദ്ധ്യമാമോ?
നേർവഴികാട്ടിടും നിത്യദൈവത്തിൽ-
അർപ്പിക്കാം ഹൃദയങ്ങൾ നന്മ നേടാൻ.

## 274

ഹൃദയത്തിൽ കാപട്യം നിറഞ്ഞവരേ,
ഹൃദയങ്ങൾ ശോധന ചെയ്യും ദൈവം;
വ്യാജമായ് ദൈവത്തോടടുത്തിടുന്നോർ
ദൈവത്തിൻ പൊൻമുഖം കണ്ടീടുമോ?

1. വ്യാധികളില്ലാത്തോർ സുന്ദരരൂപികൾ
ഹൃദയത്തിൽ ബാധിതർ വ്യാകുലരായ്,
അയ്യം വിളിച്ചെത്ര ദിനരാത്രങ്ങൾ
എണ്ണി നീക്കീടുന്നു ദൈന്യരായി.

2. നന്മയ്ക്കായ് മാത്രം ദുഃഖങ്ങൾ പേറുകിൽ
നിശ്ചയമായ് നന്മ കൈവരിക്കും,
തിന്മകൾ ഓടിയൊളിക്കുന്ന നാളുകൾ
സ്വാഗതം ചെയ്യാനായ് കാത്തിരിക്കാം.

## 275

ദൈവത്തിന്നാത്മാവു വാദിക്കും കാര്യങ്ങൾ
കാതോർത്തു കേൾക്കുമോ സോദരരേ?
സാത്താന്റെ തന്ത്രങ്ങൾ തിരിച്ചറിഞ്ഞേ തീരൂ,
ആത്മാവിലാനന്ദം പ്രാപിക്കുവാൻ.

1. മനുഷ്യന്റെ ദൗർബ്ബല്യമറിയുന്ന ദൈവം
മർത്യനേകീടുന്നു നന്മയെല്ലാം;
നന്മകൾ തിരിച്ചറിഞ്ഞീടുവാൻ കഴിയാത്തോർ
തിന്മകൾ തേടി പുറപ്പെടുന്നു.

2. ആത്മാവു നേർവഴി കാട്ടിയെന്നാലും
നെട്ടോട്ടമോടുന്നു സ്വാർത്ഥരായി,
ആരെതിർത്താലും ആത്മാവെ പിൻപറ്റി-
യാത്ര ചെയ്വോർ നിത്യരാജ്യം പൂകും.

## 276 ശാഠ്യം

മത്സരം ആഭിചാരദോഷം പോലെ,
ആകയാൽ ശാഠ്യം വെടിഞ്ഞീടുക;
ദൈവത്തിന്നഭിഷിക്തർക്കെതിരായി നീ-
കരമുയർത്തീടാൻ തുനിഞ്ഞിടാതെ.

1. കർത്താവേ അങ്ങയെ ഉപദ്രവിച്ചോർ ഞങ്ങൾ-
അന്യായമാർഗ്ഗങ്ങൾ വെടിഞ്ഞിടുന്നേ,
മടങ്ങി വന്നീടുന്നേ തൃപ്പാദപീഠേ,
കൃപ തോന്നി ഞങ്ങളെ സ്വീകരിക്കൂ.

2. അവിടുന്നു മാത്രം, ഞങ്ങൾക്കുമതി നാഥാ,
അഭിഷേകം നൽകി നീ നിലനിർത്തുകിൽ;
തിരുനാമം ഘോഷിച്ചു നിൻ കീർത്തിയെ,
ജാതികൾ മദ്ധ്യേ വെളിപ്പെടുത്താം.

## 277 ആകുലത

ഈ ജീവിതം എത്ര ഭയങ്കരമേ!
ഈ ജീവിതം എത്രയോ ദുസഹമേ,
ദൈവമക്കൾ നിത്യം സാത്താന്യ പീഡയാൽ
വലഞ്ഞിതാ തകർന്നിടുന്നേ.

1. സത്യവും നീതിയും കാത്തുസൂക്ഷിക്കുവാൻ
നിത്യവും യാതന സഹിച്ചിടുന്നേ,
ധൈര്യമെല്ലാം ചോർന്നു പോകയാണോ എ-
ന്നാകുലത്താൽ മനം നീറിടുന്നേ.

2. ശുദ്ധിയോടെന്നെന്നും തൃപ്പാദസേവയിൽ
വ്യാപരിച്ചിടുവാൻ കാംക്ഷിക്കുന്നേ,
നിഷ്കരുണം ശത്രുസൈന്യത്തിൻ പീഡയാൽ
ആക്രമിക്കപ്പെട്ടു തളർന്നിടുന്നേ?

## 278 മദ്യം

സ്വർഗ്ഗീയ കുടുംബങ്ങൾ നരകമാക്കീടുന്ന
മദ്യപാനത്തിന്റെ തലമുറയേ,
നിങ്ങൾക്കു മുന്നിലായ് നീറിപ്പുകയുന്നു
അമ്മ പെങ്ങന്മാർ മക്കളെല്ലാം.

1. ദാനമായ് ദൈവം നൽകിയ സമ്പത്തും
സ്ഥാനമാനങ്ങളും നശ്വരമേ;
മദ്യവും കഞ്ചാവും മറ്റുള്ള ധൂർത്തും
ദൈവത്തെയോർത്തു നീ വിട്ടുകൊൾക.

2. ദാരിദ്ര്യദുഃഖം വിതയ്ക്കുന്ന വിത്താണു-
മദ്യമെന്നോർത്തു നീ പിൻതിരിയൂ
നന്മയായുള്ളതോർപ്പിച്ചിടുന്നിപ്പോൾ
മനം തിരിഞ്ഞേശുവെ പിൻപറ്റുമോ?